പുസ്തകം 8 ലക്കം 6
മെയ് 2018
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകത്തത്വ

Eka Thathwa

മാസിക



**ആത്മീയത ഒരു മരമെങ്കിൽ,
അതിലെ ഓരോ ചില്ലകളാണ് ഓരോ മതവും!**






# ജ്ഞാനപ്പാന തെലുങ്കിലേയ്ക്ക്

**പായിപ്ര രാധാകൃഷ്ണൻ**
**9447575156**

പൂന്താനത്തിന്റെ കാലാതിവർത്തിയായ കാവ്യമാധുര്യം തെലുങ്കിലേയ്ക്കും മൊഴിമാറ്റം ചെയ്യപ്പെട്ടിരിക്കുന്നു. വിശാഖപട്ടണത്തെ മലയാളിയും പ്രശസ്ത തെലുഗു സാഹിത്യകാരനും സാഹിത്യ അക്കാദമി പുരസ്കാര ജേതാവുമായ എൽ. എർ. സ്വാമിയാണ് ജ്ഞാനപ്പാന തെലുഗിലേക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. വിശാഖപട്ടണം കേരള കലാസമിതിയിൽ നടന്ന സാഹിത്യസദസ്സിൽ പൂന്താനം ഭാഷാകേന്ദ്രം ഡയറക്ടറും കേരള സാഹിത്യ അക്കാദമി മുൻസെക്രട്ടറിയുമായ പായിപ്ര രാധാകൃഷ്ണന് പരിഭാഷകനായ എൽ. ആർ. സ്വാമി തെലുങ്ക് ജ്ഞാനപ്പാനയുടെ പ്രഥമകൃതി സമർപ്പിച്ചു. ചടങ്ങിൽ കേരള കലാസമിതി പ്രസിഡണ്ട് കെ. ശശിധരൻ അദ്ധ്യക്ഷത വഹിച്ചു. കവി മധുസൂദനൻ നായർ, രാവുണ്ണി, ശ്രീലത വർമ്മ എന്നിവർ സംബന്ധിച്ചു. പ്രൊഫ. സി. എസ്. കൃഷ്ണദാസിന്റെ ആമുഖത്തോടെ ചെന്നൈ ശ്രീ അയ്യപ്പ ഭക്ത സഭയാണ് ഈ തെലുഗു ജ്ഞാനപ്പാന പ്രസിദ്ധീകരിച്ചിരിക്കുന്നത്.




പാലക്കാട്: 2018 ഏപ്രിൽ 15ന് 3 മണിക്ക് ഹോട്ടൽ ഗസാലയിൽ വെച്ച് **ശ്രീ. പൂവത്തിങ്കൽ ഭാസ്ക്കരൻ സാറുടെ കുമ്പാരൻകട്ടിയിൽ നിന്ന് കലക്ടറേറ്റിലേക്ക്** എന്ന ആത്മകഥയുടെ പ്രകാശനവും കവിയരങ്ങും നടന്നു. ഫോട്ടോയിൽ ഇടത്തുനിന്ന് ശ്രീ. എൻ. ജി. ജോൺസ്സൺ (ചിത്രകാരൻ, ആർട്ട് - എഫ്യൂഷൻസ് ഗ്ലോബൽ) ശ്രീ. മുരളീധർ കൊല്ലത്ത് (കവി, കുഞ്ഞുണ്ണി മാഷുടെ ശിഷ്യൻ) ശ്രീ. പൂവത്തിങ്കൽ ഭാസ്ക്കരൻ (റിട്ട. ഡെപ്യൂട്ടി കലക്ടർ) ശ്രീ. പ്രേംനാഥ് (സീനിയർ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ, സെക്രട്ടറി വിശ്വാസ്) ശ്രീ. മോഹൻദാസ് ശ്രീകൃഷ്ണപുരം (സാഹിത്യകാരൻ) ശ്രീ. ഇ. ടി. മുരളീധരൻ, എഡിറ്റർ ഏക തത്ത്വ എന്നിവർ.

₹ 15

# ഏക തത്ത്വ

## മാസിക

**പുസ്തകം 8 ലക്കം 6**

**മെയ് 2018**

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**കവർ ഫോട്ടോ**
ജോൺ ജോൺ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം

**Eka Thathwa, Post Box No. 70**
**Palakkad 678 001**

**വരിസംഖ്യ**
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട**
**വിലാസം :**

E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**
**Website: www.ekathathwa.com**



# ഉള്ളടക്കം

**ഗുരു**
7 – വേണ്ടേ നമുക്കും നന്ദി

**ലേഖനം**
8 – ആക്ടീവ് വോയ്സും പാസ്സീവ് വോയ്സും – എം. എം. മേനോൻ
9 – തെറ്റും കുറ്റബോധവും – എടപ്പാൾ സി. സുബ്രഹ്മണ്യൻ
11 – പ്രാർത്ഥന എന്നത് കർമ്മമാണ് – ചെറിയാൻ തോട്ടുങ്കൽ
12 – പൂജ്യം നിസ്സാരക്കാരനല്ല – പി. ആർ. ജോസ്
15 – നാട്ടിൻപുറത്തിന്റെ നന്മകൾ – ടി. വി. ഹരികുമാർ
16 – ലോകത്ത് എത്ര ദൈവമുണ്ടാകും – വിജയൻ കല്ലട
22 – കുടുംബം ഒരു സ്നേഹാലയം – ജോസഫ് പൂതക്കുഴി
24 – സ്വാശ്രയവിദ്യാഭ്യാസം ചൂഷണമോ ? – അശോപ്പി ചേർത്തല
42 – ഗവ. മോയൻ എൽ. പി. സ്കൂൾ മികവുത്സവം – സജി മാഷ്

**കഥ**
26 – വിധിയുടെ വിളയാട്ടം – ടി. വി. നാരായണൻകുട്ടി
30 – നിസ്സഹായത – അരവിന്ദൻ
33 – വിഡ്ഢിവേഷം – ജനാർദ്ദനൻ പി. വണ്ടാഴി
37 – നോക്കുകൂലി – കൃഷ്ണ എഴക്കാട്
37 – എന്റെ ചോദ്യം, അതിർത്തികൾ – സുരേഷ് തെക്കീട്ടിൽ
40 – നിത്യകല്യാണി – ടി. കെ. ഉണ്ണികൃഷ്ണൻ
40 – പരാതി – ചന്തിരൂർ താഹ
41 – ഒരു തളിർക്കുളിർ – പ്രമോദ് മഞ്ചേരി

**കവിത**
8 – ഗുരു – അജയ് ബാലചന്ദ്രൻ
12 – സ്വാർത്ഥത – ശ്രീജ ജയചന്ദ്രൻ
15 – തക്കാളി – നിഷ മണ്ണാർക്കാട്
16 – കാട്ടുതീ – എം. അൽഖാഫ്
21 – ഞാൻ – വാസന്തീ മോഹൻ
25 – പ്രേമപൂജ – മായാ വേണു
31 – മനസ്സ് – എം. കെ. ശശിധരൻ
32 – നീതിവിധി – പ്രശാന്തി രാമൻ
32 – പരേതന്റെ മൊഴികൾ – സിൽവിയ ജോബീഷ്
34 – പ്ലാവിലക്കഞ്ഞി – കമർ അഷ്ക്കർ
38 – വാട്ട്സാപ്പ് – ഉല്ലല ബാബു
39 – പുതുവർഷം – രാധാ കണ്ണൻ

**കതിരും പതിരും**
10 – പുതുച്ചൊല്ലുകൾ – സൈനുദീൻ മുണ്ടക്കയം

**സ്മരണ**
13 – മറക്കാനാവാത്ത യാത്ര – സുകുമാരൻ നെല്ലാനിക്കാട്
17 – എന്റെ അഭിനയസ്മരണകൾ – മുക്കം ഭാസി

**മഹാത്മ**
14 – കർമ്മത്തിലൂടെ വ്യായാമം – ബിന്ദു . കെ

**വ്യക്തിപരിചയം**
19 – നല്ല പാഠം – മുരളീധർ കൊല്ലത്ത്

**ആരോഗ്യം**
20 – ആതുരസേവനം ഇങ്ങിനെയോ – ഡോ. സി. രാമകൃഷ്ണൻ

**ബാലപാഠം (മുതിർന്നവർക്ക്)**
23 – ഇന്ത്യയിലെ മൊഴയും ഭൂമിയിലെ പേനുകളും – കെ. വിജയകുമാരൻ

**പാചകം**
32 – ബ്രഡ് റോൾ – പി. എൻ. ഗംഗാലക്ഷ്മി

**പുസ്തകപരിചയം**
38 – പ്രിയപ്പെട്ട കുഞ്ഞമ്മായിക്ക് – അശോകൻ രാജീവം
39 – നാട്ടിടവഴികളിലെ മരത്തണലുകൾ – എം. എൻ. ലതാദേവി



# ആത്മീയത ഒരു മരമെങ്കിൽ അതിലെ ഓരോ ചില്ലകളാണ് ഓരോ മതവും !

ഇ. ടി. മുരളീധരൻ

ആ ചൂലെടുക്കൂ

എന്തിനാ ?

നിനക്ക് രണ്ട് തരാനാ.

കൂടോത്രത്തെക്കുറിച്ച് നിനക്ക് പറഞ്ഞുതരാം.

എന്തിനാ?

എങ്കിലേ എന്റെ കൂടോത്രങ്ങൾ നിന്നിൽ ഫലിക്കൂ.

നിങ്ങളെല്ലാവരും കൂടി എന്നെ നേതാവാക്കൂ, ഭരണാധികാരിയാക്കൂ. എന്തിനാ? എന്നിട്ടുവേണം നിങ്ങളെ എനിക്ക് ഊറ്റിക്കുടിക്കാൻ, ചവിട്ടി മെതിയ്ക്കാൻ, ശരിയാക്കാൻ.

മതവും ആത്മീയതയും എന്തിനെന്നറിയാത്ത കുറേ ആളുകൾ എല്ലാ മതത്തിലും വലിഞ്ഞുകയറി മറ്റുള്ളവരെ പറഞ്ഞുപറ്റിച്ച് ഭരിക്കാൻ വന്നിരിക്കുകയാണ് രാഷ്ട്രീയക്കാരനെപ്പോലെ അതുമല്ലെങ്കിൽ രാഷ്ട്രീയക്കുപ്പായവുമിട്ട്. ആത്മീയതയേയും മതത്തേയും അതിന്റെ പാട്ടിനുവിടു. അതൊരു സ്വകാര്യതയാണ്. ഇഷ്ടമുള്ളത് സ്വീകരിക്കാനും ഇഷ്ടമില്ലാത്തത് നിരാകരിക്കാനും ഏവർക്കുമിവിടെ സ്വാതന്ത്ര്യമുണ്ട്.

എല്ലാറ്റിനും കാരണങ്ങളുണ്ട് എന്ന അറിവ്, തിരിച്ചറിവ് അതുമല്ലെങ്കിൽ ചിന്ത നമ്മേ നന്മയിലേയ്ക്ക് നയിക്കും. നീ ഹിന്ദുകുടുംബത്തിൽ പിറക്കാനും അവൻ മുസ്ലീം കുടുംബത്തിൽ പിറക്കാനും അതുപോലെ പലരും പല വ്യത്യസ്ത മതങ്ങളിലും ഗോത്രങ്ങളിലും ജാതിയിലും പിറക്കാനും കാരണങ്ങളുണ്ട്. ദൈവത്തെ വിശ്വസിക്കുന്നവർ പലപ്പോഴും മറന്നുപോകുന്ന കാര്യമാണിത്. രാഷ്ട്രീയ പാർട്ടികൾ ശക്തി പ്രകടനങ്ങളും ശക്തി തെളിയിക്കലും നടത്തുന്നതുപോലെ കുറേ കാലങ്ങളായി മതവും ജാതിയും ഗോത്രവും എല്ലാം പരസ്പരം മത്സരിക്കുന്നു. അ് ഒരുതരം വിവരക്കേടു തന്നെയാണ്. രാഷ്ട്രീയ പാർട്ടികൾക്ക് മത്സരിക്കാം പക്ഷെ മതവും ജാതിയും ഗോത്രവും ഒന്നും മത്സരിക്കാൻ പാടില്ലാത്തതാണ്. കാരണം ആത്മീയ പാതയിൽ മത്സരങ്ങളില്ല. ശാന്തിയും സമാധാനവും മാത്രമേയുള്ളു. ക്ഷമയായിരിക്കണം അവരുടെ കൈമുതൽ. എല്ലാറ്റിനേയും സൃഷ്ടിച്ചത് ഒരേ ദൈവമാണെന്ന് പോലും തിരിച്ചറിയാതെ പലവിധ ആരാധനയും കൊണ്ട് ഇറങ്ങിയിരിക്കുകയാണ് പലരും, മറ്റുള്ളവരുടെ മേലെ അടിച്ചേൽപ്പിക്കാൻ. ഒരാൾക്ക് മനസ്സിലാക്കാൻ വിധിക്കപ്പെട്ടിട്ടില്ലാത്തതൊന്നും മറ്റൊരാളെക്കൊണ്ട് വിശ്വസിപ്പിക്കാനോ മനസ്സിലാക്കിപ്പിക്കാനോ കഴിയില്ല കാരണം അവൻ അങ്ങിനെ ജീവിക്കാൻ വേണ്ടി സൃഷ്ടിക്കപ്പെട്ടവനാണ്. ഇത്തരക്കാർ എല്ലാ മതത്തിലും രാഷ്ട്രീയ പാർട്ടികളിലും എല്ലാ ഇടങ്ങളിലുമുണ്ട്. അവരെ വെച്ചാണ് ചിന്തിക്കുന്ന മനുഷ്യർക്ക് ദൈവം ദൃഷ്ടാന്തങ്ങൾ ഒരുക്കിയിരിക്കുന്നത്. അതുകൊണ്ടുതന്നെ അവർ ഇവിടെ ആവശ്യമാണ്, നല്ലതാണ്. നമുക്ക് പഠിക്കാൻ വേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ്. അവരെവെച്ച് മറ്റുള്ളവരെ വിലയിരുത്താൻ ശ്രമിക്കുമ്പോഴാണ് കുഴപ്പം. ദൈവത്തിന്റെ പദ്ധതി പ്രകാരം നമുക്ക് അനുവദിക്കപ്പെട്ടവ മാത്രമേ നമുക്ക് ചെയ്യാനാകൂ. സൃഷ്ടാവിന്റെ പദ്ധതി മാറ്റാൻ ആർക്കുമാവില്ല. അതുകൊണ്ട് എല്ലാറ്റിനേയും ഉൾക്കൊള്ളുക.

എന്തുകൊണ്ട് ദൈവത്തിൽ വിശ്വസിക്കണം? തെറ്റുകൾ ചെയ്യാതിരിക്കാൻ, ദുഃഖത്തിൽ തളരാതിരിക്കാൻ, മറ്റുള്ളവരുടെ വേദന മനസ്സിലാക്കാൻ, എന്നേക്കാളും നല്ല വ്യക്തികൾ ഉണ്ടെന്നറിയാൻ, മറ്റുള്ളവർക്കും വലിയ പ്രശ്നങ്ങളും ദുഃഖങ്ങളും ഉണ്ടെന്നു മനസ്സിലാക്കാൻ, പഠിക്കാൻ. ഒരാളെപ്പോലും വിശ്വസിക്കാൻ കഴിയണമെങ്കിൽ നമ്മുടെ ഉള്ളിലൊരു ദൈവവിശ്വാസവും കൃപയുമുണ്ടാവണം.

മതം നല്ലതാണ്. ജീവിതത്തിൽ ഒരു ചിട്ട വരുത്താനാകുമെങ്കിൽ, ഏവരേയും ഒരുപോലെ മനസ്സിലാക്കാനും സ്നേഹിക്കാനും കഴിയുമെങ്കിൽ എല്ലാ മതങ്ങളും നല്ലതാണ് പക്ഷെ മതവും രാഷ്ട്രീവും എല്ലാം വേണ്ടെന്നുവെച്ചാലും നാം ഉള്ളുകൊണ്ടറിയാതെ ഒന്നിനോട് ചേർന്നുനിൽക്കും. സാരമില്ല, എല്ലാം ദൈവത്തിന്റെ പദ്ധതിയാണ്. ഓരോരുത്തരും ചെയ്യേണ്ടത് എത്തിപ്പെട്ട സമൂഹത്തിൽ, മതത്തിൽ, ജാതിയിൽ, രാഷ്ട്രീയ പാർട്ടിയിൽ നന്മ വരുത്തുവാനും തിന്മകളെ ഇല്ലാതാക്കാനും ശ്രമിക്കണം. ഏവർക്കുമായി പറഞ്ഞും ജീവിച്ചുകാട്ടിയും നേർമാർഗ്ഗത്തിലൂടെ സഞ്ചരിച്ച് എല്ലാറ്റിന്റെ പൊരുളും മനസ്സിലാക്കിക്കൊടുക്കാനാണ് നാം ശരിക്കും ശ്രമിക്കേണ്ടത്.

പിറന്നുവീഴുമ്പോൾ നമുക്ക് മതമില്ല, ജാതിയില്ല പിന്നീടെല്ലാം നമ്മളിൽ അടിച്ചേൽപ്പിക്കപ്പെട്ടു. എന്തുകൊണ്ടോ ഇതൊന്നും പൊട്ടിച്ചുകളയാൻ സാധ്യവുമല്ലതാനും എന്നതുകൊണ്ടുതന്നെ എത്തിപ്പെട്ടിടത്തെ ശുചീകരണമാണ് നമ്മളിൽ ഏൽപ്പിച്ച ദൗത്യം. എല്ലാ മതഗ്രന്ഥങ്ങളും പഠിക്കുക. അപ്പോൾ മനസ്സിലാകും ഇതൊന്നും അനുസരിക്കാതെ ജീവിക്കുന്നവരാണ് ബഹുഭൂരിപക്ഷം മതവിശ്വാസികളുമെന്ന്. അതുകൊണ്ടാണീ പ്രശ്നങ്ങളെല്ലാം ഉണ്ടാകുന്നത്. യഥാർത്ഥ മതവിശ്വാസികൾ തമ്മിൽ നല്ല സൗഹാർദത്തിലാണ്. അവർക്ക് എല്ലാറ്റിനേയും ഉൾക്കൊള്ളാനാകുന്നു. ആദ്യം സ്വ

ന്തം മതത്തെക്കുറിച്ച് ആഴത്തിൽ പഠിക്കുക, വിമർശിക്കാനോ പ്രസംഗിക്കാനോ അല്ല ആശയസമന്വയത്തിനായി മറ്റു മതങ്ങളെ കൂടി ബഹുമാനപൂർവ്വം പഠിക്കുക. അങ്ങിനെ ചെയ്യുന്നവർക്ക് വർഗ്ഗീയമായി ചിന്തിക്കാനാവില്ല. എല്ലാമതത്തേയും കുറിച്ച് പഠിച്ച് അതിനെല്ലാം ഉപരിയായി നിൽക്കുന്ന ദൈവത്തെ തിരിച്ചറിഞ്ഞ് ജീവിക്കുക. സുനാമിയിലും ഭൂമികുലുക്കത്തിലും യുദ്ധത്തിലും പെട്ട് മരിക്കുമ്പോൾ ഒരേ മതത്തിൽ പെട്ടവരല്ലല്ലോ മരിക്കാറ്. എല്ലാ വിഭാഗത്തിലും പെട്ട ആളുകൾ മരിക്കാറുണ്ടല്ലോ. എന്തുകൊണ്ടാണിതെന്ന് ചിന്തിച്ചാൽ മാത്രം മതി?

എലിയെ കൊണ്ടുള്ള ശല്യം സഹിക്കവയ്യാതായി. കടപടാന്ന് ഒച്ചയുണ്ടാക്കി. എലി ഒളിച്ചിരുന്നു. എല്ലാം ശാന്തമായപ്പോൾ എലി എലിയുടെ പണി തുടങ്ങി. ഇതുപോലെയാണ് നമ്മുടെ ഹർത്താലുകൾ. ഹർത്താലുകൾ നടത്തും എല്ലാം സ്തംഭിപ്പിക്കും. എന്നിട്ട് പിറ്റേ ദിവസം മുതൽ എല്ലാം സാധാരണ നിലയിലാകും. പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ തുടരും. ഹർത്താലൊരു ചടങ്ങുമാത്രം. എന്തായാലും എലികൾ (പ്രശ്നക്കാർ) പഴയപടി വിലസാൻ തുടങ്ങും. എലിയെ കണ്ടെത്തണമെങ്കിൽ എവിടേയെങ്കിലും തിരഞ്ഞിട്ടുകാര്യമില്ല. എലി വന്നു എന്നു പറയുന്ന വീട്ടിലെത്തണം. അല്ലാതെ ലോകത്തുള്ള മറ്റു വീടുകളിൽ തിരഞ്ഞിട്ട് കാര്യമില്ലല്ലോ. ഏവരുടേയും പണി മിനക്കെടുത്തിയിട്ട് എന്തുകാര്യം? എലിയെ കണ്ടെത്തി കൂട്ടിലാക്കുംവരെ തിരയണം. അതിനുവേണ്ടി എല്ലാവരും ഒരുമിക്കണം പക്ഷെ ഇവിടെ അങ്ങിനെയല്ല. ഹർത്താൽ എന്ന് കേട്ടാൽ സന്തോഷമാണ്. വെറുതെ ഇരിക്കാമല്ലോ. ഏതൊരു സംഭവവും രാഷ്ട്രീയ മുതലെടുപ്പുകൾക്കുള്ള വേദിയാക്കി മാറ്റുന്നു. ഹർത്താലുകൊണ്ട് എന്തെങ്കിലും മാറ്റം വരുത്താനായിട്ടുണ്ടോ. ഓരോ ജാതിക്കാരും മതക്കാരും സോഷ്യൽ മീഡിയയിലുള്ള ഗ്രൂപ്പുകൾവരെ ഹർത്താൽ നടത്താൻ തുടങ്ങിയിരിക്കുന്നു. എങ്ങോട്ടേയ്ക്കാണ് നാം പോകുന്നത്?

സോഷ്യൽ മീഡിയയിലൂടെ നാം ശരിക്കും അറിയാതെ തിന്മയ്ക്ക് കൂട്ടുനിൽക്കുന്നില്ലേ? ഫേക്ക് ഫോട്ടോയും വീഡിയോയും വാർത്തയും പ്രചരിപ്പിക്കുന്നവരുടെ ലക്ഷ്യം നമ്മൾ അറിയാതെ നേടിക്കൊടുക്കുന്നു. അതിനിടെ സോഷ്യൽ മീഡിയയിൽ അങ്ങോട്ടേയ്ക്കും ഇങ്ങോട്ടേയ്ക്കും അടിപിടി കൂടി ജീവിക്കാൻ തന്ന സമയത്തെ മാത്രമല്ല നല്ല ബന്ധങ്ങളേയും, ആരോഗ്യത്തേയും നശിപ്പിക്കുകയാണ് നാം. കഴിയുമെങ്കിൽ നന്മകളെ പ്രചരിപ്പിക്കുക പക്ഷെ വായനയില്ലല്ലോ, കൂടെ നടക്കുന്നവന്റെ വാക്കുകേട്ട് അതുപോലുള്ളവരുടെ വാട്സ്ആപ്പും ഫേസ്ബുക്കിലുമുള്ള മെസേജുകൾക്ക് പകുതി വായിച്ച് പൂർണ്ണസമ്മതം കൊടുത്ത് ലൈക്കും ഷെയറും നല്കി പൊട്ടനെപ്പോലെ ജീവിക്കുന്നവരാണ് അധികംപേരും. രണ്ടുവരിയിൽ പറഞ്ഞ കാര്യങ്ങൾ വായിച്ചേക്കാം പക്ഷെ രണ്ടുവരികൊണ്ട് പറയാൻ കഴിയാത്ത കാര്യങ്ങളുണ്ടല്ലോ. വരികൾ കൂടിയാൽ പിന്നെ വായിക്കില്ല. ഇത് നമ്മുടെ മുരളി എഴുതിയ വരികളാണ് ലൈക്ക് ചെയ്യുന്നു, ഷെയർ ചെയ്യുന്നു. എല്ലാവരും ഹാപ്പിയായി പക്ഷെ ഞാൻ ഹാപ്പിയല്ല. 8 വർഷത്തെ നീണ്ട മുഖപ്രസംഗം വായിച്ചവർ തന്നെ ചുരുക്കം, മനസ്സിലാക്കിയവർ വിരളം. അതുകൊണ്ടാണ് ഇത്രയും നാളായും ഏക തത്ത്വ വേണ്ടവിധം ചർച്ച ചെയ്യപ്പെടാതെ പോയത്.

ശരീരത്തിലും മനസ്സിലും പൊതുസമൂഹത്തിൽതന്നെയും മാറ്റം ഉണ്ടാക്കാൻ പോന്ന എഴുത്തും ജീവിതരീതികളുമാണ് നമുക്ക് വേണ്ടത്. കളിയാക്കാനും കുറ്റപ്പെടുത്താനും എളുപ്പമാണ്. നിഷ്കളങ്കമായ മനസ്സില്ലാതെ ഒന്നിനേയും മനസ്സിലാക്കാനാകില്ല. പൂർണ്ണമായ സമർപ്പണമാണ് അറിവിന്റെ ഭിക്ഷുവിനാവശ്യം. നല്ല ചോദ്യങ്ങൾ അറിവിലേയ്ക്കായി ചോദിക്കാനും ലഭിച്ച ഉത്തരങ്ങളിൽ നിന്ന് ഒരു പുതിയ കണ്ടെത്തലുകൾ നടത്താനും സാധിക്കും. പക്ഷെ പലരും ഉത്തരം കൈയിൽ വെച്ചിട്ടാണ് ചോദ്യങ്ങൾ ചോദിക്കാറ്. ആ ഉത്തരത്തിലേയ്ക്ക് എത്തിയാൽ അദ്ദേഹത്തെ അംഗീകരിയ്ക്കും അല്ലെങ്കിൽ തള്ളിക്കളയും, കുറ്റപ്പെടുത്തും, പരദൂഷണം പറയും, ഇല്ലാതാക്കാൻ ശ്രമിക്കും. അല്ലാതെ കണ്ടെത്തിയ ഉത്തരത്തിന്റെ സത്യസന്ധത, ആത്മാർത്ഥത, ശരിതെറ്റുകൾ ചിന്തിക്കില്ല അത് പാറ പോലെ ഉറച്ചുപോയിരിക്കുന്നു. നിങ്ങൾ എന്തു ചോദിക്കുമ്പോഴും കുട്ടിയെപ്പോലെ ചോദിക്കുക. എന്നിട്ട് മുതിർന്ന തലത്തിൽ ചിന്തിക്കുക, എല്ലാം പ്രശ്നങ്ങളും പ്രശ്നങ്ങളേയല്ല എന്ന് മനസ്സിലാകും.

മരുമകനില്ലാത്തപ്പോൾ അതുമല്ലെങ്കിൽ മരുമകൾ വീട്ടിലില്ലാത്തപ്പോൾ ബാക്കിയുള്ള കുടുംബാംഗങ്ങൾ എല്ലാവരും ചേർന്ന് അവരെ കുറ്റം പറഞ്ഞ് സമയം കളയുന്നു. അങ്ങിനെ ചെയ്യുമ്പോൾ ബാക്കിയുള്ളവർ കുറച്ചുനേരത്തേയ്ക്ക് ഐക്യപ്പെടുന്നു. ചർച്ചയിൽ എല്ലാവർക്കും സംസാരിക്കാനവസരം ലഭിക്കുന്നു. പൊതുശത്രുവിനെക്കുറിച്ച് പറഞ്ഞ് പറഞ്ഞ് രസിക്കുന്നു. അതിനിടയിൽ പിശുക്കനായ അമ്മാവൻ എല്ലാവർക്കും ബിരിയാണി ഓർഡർ ചെയ്യുന്നു, ചെറിയച്ഛൻ ഐസ്ക്രീം ഓർഡർ ചെയ്യുന്നു. എല്ലാവരും ഭക്ഷണം കഴിച്ച് ഹാപ്പിയായി. പക്ഷെ യഥാർത്ഥത്തിൽ ഈ മരുമകനും മരുമകൾക്കും അത്രയ്ക്ക് കുഴപ്പമൊന്നുമില്ല എന്ന് മറ്റൊരു സ്ഥലത്ത് ഇതുപോലൊരു സന്ദർഭത്തിൽ അമ്മാവനും ചെറിയച്ഛനും ഒത്തുചേരുമ്പോൾ പറയുന്നു. അവിടേയും തിന്നും കുടിച്ചും ഹാപ്പിയായിരിക്കുന്നു. ഇത്തരത്തിലുള്ള ആവശ്യമില്ലാത്ത സംസാരങ്ങളാണ് ദോഷം. മരുമകനും മരുമകളും ഉള്ളപ്പോൾ എല്ലാം പറഞ്ഞുമനസ്സിലാക്കിക്കൊടുത്ത് തെറ്റിദ്ധാരണകൾ മാറ്റാനാണ് ശ്രമിക്കേണ്ടത്. പക്ഷെ പലപ്പോഴും നാം പ്രശ്നക്കാരെ മാറ്റി നിർത്തിയാണ് ചർച്ച ചെയ്യാറ്. ഇതുപോലെത്തന്നെയാണ് രാഷ്ട്രീയ മത ചർച്ചകളും അതിനകത്തുള്ള കുറ്റങ്ങളും കുറവുകളും പറഞ്ഞാൽ തമ്മിലടിയാകും. അതിലുംഭേദം കുറച്ചുനേരത്തെ ഐക്യപ്പെടലിനായി മറ്റു രാഷ്ട്രീയ പാർട്ടിയേ, മതത്തെ കുറ്റപ്പെടുത്തി സംസാരിക്കും. യഥാർത്ഥത്തിൽ മറ്റു മതവും രാഷ്ട്രീയ പാർട്ടിയും നമ്മിൽ നിന്നും വിഭിന്നമല്ലെന്ന് അറിയാം എങ്കിലും മീറ്റിംഗ്, ചർച്ച ഗംഭീരമാക്കണമല്ലോ.

ഇന്ത്യയും കേരളവും രൂപീകൃതമാകും മുമ്പേ നമ്മളെല്ലാവരും പല നാട്ടുരാജാക്കന്മാരുടെ അധീനതയിലായിരുന്നു. ഇപ്പോൾ ഇന്ത്യ, കേരളം എന്നെല്ലാം ആയപ്പോൾ പിന്നേയും രാഷ്ട്രീയക്കാരുടെ അധീനത്തിലുമായി. ഈയിടെയായി ജാതിയും മതവുമെല്ലാം പണ്ടത്തെക്കാളും ശക്തിയാർജ്ജിച്ചിരിക്കുന്നു. എല്ലാവരും എന്തിനൊക്കെയോ വേണ്ടി സംഘടിച്ച് സംഘടിച്ച് ഐക്യമില്ലാത്ത നാട്ടുരാജ്യങ്ങ

ളെ പോലെയായി. എപ്പോൾ വേണമെങ്കിലും കലാപങ്ങൾ പൊട്ടിപ്പുറപ്പെടാം. എന്തായാലും നാം വളരെ കുറച്ചുനാളുകളെ ഈ ഭൂമിയിൽ ഉണ്ടാകുകയുള്ളു. അതിനിടയിൽ നാം എന്തൊക്കെയാണ് ചെയ്യുന്നത്? സന്തോഷമായും സമാധാനമായും സ്വതന്ത്രരായി ജീവിക്കാൻ വേണ്ടി ദൈവം നമ്മെ ഇങ്ങോട്ടുവിട്ടു. എന്നിട്ടും നാം തന്നെ നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തിക്കൊണ്ട് ഏതെങ്കിലും ഒന്നിന്റെ വക്താവായി മാറുന്നു. അതോടെ ഏവരേയും സ്നേഹിക്കാൻ കഴിയാത്തവരായി മാറുന്നു, സ്വാർത്ഥരായിത്തീരുന്നു.

മനുഷ്യൻ എന്നും പോരാട്ടത്തിലാണ്. ഒരല്പനേരം ഇരുന്ന് ചിന്തിച്ചാൽ മനസ്സിൽ ശാന്തിയും സമാധാനവും ലഭിക്കും പക്ഷെ ചിന്തിക്കാൻ മാത്രം സമയം കണ്ടെത്തില്ല. ചിന്തിക്കാതെ പ്രവൃത്തിക്കുന്നത് എവരുടേയും ശീലമായി. രാജാവുതന്നെ, നേതാവ് തന്നെ, പുരോഹിതൻ തന്നെ, മതപണ്ഡിതൻതന്നെ ചിന്തിക്കാതെ പ്രവൃത്തിക്കുമ്പോൾ പിന്നെ പ്രജകളുടെ കാര്യം, ശിഷ്യഗണങ്ങളുടെ കാര്യം പറയാനുണ്ടോ ?

നിങ്ങൾ കോഴിയെ കൊന്ന് തിന്നാറില്ലേ ? ചിലപ്പോഴെല്ലാം അടുത്ത വീട്ടിലെ മാങ്ങയ്ക്ക് കല്ലെറിയാറില്ലേ ? കവർന്നെടുക്കാറില്ലേ ? എന്തുകൊണ്ടാണിത് ? ജന്മവാസന. നിങ്ങളുടെ കൈയിൽ കോഴിയെ മേടിക്കാനുള്ള കാശുണ്ട്. കോഴി വിൽപ്പനക്കാരന് പണം മതി. കോഴിയുടെ ജീവനെക്കുറിച്ചും ജീവിതത്തെക്കുറിച്ചും നാം ചിന്തിക്കാറില്ലല്ലോ. കൊന്നുതിന്നും നാം. ഇതുപോലെയാണ് ആവശ്യത്തിൽ കൂടുതൽ ആർഭാടജീവിതം നയിക്കാൻ പണമുണ്ടായാൽ, പദവിയുണ്ടായാൽ, കൈയ്യൂക്കുണ്ടായാൽ നാമിതുപോലെ പലരുടേയും ജീവിതങ്ങൾക്ക് വില കൽപ്പിക്കില്ല. സ്വന്തം കാര്യത്തിനായ്, സുഖത്തിനായ് വക വരുത്തും. അതല്ലേ ഈയടുത്ത കാലത്തായി നമ്മൾ കേട്ടുകൊണ്ടിരിക്കുന്ന പല സംഭവങ്ങളുടേയും പുറകിൽ. എല്ലാവരുടെ ഉള്ളിലും ഒരു ക്രൂര മൃഗം ഒളിച്ചിരിപ്പുണ്ട്. കരുതിയിരിക്കുക.

ഭൂമിയിലെ ജലം ഇല്ലാതായാൽ ജീവന്റെ തുടിപ്പുതന്നെ ഇല്ലാതാകും എന്നതുപോലെത്തന്നെ സ്ത്രീസമൂഹം ഇല്ലാതായാൽ മനുഷ്യന്റെ നിലനിൽപ്പും ഇല്ലാതാകും എന്ന് തിരിച്ചറിഞ്ഞ് സ്ത്രീസമൂഹത്തെ സംരക്ഷിക്കുക. സമൂഹത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷനെ അപേക്ഷിച്ച് കുറവാണ്. ദിനംപ്രതി കുറവായിക്കൊണ്ടേ ഇരിക്കുന്നു. അതുകൊണ്ടുതന്നെ ഇനിയും പീഡനങ്ങൾ പെരുകും. ഇരിക്കുന്ന കൊമ്പ് മുറിക്കാതിരിക്കുക. പീഡിപ്പിക്കപ്പെട്ട കുട്ടിയുടെ മതമല്ല പീഡിപ്പിച്ചവരുടെ മതവുമല്ല പ്രശ്നം മനുഷ്യരുടെ വർഗ്ഗീയ വിഷം പേറുന്ന മനസ്സിലാണ് ഇന്ന് പ്രശ്നം. തള്ളിയതിന് തെളിവുണ്ട് വീഴ്ച്ചയാണ് മരണകാരണം എന്നതിനും തെളിവുണ്ട്. പക്ഷെ തള്ളിയതുകൊണ്ടാണോ വീണത് എന്നതിന് തെളിവില്ലെന്ന് പറഞ്ഞ് ഒരു പ്രതിയും രക്ഷപ്പെടുന്ന അവസ്ഥ ഇനിയെങ്കിലും ഉണ്ടാകാതെ നോക്കണം. പീഡിപ്പിച്ചവനെ മാതൃകാപരമായി തന്നെ ശിക്ഷ വാങ്ങി കൊടുക്കണം.

ഏവരും സ്വയം നന്നാകേണ്ടതുണ്ട്. മദ്യപാനം നിർത്തണമെങ്കിൽ മദ്യപാനി വിചാരിക്കണം. അതുപോലെ കൈക്കൂലി, അഴിമതി തുടങ്ങിയവ നിർത്തണമെങ്കിൽ കൈക്കൂലി കൈപ്പറ്റുന്നവൻ തന്നെ വിചാരിക്കണം. പീഡനം കുറയണമെങ്കിൽ പീഡിപ്പിക്കുന്നവർ വിചാരിക്കണം. ഒരു കുടുംബം, രാജ്യം നന്നാവണമെങ്കിൽ ഓരോരുത്തരും വിചാരിക്കണം, പ്രവൃത്തിക്കണം. നിയമനിർമ്മാണം കൊണ്ടുമാത്രമല്ല നല്ല ബോധവത്ക്കരണം കൊണ്ടാണ് എല്ലാം നന്നാക്കേണ്ടത്. പക്ഷെ ആദ്യം ബോധം കെടുത്തുന്നവ കൊടുത്തിട്ടാവരുത് ബോധവത്ക്കരണം എന്നുമാത്രം.

ഒരുരാജ്യം ഭരിക്കേണ്ടത് ഒരു ജാതിയോ മതമോ അല്ല. ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിയുമല്ല. ജനവികാരങ്ങളെ മുഴുവൻ ഉൾക്കൊള്ളാൻ കഴിയുന്ന നല്ല ഭരണാധികാരിയാണ് വേണ്ടത്. രാജ്യത്തിന്റെ ജനങ്ങളുടെ പുരോഗതിയാവണം ലക്ഷ്യം. അല്ലാതെ ഒരു പ്രത്യേക മതത്തിന്റേയോ ജാതിയുടേയോ രാഷ്ട്രീയപാർട്ടിയുടേയോ ഉന്നമനമാകരുത് ലക്ഷ്യം. എല്ലാ മതത്തിലുമില്ലേ അന്ധ വിശ്വാസങ്ങളും ദുരാചാരങ്ങളും. അതുപോലെ എല്ലാത്തിലുമുണ്ട് പറയുന്നതൊന്നും പ്രവർത്തിക്കുന്നത് മറ്റൊന്നുമായവർ. അവരെ, അവയെ നാം ശ്രദ്ധിക്കേണ്ടതില്ല. ആത്മീയ പാതയിൽ സഞ്ചരിക്കുന്നവർക്കുള്ള ചില മാർഗ്ഗനിർദ്ദേശങ്ങളാണ് ഓരോ മതത്തിലൂടേയും ദൈവം വെളിപ്പെടുത്തിയിരിക്കുന്നത്. ഏതിലൂടെ പോയാലും എത്തിച്ചേരുന്നത് ഒരേയിടത്താണ്. മതവും രാഷ്ട്രീയവും രണ്ടാണ് പക്ഷെ രാഷ്ട്രീയത്തിൽ മതം വ്യാപകമായി കടന്നുകൂടിയിരിക്കുന്നു. ഇത് മനുഷ്യരാശിക്ക് സർവ്വനാശം വരുത്താൻ പോന്നതാണ്. മതം എന്നത് ആത്മീയതയുടെ ഭാഗമാണ് ആത്മീയമായ അറിവ് പൂർണ്ണമാകും വരെ മതം നമ്മുടെ ചിന്തയിൽ, പ്രവൃത്തികളിൽ ചിലപ്പോഴെല്ലാം സ്വാധീനിച്ചേക്കാം. പിന്നെ നമുക്ക് മനുഷ്യരെ മാത്രമേ കാണാൻ സാധിക്കുകയുള്ളു. അവരിലൂടെ വേണമെങ്കിൽ ദൈവത്തിന്റെ പ്രവർത്തനത്തേയും ഇത് തിരിച്ചറിയുംവരെ മതവും രാഷ്ട്രീയവും നമ്മുടെ ചിന്തകളെ നമ്മുടെ പ്രയാണത്തെ തടസ്സപ്പെടുത്തും എന്ന് മനസ്സിലാക്കി ജാതിയും മതവുമില്ലാത്ത ആത്മീയ പാതയിലേയ്ക്ക് എത്തിച്ചേരാൻ നിരന്തരം ശ്രമം വേണം. ചുറ്റും കാപട്യമുള്ള ആളുകളുണ്ട്. നമ്മളെ പരീക്ഷിക്കാനായി സൃഷ്ടിക്കപ്പെട്ടവർ.

ഞങ്ങളുടെ പാർട്ടിയാണ്, രാജ്യമാണ് വലുത് എന്ന് എല്ലാകാലത്തും പറയാനാകില്ല. അതുപോലെയാണ് മതവും. ഒന്നും വലുതുമല്ല, ചെറുതുമല്ല. ഒരു ഭൂമി കുലുക്കമോ, സുനാമിയോ, യുദ്ധമോ വന്നാൽ പോരേ ? എല്ലാ ആനുപാതിക സൂചികകളും മാറും. ഒന്നും നമുക്ക് നിലനിർത്താനാകില്ല. നമുക്ക് വെറുതെ നിൽക്കാനേ കഴിയൂ. സഞ്ചരിപ്പിക്കുന്നതും ഇല്ലാതാക്കുന്നതും കൂട്ടിച്ചേർക്കുന്നതും വികടിപ്പിക്കുന്നതും കാലമാണ്. പ്രപഞ്ചശക്തിയാണ്, ദൈവമാണ്.

ദൈവത്തിന് നാമമില്ല അതുകൊണ്ടുതന്നെ ഏതുനാമവും ചൊല്ലി വിളിക്കാം. വിളിച്ചാലും ഇല്ലെങ്കിലും ദൈവമെല്ലാം അറിഞ്ഞുനല്കും എന്നതുകൊണ്ടുതന്നെ പ്രാർത്ഥിച്ചും സ്തുതി പാടിയും സമയം കളയേണ്ടതില്ല. പക്ഷെ എന്തുചെയ്യുമ്പോഴും പ്രാർത്ഥനാപൂർവ്വം ചെയ്യുക. ദൈവത്തിന് ഒന്നും നല്കേണ്ടതില്ല എങ്കിലും ദൈവം നമ്മുടെ മുന്നിലേയ്ക്ക് പറഞ്ഞുവിടുന്നവരെ നിരാശപ്പെടുത്തിവിടരുത്. ദൈവത്തിന് പ്രത്യേകിച്ച് മന്ദിരത്തിന്റെ ആവശ്യമില്ല. നമ്മുടെ ഹൃദയത്തിൽ ഒരിടം നല്കിയാൽ മതി. ●

# വേണ്ടേ നമുക്കും നന്ദി

**ഈ**യടുത്ത് ഒരു മഹാ നഷ്ടം നമുക്കെല്ലാം സംഭവിച്ചു. എന്താണെന്നല്ലേ, സ്റ്റീഫൻ ഹോക്കിങ് മരിച്ചു. കഴുത്തിനു മുകളിൽ മാത്രം ജീവിച്ചിരുന്ന ഒരു മനുഷ്യൻ ലോകത്തിൽ എത്രയോ കണ്ടുപിടുത്തങ്ങൾ നടത്തി. ഐസക് ന്യൂട്ടൻ പഠിപ്പിച്ച കോളേജിൽ പ്രൊഫസറായിരുന്നു. ഏതാനും വർഷം മുമ്പ് രാഷ്ട്രീയ വൈരത്തിനിരയായി ഒരു കുട്ടിയുടെ കാലുകൾ നഷ്ടപ്പെട്ടതോർമ്മയില്ലേ ? ഇന്നാ കുട്ടി ഡോക്ടറായിരിക്കുന്നു. പ്രസവസമയത്തുണ്ടായ എന്തോ കുഴപ്പത്തിന്റെ ഭാഗമായി അരുൺ ഷൂരി എന്ന ഇന്ത്യ കണ്ട, ഒരുപക്ഷെ ഇന്ത്യയെ വിറപ്പിച്ച പത്രപ്രവർത്തകന് ഇന്നും ഒരു തീരാവ്യസനമായി കൊണ്ടുനടക്കുന്ന ഒരു മകനുണ്ട് പക്ഷെ അപ്പോഴും അദ്ദേഹം ഈ രാജ്യത്തിനുവേണ്ടി എന്തൊക്കെയോ ചെയ്യുന്നു. നമ്മുടെ തന്നെ വക്കീലായിരുന്ന അഡ്വക്കേറ്റ് ഗൗരി ശങ്കർ അത്തരത്തിലൊരാളായിരുന്നല്ലോ... ഞാൻ ഇതൊക്കെ എഴുതിയത് നമ്മൾ ഇപ്പോഴും ഇല്ലായ്മയേയും വല്ലായ്മയേയും കുറിച്ച് മാത്രം സംസാരിക്കുന്നു. ഇത് പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാവും നമ്മൾ ചെയ്യുന്നത് പലപ്പോഴും ശരിയല്ലെന്ന്. കാരണം മുകളിലെഴുതിയവർ ചെയ്തതിന്റെ ഒരു ചെറിയ അംശം പോലും ചെയ്യാൻ നമ്മൾക്ക് എല്ലാമുണ്ടായിട്ടും പറ്റിയിട്ടുണ്ടോ ? ഒന്നുമില്ലാത്തവരെ പോലെ, ഉള്ളതിന്റെ വിലയറിയാതെ, ഒന്നും ചെയ്യാതെ കാലക്ഷേപം നടത്തുകയല്ലേ നമ്മൾ. പ്രിയപ്പെട്ടവരെ, നമ്മൾ പൊതുവേ നന്ദിയില്ലാത്തവരാണ്. നമ്മളിന്ന് ഉപയോഗിക്കുന്ന ഓരോന്നും ഓരോരുത്തർ കണ്ടുപിടിച്ചത് എത്രയോ വർഷത്തെ ഊണും ഉറക്കവുമില്ലാത്ത കഠിന പ്രയത്നത്തിലൂടെയാണ്. അത് കറന്റ് ആയാലും, ബൾബ് ആയാലും, റേഡിയോ ആയാലും, ടി. വി. ആയാലും, മൊബൈൽ ആയാലും, ടെലിഫോൺ ആയാലും, തീവണ്ടി ആയാലും, ബസ് ആയാലും മരുന്നുകളായാലും, ... പക്ഷെ നമ്മളത് ഉപയോഗിക്കുമ്പോൾ അക്കാര്യം എന്നെങ്കിലും എപ്പോഴെങ്കിലും ആലോചിക്കാറുണ്ടോ ? പത്തുമാസം ചുമന്നു പ്രസവിച്ചു വളർത്തിയ അമ്മയേയോ അച്ഛനെയോ പോലും നമുക്കോർമ്മയുണ്ടോ...

നമ്മൾ എഴുതുമ്പോഴും വായിക്കുമ്പോഴും ഭാഷയെക്കുറിച്ചോ ആ ഭാഷ ഉണ്ടായതെവിടെ നിന്ന്, എങ്ങിനെ, അതിനുപിന്നിലെ കഷ്ടപ്പാടുകൾ എന്തൊക്കെ എന്നാലോചിക്കാറുണ്ടോ ? ഈയിടെ പത്രത്തിൽ വന്ന ഒരു വാർത്ത ഒട്ടേറെ സംശയങ്ങൾ എന്നിൽ ജനിപ്പിച്ചു. എന്റെ പുസ്തകം ഇനി പഠിപ്പിക്കരുത് എന്ന് ഒരു എഴുത്തുകാരൻ പറഞ്ഞിരിക്കുന്നു. കാരണം ഭാഷ ശരിക്കുപയോഗിക്കുന്നില്ലത്രേ, അക്ഷരതെറ്റുവരുത്തുന്നത്രെ, ആശയം നഷ്ടപ്പെടുന്നത്രെ... അതിന് ഏതാനും ദിവസങ്ങൾക്കുമുൻപ് കേരളം സാഹിത്യസംവാദത്തിൽ ഏതോ ഒരു കൂട്ടർ പങ്കെടുക്കേണ്ട ആവശ്യമില്ല എന്നൊരു എഴുത്തുകാരൻ പറയുന്നു. എന്താണ് ഇതിന്റെയൊക്കെ അർത്ഥം. ഇവർ എല്ലാവരും പരിണതപ്രജ്ഞരായ എഴുത്തുകാരല്ലേ ? ഒന്നും മനസ്സിലാവുന്നില്ലല്ലോ. അതോ നമുക്കത് മനസ്സിലാക്കാൻ ത്രാണിയില്ലാഞ്ഞിട്ടായിരിക്കുമോ !! ഒരുകുട്ടി എങ്ങിനെയാണ് നടക്കാൻ പഠിക്കുന്നത്? വീണുരുണ്ട്, ഒരുപാട് മുറികളൊക്കെ ആയിട്ടല്ലേ ? ഓരോ എഴുത്തിലും വായനക്കാരന്റെ ആസ്വാദനശേഷിയനുസരിച്ച് ഒന്നിലധികം ആശയങ്ങൾ കടന്നുവരില്ലേ... ഒരക്ഷരത്തെറ്റ് അത്ര വലിയ തെറ്റാണോ ? എങ്കിൽ ഇവിടെ അക്ഷരത്തെറ്റില്ലാതെ എഴുതാൻ കഴിയുന്ന എത്ര പേരുണ്ട്, അക്ഷരത്തെറ്റില്ലാത്ത എത്ര പുസ്തകമുണ്ട് ? സംശോധന കഴിഞ്ഞ എത്രയോ പുസ്തകങ്ങളിൽ ഞാൻ അക്ഷരത്തെറ്റ് കണ്ടിരിക്കുന്നു. ഇനി ഈ മലയാള ഭാഷ ഉണ്ടായത്... ഇന്ന് നാം പുകഴ്ത്തുന്ന എഴുത്തച്ഛൻ അക്കാലത്തെ തമിഴ് ഭാഷയിൽ നിന്നും, സംസ്കൃതത്തിൽ നിന്നും എല്ലാം എടുത്തല്ലേ ഇന്ന് കാണുന്ന ലിപി ഉണ്ടാക്കിയത്. ഇന്നത്തെ മലയാള ഭാഷയിൽ ഏതെല്ലാം ഭാഷയിലെ വാക്കുകളുണ്ട്... നാളത്തെ മലയാളത്തിൽ ഇനിയും പുതിയ വാക്കുകൾ കടന്നുവരില്ലേ... അപ്പോഴല്ലേ ഭാഷ വികസിക്കൂ... അങ്ങിനെയെങ്കിൽ ഒ. വി. വിജയന്റെ ഭാഷയെ പറ്റി എന്ത് പറയും, എം. പി. നാരായണ പിള്ളയുടേയും, കടമ്മനിട്ടയുടേയും ഭാഷയെ എന്ത് പറയും... ഈ പുതിയ ലിപിയിലെഴുതിയ എഴുത്തച്ഛനെ പതിനെട്ടരക്കാവിലെ എണ്ണക്കുവേണ്ടി സങ്കേതക്കാർ ചക്കാട്ടിച്ചതും, കൊല്ലാൻ വിധിച്ചതും, ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ ഇടപെട്ടു ശിക്ഷ ഇളവുചെയ്തു നാടുകടത്തിയതും, പേടിച്ച്, എഴുതിയ പുസ്തകം അകത്തുനിലത്ത് കുഴിച്ചിട്ടതും ഒന്നും നമ്മളോർത്തില്ലെങ്കിൽ കഷ്ടമല്ലേ. എന്തായാലും ഒരു കാര്യം തീർച്ചയാണ് സാർ ഉദ്ദേശിച്ചത് ഗുണമേന്മ ഉറപ്പാക്കലാണ്. അതിൽ തർക്കമില്ല. വേണ്ടത് തന്നെ. നമ്മൾ ഇതൊന്നും എഴുതാൻ ആരുമല്ല പക്ഷെ മനസ്സിൽ തോന്നിയ സ്വാഭാവിക സംശയങ്ങൾ പങ്കുവെച്ചുവെന്നുമാത്രം. ഇത് എത്രകാലം സാദ്ധ്യമാവും എന്ന് നിശ്ചയമില്ല ! ●

**അറിയിപ്പ്**


രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

■ലേഖനം

# Active Voice (*കർത്തരി പ്രയോഗം) ഉം Passive Voice ഉം

## *അബൂട്ടിയുടെ നിഘണ്ടുവിൽ നിന്ന് ലഭിച്ച പദം.




എം. എം. മേനോൻ
0491 6451469, 0491 2572939


**വ്യാ**കരണത്തിൽ വേർതിരിച്ചുകാട്ടുന്ന രണ്ടുതരം പ്രയോഗങ്ങളാണ് മേൽ കൊടുത്തത്. ഉദാഹരണം 'ഞാൻ ഇന്ത്യയെ സ്നേഹിക്കുന്നു' - Active voice. 'ഇന്ത്യ എന്നാൽ സ്നേഹിക്കപ്പെടുന്നു' - Passive voice.

ഇന്നത്തെക്കാലത്തേക്ക് അതിപ്രസക്തമായ ഒരു വിഷയത്തെക്കുറിച്ച് എക്കണത്ത് ഈശ്വരൻ തന്റെ ബഹുമൂല്യ കൃതികളിൽ സൂചിപ്പിച്ച ഒരു അഭിപ്രായം (ചെറുമാറ്റങ്ങളോടെ), സാഭാരം (കടപ്പാടോടെ) ഇവിടെ എടുത്തുചേർക്കുന്നു. വ്യാകരണം പഠിപ്പിക്കുന്ന അവസരത്തിൽ 'രാമൻ പുതിയ 'ജാഗ്വാർ'കാർ ഓട്ടിക്കുന്നു' എന്നതിന്റെ മാറ്റം, 'പുതിയ ജാഗ്വാർ കാർ രാമനാൽ ഓട്ടിക്കപ്പെടുന്നു' എന്നതിനുപകരം, പുതിയ ജാഗ്വാർകാർ രാമനെ ഓട്ടിക്കുന്നു' എന്ന് ഒരു കുട്ടി പറഞ്ഞതുകേട്ടു, ക്ലാസ്സിലെ വിദ്യാർത്ഥികൾ പരിഹസിച്ചു കൂക്കി വിളിച്ചു. അപ്പോൾ ഗുരുനാഥൻ വ്യക്തമാക്കി. "കുട്ടികളെ ! ഈ മാറ്റിയ പ്രസ്താവന വ്യാകരണത്തിന്റെ ദൃഷ്ടിയിൽ തികച്ചും അബദ്ധം തന്നെ. എന്നാൽ ഇന്ന് പ്രചാരത്തിലുള്ള ആധുനിക ഭൗതിക കാഴ്ച്ചപ്പാടനുസരിച്ച് വളരെ ഉചിതമാണ്!! ആധുനിക ഭൗതികതയുടേയും ഉപഭോക്താ സംസ്കാരത്തിന്റെയും പുതിയ ആവിഷ്കാരങ്ങളുടേയും കണ്ടുപിടിത്തങ്ങളുടേയും വിടാപ്പിടിയിൽ കുഴങ്ങിവലയുന്ന മധ്യവർഗ്ഗം, അല്പായുസ്സായ ഇത്തരം ഭൗതിക നേട്ടങ്ങളുടെ അടിമയായി വരുന്നു. ഇന്ന് മധ്യവർഗ്ഗത്തിന്റെയും യുവാക്കളുടേയും ലക്ഷ്യമാണ് 5 'P's (Profit, Power, Prestige, Possessions and Pleasures), അതായത് ധനം, അധികാരം, പെരുമ/പ്രശസ്തി, സുവിധാസാമഗ്രികൾ, സുഖഭോഗം. എന്നാൽ ഇവയെത്തേടിയുള്ള പരക്കം പാച്ചിലാൽ തികച്ചും സ്വേച്ഛ പ്രകാരമുള്ള മനോരഞ്ജനത്തിന്റെ സ്ഥാനത്ത്, ഇവർ 'കുരങ്ങു കളിപ്പിക്കപ്പെടുന്നു' എന്നതല്ലെ വാസ്തവം ?

തുടർന്നു അടിച്ചുകയറി വരുന്ന ആകർഷകമായ പരസ്യങ്ങളാൽ വഴിതെറ്റിക്കപ്പെട്ട ഇന്നത്തെ യുവാക്കൾ, താഴെക്കൊടുത്ത ഒഴിച്ചുകൂടാത്ത സത്യത്തെ തീരെ തിരസ്ക്കരിച്ചിരിക്കുന്നു. 'ജീവികൾ സ്നേഹിക്കപ്പെടേണ്ടവയാണ്; (അതിനായി) സുവിധാസാമഗ്രികൾ ഉപയോഗിക്കപ്പെടേണ്ടവയാണ്. ഇതിനുപകരം, വിപരീതമായി, ഇന്ന് സുവിധാസാമഗ്രികളാണ് സ്നേഹിക്കപ്പെടുന്നതും, അന്യജീവികൾ (മനുഷ്യനുൾപ്പടെ) ലക്ഷ്യസാധനത്തിനായി ഉപയോഗിക്കപ്പെടുന്നതും ! മക്കളിൽ മൗലിക മാനവ മൂല്യങ്ങളുടെ വിത്തുപാകി പോഷിപ്പിക്കാൻ വിട്ടുപോയ അച്ഛനമ്മമാരുടെ പങ്ക് നഗണ്യമല്ല എന്നുള്ളതാണ് ഇന്ന്, അതി ദുഃഖകരമായ വാസ്തവം...

ഇന്നത്തെ വെറിയിൽ നിന്നും പരക്കം പാച്ചലിൽ നിന്നും ഒരു നിമിഷം അകന്ന് ക്ഷമയോടെ (നമ്മളേവരുടേയും യഥാർത്ഥ ഗുണത്തിനായിത്തന്നെ !) ചിന്തിച്ചു നോക്കാൻ ആർക്കുണ്ട് മനസ്സും ഒരുക്കവും ? ജീവിതത്തിൽ അനിവാര്യമായ ഏകാഗ്രതയെ ചിന്നിച്ചിതറി നശിപ്പിക്കുന്ന അത്യാധുനിക വരദാനങ്ങളല്ലെ ടി. വി., സ്മാർട്ട് ഫോൺ, ഫേസ് ബുക്ക്, ടിറ്റർ, വാട്സ് ആപ്പ് പരസ്യങ്ങൾ മുതലായവ ? ഗുണകരവിഷയങ്ങളിൽ, തടസ്സമില്ലാതെ, ശാന്തമായി അന്യോന്യം വിചാരകൈമാറ്റത്തിനും ഉത്തമ രചനകളെ വായിച്ചു മനസ്സിലാക്കാനും സമയവും സൗകര്യവും എവിടെ ? തിരിച്ചുകിട്ടാൻ കഴിയാത്ത സമയവും ഊർജ്ജവും പാഴാക്കുന്നത് അത്യാകർഷക മരുമരീചികയെത്തേടിയല്ലെ ?

സുവിധാസാമഗ്രികളോട് ഇന്നുള്ളത് വാസ്തവ സ്നേഹമല്ല. സ്വാർത്ഥത നിറഞ്ഞ പാശമാണ്. 'എന്റെ കംപ്യൂട്ടർ', 'എന്റെ സ്മാർട്ട് ഫോൺ' (ബൈക്ക്, കാർ മുതലായവ). സ്നേഹം ത്യാഗമയമാണ്. ഇതുനമ്മെ ശുദ്ധീകരിച്ച് ഉയർത്തുന്നു. മറിച്ച് പാശം, സ്വാർത്ഥത നിറഞ്ഞ നമ്മെ താഴ്ത്തുന്ന കുറുകിയ മനസ്ഥിതിയാണ്.

കുബേര മന്മഥാരാധന മൂത്ത ഇന്ന്, ഭൗതിക നേട്ടങ്ങൾ ശാശ്വത സുഖസമാധാനം നൽകുമെന്ന ദിവാസ്വപ്നങ്ങൾ കണ്ട് അധഃപതിച്ചു വരുന്നത് നാം അറിയുന്നില്ല. പരിഹാരീതമാകും മുമ്പ് സമുദായത്തി ന്റെ നട്ടെല്ലായ മധ്യവർഗ്ഗമെ ! ഉത്തിഷ്ഠത ! ജാഗ്രത ! (എഴുന്നേൽക്കുവിൻ ! ഉണരുവിൻ !) ●

■ കവിത

## ഗുരു




അജയ് ബാലചന്ദ്രൻ
9895659050


ലോകം കാട്ടിത്തന്നു പുതുതായ്-
തോന്നും ചെപ്പിടിവിദ്യകൾ
പലതും.
ഇന്നോളം ഞാൻ
കണ്ടില്ലെവിടേയും
നിൻ വാക്കിനേക്കാൾ
നവമാമൊരു വിദ്യ.
ശ്വാസവായുവിൽ
അകംപുക്കും നഭസ്സുനീ
നിശ്വാസവായുവിൻ
ഊഷ്മാവും നീ പ്രഭോ...

എടപ്പാൾ സി. സുബ്രഹ്മണ്യൻ
9446472231

# തെറ്റും കുറ്റബോധവും

**തെ**റ്റും കുറ്റബോധവും ഇന്ന് ഏറ്റവുമധികം ചർച്ച ചെയ്യുന്ന വിഷയമാണ്. 'ഞാൻ തെറ്റു ചെയ്തു പോയി. കുറ്റബോധം എന്റെ മനസ്സിനെ ചുട്ടുനീറ്റുന്നു. ഇനി എനിക്ക് ജീവിക്കണമെന്നില്ല' എന്നിങ്ങനെ ആത്മഭാഷണം നടത്തുന്നവരുണ്ട്. ഉമിത്തീയിൽ വെന്തുനീറുന്നതുപോലെയാണ് അവർ ഓരോ ദിനവും ഉന്തിനീക്കുന്നതെന്നുതോന്നും. അവരുടെ സാന്ത്വനവും ഇന്ന് സമൂഹം ഏറ്റെടുക്കേണ്ട ദൗത്യമായി മാറിയിട്ടുണ്ട്.

തെറ്റിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യം കടന്നുവരുന്നത് ആദമും ഹവ്വയും തന്നെ. ദൈവവചനം മറി കടന്ന് പറുദീസ നഷ്ടം സംഭവിച്ചതിന്റെ കുറ്റബോധം തലയിൽ ചുമന്ന് നടക്കുന്നവരാണ് നാം. പിഞ്ചുകുഞ്ഞുങ്ങൾ ആദ്യാക്ഷരം കുറിക്കുമ്പോൾ തുറിച്ച കണ്ണുകളോടെ നോക്കി നിൽക്കുന്ന നാം ഉറക്കെ വിളിച്ചുപറയുന്നു, 'അക്ഷരത്തെറ്റ്' കഷ്ടം. ആദ്യമായി അക്ഷരം എഴുതുമ്പോൾ സംഭവിക്കുന്ന അപാകതകളെ തെറ്റെന്ന് എങ്ങനെ വിളിക്കാൻ കഴിയും. സൂക്ഷ്മ പേശികളെ ചലിപ്പിക്കാനുള്ള കഴിവുണ്ടാക്കി യഥാർത്ഥ മാതൃകകൾ കണ്ടുപഠിക്കാനുള്ള അവസരമുണ്ടാക്കി, ശരി പരിശീലിപ്പിച്ചതിനുശേഷം മനഃപ്പൂർവ്വം വരുത്തുന്ന പിശകുകളെ മാത്രമല്ലേ, തെറ്റെന്ന് വിശേഷിപ്പിക്കാൻ സാധിക്കുകയുള്ളു. നീന്തൽ പഠിക്കുമ്പോൾ വെള്ളം കുടിക്കുന്നതു തെറ്റാണോ ? സൈക്കിളിൽ ആദ്യം കയറുമ്പോൾ വീഴുന്നത് തെറ്റാണോ ? ഡ്രൈവിങ് പഠിക്കാൻ തുടങ്ങുന്ന ആദ്യദിവസം തന്നെ കാറോടിക്കാൻ കഴിയാത്തത് തെറ്റാണോ ? എന്തിലും ഏതിലും തെറ്റ് കണ്ടെത്തി സ്വയം നശിക്കുന്നവർക്ക് ആശ്വാസം നൽകേണ്ടതല്ലേ.

തെറ്റുകൾ വരുത്തുക എന്നത് സർവ്വസാധാരണമായ ഒന്നാണ്. അബദ്ധത്തിൽ ചാടുകയെന്നത് മനുഷ്യസഹജമാണ്. അതേക്കുറിച്ച് വലിയൊരു കോലാഹലം സൃഷ്ടിക്കേണ്ടതിന്റെ ആവശ്യമൊന്നുമില്ല. തെറ്റുകൾ നിസ്സാരങ്ങളാണ്. അവ അപ്രത്യക്ഷമായിത്തീരാൻ അല്പം അവബോധത്തിന്റെ ആവശ്യമേയുള്ളൂ. അതല്ലാതെ, തെറ്റുചെയ്തവനെ നിത്യനരകത്തിലേക്ക് തള്ളിവിടേണ്ടതില്ല.

നരകവും സ്വർഗ്ഗവും കടും ചായത്തിൽ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. ഒരിക്കൽ നരകത്തിൽ പെട്ടുകഴിഞ്ഞാൽ പിന്നെ എന്നെന്നേക്കുമായി അവിടെ കിടക്കേണ്ടിവരുമെന്നും ആരുംതന്നെ നരകത്തിൽ നിന്നും പുറത്തേക്കു വരുന്നില്ലയെന്നും പ്രചാരണമുണ്ട്. നരകത്തിന് പ്രവേശനദ്വാരം മാത്രമേയുള്ളു, പുറത്തേക്കുകടക്കുവാൻ വാതിലുകളില്ല എന്നത് വിചിത്രമാണ്. ഏറ്റവും ഭയങ്കരനായ കുറ്റവാളിയെപ്പോലും എന്നെന്നേക്കുമായി ശിക്ഷിക്കേണ്ടതുണ്ടോ എന്നത് ഇന്ന് ലോകം ചർച്ച ചെയ്യുന്ന വിഷയമാണ്.

ബർട്രന്റ് റസ്സൽ ഇങ്ങനെ എഴുതിയിട്ടുണ്ട്. "ഞാനെന്റെ പാപങ്ങളിലേക്ക് കണ്ണോടിക്കുമ്പോൾ ഞാനിതുവരെ ചെയ്തതായ എല്ലാ പാപങ്ങളും കുമ്പസാരിക്കുകയാണെങ്കിൽ അത്രയധികമൊന്നുമില്ല. അവ അത്രക്ക് മഹാപാപങ്ങളുമല്ല. നിത്യനരകം എന്ന ആശയവുമായി എനിക്ക് പൊരുത്തപ്പെടാനാവില്ല. എന്നെന്നേക്കുമായി നരകത്തിലേക്ക് തള്ളിവിടാൻ മാത്രം കുറ്റങ്ങളൊന്നും ആരും തന്നെ ഈ ഭൂമിയിൽ ചെയ്തിട്ടില്ല. എന്നെന്നേക്കുമായി സ്വർഗ്ഗസുഖം നുകരുന്നതിന് മാത്രം നന്മകളും ആരും തന്നെ ചെയ്തിട്ടുമില്ല.'

സ്വർഗ്ഗനരകങ്ങൾ ചർച്ച ചെയ്യുമ്പോൾ ഏറ്റവുമധികം ഉദ്ധരിക്കുന്ന വരികളാണ് മഹാകവി ഉള്ളൂരിന്റേത് :

*നമുക്ക് നാമേ പണിവത് നാകം*
*നരകവുമതുപോലെ.*


സ്വർഗ്ഗവും നരകവും മനസ്സിന്റെ അവസ്ഥാഭേദങ്ങളായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. എപ്പോഴെല്ലാം നമ്മൾ ക്ഷുഭിതനും ദേഷ്യം പിടിച്ചവനുമായിരിക്കുന്നുവോ അപ്പോഴെല്ലാം നമ്മൾ നരകത്തിലാണ്. എപ്പോഴെല്ലാം നമ്മൾ സ്നേഹത്തിലും കാരുണ്യത്തിലും നിലകൊള്ളുന്നുവോ അപ്പോഴെല്ലാം നമ്മൾ സ്വർഗ്ഗത്തിലുമാണ്. അതുകൊണ്ട് സ്വർഗ്ഗത്തിൽ നിന്ന് നരകത്തിലേക്കും നരകത്തിൽ നിന്ന് സ്വർഗ്ഗത്തിലേക്കും ഒരു ദിവസത്തിൽ തന്നെ പലപ്രാവശ്യം നമുക്ക് നീങ്ങിക്കൊണ്ടിരിക്കാനാവും.

നൂറു വയസ്സോളം പ്രായം ചെന്ന ഒരു സൂഫി സന്യാസിവര്യൻ മരിക്കാറായ സന്ദർഭത്തിൽ ശിഷ്യന്മാർ ചുറ്റും കൂടി നിന്നു. അവർ ചോദിച്ചു, "ഒരുകാര്യം ഞങ്ങൾക്ക് അറിയണമെന്നുണ്ട്. അങ്ങയോടൊപ്പം അൻപത് അറുപത് വർഷം ഒരുമിച്ച് കഴിഞ്ഞിട്ടും ഞങ്ങൾക്കത് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ദയവായി ഇപ്പോൾ അത് പറഞ്ഞുതന്നാലും."

"ശരി എന്താണ് നിങ്ങൾക്ക് അറിയേണ്ടത്. ചോദിച്ചോളൂ." സന്യാസി പുഞ്ചിരിച്ചു. അപ്പോൾ ശിഷ്യന്മാർ ചോദിച്ചത് ഇതായിരുന്നു.

"അങ്ങയെ ഇതുവരെ ദുഃഖിതനായോ സന്തോഷമില്ലാത്തവനായോ ഞങ്ങൾക്ക് കാണാൻ സാധിച്ചിട്ടില്ല. എന്താണതിന്റെ രഹസ്യം ?" സന്യാസി പറഞ്ഞു, "അതിൽ യാതൊരു രഹസ്യവുമില്ല. ഓരോ ദിവസവും രാവിലെ ഞാനുണരുമ്പോൾ കണ്ണുകൾ തുറക്കുന്നതിനുമുമ്പായി ഞാൻ എന്നോടുതന്നെ പറയും. ഒരു പുതിയ ദിനം വന്നെത്തിക്കഴിഞ്ഞു. ഇന്ന് ദുഃഖിതനാകണോ അതോ സന്തോഷവാനാകണോ. ഞാൻ എല്ലായ്പ്പോഴും പറയും. സന്തോഷവാനായിരിക്കണം. അതുകൊണ്ട് ഞാനെന്നും സന്തോഷവാനാണ്. രാവിലെ തന്നെ ഞാനത് നിശ്ചയിച്ചുറപ്പിക്കും. എനിക്കെന്റെ തീരുമാനത്തെ അനുസരിച്ചേ പറ്റൂ." മുനിയുടെ വാക്കുകൾ നമുക്ക് ഒരു പാഠമാണ്.

നമ്മൾ ദുരിതങ്ങളെ തിരഞ്ഞെടുക്കുകയാണ്. അതൊരു ശിക്ഷയല്ല. അതൊരു തീരുമാനമാണ്. നമ്മൾ ഉല്ലാസങ്ങളെ തിരഞ്ഞെടുക്കുകയാണ്. അതൊരു പ്രതിഫലമല്ല. അത് നമ്മുടെ ശക്തമായ തീരുമാനമാണ്. ●



# പുതുച്ചൊല്ലുകൾ II

സൈനുദീൻ മുണ്ടക്കയം
9947253006

**1.**
നിയമത്തിൻ വഴി
നേരേവാ നേരേപോ...
ഭരണത്തിൻ വഴി
ഞെളിഞ്ഞുവാ വളഞ്ഞുപോ...
നേരേവന്നൊളിഞ്ഞു,
വളഞ്ഞു, പുളഞ്ഞുപോകാൻ
നേരുള്ളോനെങ്ങനെയൊക്കും
പൊതുജനമേ ?!

**2.**
സ്വസ്ഥഭാരതം സ്വപ്നം കണ്ടതു
മഹാന്മാർ
അസ്വസ്ഥഭാരതത്തിനായി
അധികാരമോഹികളും !!

**3.**
ഭരണക്കാർക്കാണച്ഛാ ദിൻ
ഭാരതമക്കൾക്ക് ഛി, ഛി ദിൻ

**4.**
ഭരണക്കാരുടെ
'പരണം' (കവർച്ച) നാട്ടിൽ
പ്രഭുവർഗ്ഗത്തിൻ
'പരണം' ബാങ്കിൽ.

**5.**
കോടികൾ കട്ടവനൊളിവിൽപോയ്
കണ്ടുപിടിച്ചോൻ തടവറയിൽ.

**6.**
'യോജന'കൾക്കൊരു കുറവില്ല,
യോജകനെന്നും യാത്രയിലും;
യോജിപ്പിക്കാനറിയില്ല.
യാതനയെന്നും പ്രജകൾക്കും.

**7.**
ഗോമാതാവിൻ മലമൂത്രം,
ഭക്ഷണമാക്കാൻ ശീലിച്ചാൽ,
ഗോകുല പാലകരായീടാം
ഭക്ഷ്യസുരക്ഷയുറപ്പിക്കാം.

**8.**
ഭക്ഷിക്കാനൊരു വകയില്ലേൽ
കക്കൂസെന്തിന് പണിയേണം.

**9.**
കുലവെട്ടും പോൽ തലവെട്ടുന്നു,
കലികാലം ഇത് കൊലകാലം.

**10.**
കളി പറഞ്ഞാൽ കലിയിളകും
കലിയടക്കാൻ കൊല നടത്തും.

**11.**
വിവേകമുള്ളിലുദിക്കാത്തോർ
വികാര ജീവികളായീടും.

**12.**
മാൻവേട്ടയ്ക്ക് ജയിൽവാസം
പെൺവേട്ടയ്ക്ക് പുരസ്ക്കാരം.

**13.**
വേലിയിലെത്തി വേലികഴിച്ചു
വേളി പിണങ്ങി, വേഴ്ച മുറിഞ്ഞും

**14.**
വോട്ടുയാചിച്ചു വന്നവൻ,
നേട്ടമുണ്ടാക്കി യാത്രയായ്;
നാട്ടുകാരുടെ യാചന,
കേട്ടതില്ലവൻ മന്ത്രിയായ്.

**15.**
പുതുനോട്ടുകൾ
കാണാനെന്തുരസാ...
സുവർണ്ണ നൂലിന്റെ കോട്ടുപോലെ.

**16.**
ഏടിയെമ്മിന്റെ മുന്നിൽ വരിനിന്നു
തളർന്നവർക്കായ്
ടോക്യോയിൽ നിന്നൊരു
സല്യൂട്ട് വന്നു.
എന്തതിശയം !
ഭരണം താനേ വളർന്നതറിഞ്ഞില്ല
ജനം തളരുന്തോറും
വളരുന്നു ഭരണം !

**17.**
നോട്ടയുടെ തലയിലൊരു ചൊട്ട്
വോട്ടുവീണത് ബഡായിരാമന്
വോട്ടുചെയ്തോൻ മണ്ടൻ,
വോട്ടുനേട്യോൻ ചമത്തൻ !!

**18.**
ബട്ടനമർത്താം വോട്ടും ചെയ്യാം
കിട്ടുവതാർക്കെന്നാരറിവൂ.

**19.**
പെണ്ണിൻ പവിത്രത
കാത്തുസൂക്ഷിക്കാൻ
പുരുഷൻ തന്നെ കാവലാകണം.
കാവൽക്കാരൻ കശ്മലനെങ്കിൽ
കാമിനിയവളുടെ ജന്മം
ശൂന്യം/നരകം.

**20.**
ലിംഗാസുരരിതാ പാഞ്ഞുനടപ്പൂ
മങ്കാദഹനം മോഹിച്ചു
കാമാർത്തന്മാർക്കില്ല മനസ്സ്
മകളും ഭാര്യയുമൊരുപോലെ.

**21.**
പശുവിനെ അമ്മയായി
പൂജിക്കുന്നവൻ
പെണ്ണിനെ ഇരയാക്കി
നശിപ്പിക്കുന്നു.

**22.**
മാംസബുക്കുകൾ മൃഗമെന്നാലും
തൻ വർഗ്ഗത്തെ തിന്നില്ല.

**23.**
മനുഷ്യൻ കേമനെന്നാകിലോ
പെണ്ണിനെ തിന്നും രുചിയോടെ.

**24.**
ഹർത്താലെന്നു കേട്ടാലോ...
സടകുടഞ്ഞെണീക്കണം.
പൊതുജനങ്ങൾ ബന്ധികൾ
പൊളിച്ചടുക്കണമൊക്കേയും.
വഴിപാടുപോലെയാചരണം,
സ്തംഭിപ്പിക്കുന്നിതു സർവ്വവും
ഫലം നാസ്തിയെന്നാലോ
ദിഗ്വിജയഘോഷണം !!

**25.**
എന്നാലിനിയൊരു ഹർത്താലാവാം
കാട്ടാനയ്ക്കും പുലിക്കുമെതിരായ്!!

**26.**
ബന്ദുപെറ്റതു ഹർത്താലിനെ,
ഇനി ഹർത്താലിൻ കുഞ്ഞാരോ ?!

**27.**
നോക്കിനിന്നോനു കൂലി
പണിയെടുത്തോൻ 'കൂലി'.

**28.**
പണി ചെയ്യാതെ കൂലിവാങ്ങി
ഉളുപ്പില്ലാതെ പോയവൻ.
പണമെണ്ണിത്തീരാതെ
പിണമായി വീണുപോൽ.

**29.**
നാല്ക്കവലകളിൽ പ്രതിമകൾ
നാടുവാഴിതൻ പരിഷ്ക്കാരം
നാടുനീങ്ങിയോരുടെ പ്രതിബിംബം
നിത്യം ഒരേ ഭാവം, ഒരേ നില്പ്.

**കഴിഞ്ഞ ലക്കത്തിലെ**
**പുതുച്ചൊല്ലുകളിലൊരു തിരുത്ത്**

ആണ് ആണായാൽ വിരുതേറും
പെണ്ണ് ആണായാൽ
പഴി കേൾക്കും.

# പ്രാർത്ഥന എന്നത് കർമ്മമാണ്



**ചെറിയാൻ തോട്ടുങ്കൽ**
**കോഴിക്കോട്**

**വ്യ**ക്തി ജീവിതത്തിൽ ജീവിക്കാൻവേണ്ടി ചെയ്യുന്ന തൊഴിൽ ഒരു കർമ്മം തന്നെ. പക്ഷേ, തന്റെ പ്രവൃത്തിയോട് കൂറ് കാണിച്ചാൽ അതിൽനിന്നും പ്രാർത്ഥന ഫലം ലഭിച്ചു എന്നുവരാം. ഇവിടെ കർമ്മം എന്നുപറയുന്നത് തന്റെ ധാർമ്മികമായ പ്രവൃത്തനമാണ് സൂചിപ്പിക്കുന്നത്. ഗാന്ധിജിയും ഇതുതന്നെയാണ് പറഞ്ഞത് – 'കർമ്മമാണ് പ്രാർത്ഥന' എന്ന്. തന്റെ ജീവിതം പോലെ തന്നെയാണ് അന്യന്റെയും. തനിക്കുള്ള വിഷമങ്ങൾ, വേദനകൾ, ബുദ്ധിമുട്ടുകൾ എന്നിവ മറ്റുള്ളവർക്കും ഉണ്ടെന്നു കരുതുക. അതനുസരിച്ച് പ്രവർത്തിച്ചാൽ തന്റെ ധാർമ്മികത പുലർത്തി. 'മന്ത്രം ഉരുവിടുന്ന ചുണ്ടുകളേക്കാൾ എനിക്കിഷ്ടം കർമ്മം ചെയ്യുന്ന കൈകൾ ആണ്' എന്നൊരു മഹാൻ പറഞ്ഞിട്ടുണ്ട്. 'സ്വന്തം കാര്യം സിന്താബാദ്' എന്ന് കണക്കാക്കുന്നവർ തന്റേതായ കാര്യങ്ങൾ മാത്രം ശ്രദ്ധിക്കുകയും മറ്റുള്ളവർ എന്തായാലും എനിക്ക് എന്താണ് എന്ന് വിചാരിക്കുകയും ചെയ്യുന്നതാണ് അധാർമ്മികത. ചൂഷണവും വഞ്ചനയും കൊണ്ട് ഉദരം വീർപ്പിച്ചാൽ ഫലം ദുർഘടമായി തീരുന്നു. പക്ഷേ, അന്നേരം അത് അറിയണമെന്നില്ല, ഉപ്പ് തിന്നവൻ വെള്ളം കുടിക്കും എന്ന പഴമൊഴിയിൽ അത് അവസാനിക്കും. ഇത്തരത്തിലുള്ളവരുടെ ജീവിതം സമയം വെറുതെ പാഴാക്കാതെ തെറ്റായ നടപടിയിൽ നിന്നും ഒഴിഞ്ഞുമാറി സമയം വെറുതെ തള്ളി നീക്കുവാൻ വേണ്ടി കാത്തിരിക്കുന്നവർ തങ്ങളുടെ സമീപത്തുള്ള രോഗികളായവരുടെ വീടുകൾ സന്ദർശിച്ച് അവരുമായി ഇടപെട്ട് സാന്ത്വനവാക്കുകളാൽ എന്തെങ്കിലും ആശ്വസിപ്പിച്ചാൽ അത് വളരെയധികം ഗുണകരമായിരിക്കും. അത് രോഗികൾക്ക് ഒരു ആശ്വാസവും കൂടിയാണ്. അവരുടെ മാനസികാവസ്ഥക്ക് മാറ്റം സംഭവിക്കും. എല്ലാവർക്കും ഉണ്ടാകുന്ന അവസ്ഥയാണ് സുഖവും ദുഃഖവും, ഉയർച്ചകളും താഴ്ചകളും. ഇത് സമയോചിതം പോലെ അനുഭവപ്പെടുന്നു. പരാജയവും നിരാശയും വരുമ്പോൾ കുറുക്കുവഴികൾ ചിന്തിക്കാതെ തന്നെക്കാളും പരാജയപ്പെട്ടവരുടെ പട്ടികകൾ ഒന്നു പരിശോധിക്കുക. അപ്പോൾ നിങ്ങളായിരിക്കും ഭാഗ്യവാന്മാർ. ചിന്തകൾ പലപ്പോഴും ഗുണദോഷസമ്മിശ്രങ്ങൾ ആയിരിക്കും. എങ്കിൽപോലും, ഒരുവശം മാത്രം ചിന്തിക്കാതെ, മറുവശം കൂടി ചിന്തിക്കുമ്പോൾ തെറ്റ് എന്ന് തോന്നിയത് ശരിയായിരിക്കും. പലരുടേയും ജീവിതാനുഭവങ്ങൾ നമ്മളെ സ്വാധീനിക്കാൻ ഇടയുണ്ട്. അത് മുഴുവനായി നടപ്പിൽ വരുത്താൻ കഴിഞ്ഞില്ലെങ്കിൽ പോലും ആ വഴിക്ക് ചിന്തിക്കുന്നവർക്ക് നല്ലതുമാത്രം വരും. മിക്ക വീടുകളിലും പ്ലാസ്റ്റിക് നിർമ്മിതമായ ദൈവ രൂപങ്ങളും മറ്റ് പ്ലാസ്റ്റിക് അലങ്കാര വസ്തുക്കളും കൊണ്ട് വീട് നിറഞ്ഞിരിക്കുകയാണ്. ആരെയോ ആകർഷിക്കാൻ വേണ്ടി മാത്രം ചിലരുടെ മനസ്സും ഒരുതരം പ്ലാസ്റ്റിക് നിർമ്മിതമാണെന്ന് തോന്നിപ്പോകും. പെരുമാറ്റവും, ജീവിതരീതികളും കാണുമ്പോൾ. ആരാധനാലയങ്ങളിൽ പോകുന്നതിനുപകരം ആഴ്ചയിൽ ഒരു ദിവസമെങ്കിലും അടുത്തുള്ള ആശുപത്രി സന്ദർശിക്കുക. മനഃസമാധാനം താനെ ലഭിക്കും. ക്ഷേത്രങ്ങളിലോ പള്ളികളിലോ പോകണ്ട എന്നല്ല ഉദ്ദേശിക്കുന്നത്. പൊങ്ങച്ചം കാണിക്കാനും ആളുകളുടെ കൂട്ടത്തിൽ താൻ മാത്രം കേമൻ എന്നു വിശേഷിപ്പിക്കുവാനുമുള്ള ഒരു കേന്ദ്രമായിരിക്കുകയാണ് ഇന്ന് ആരാധനാലയങ്ങൾ.


എല്ലാവർക്കും സ്ഥാനങ്ങളും പദവികളും ഉണ്ട്. പക്ഷേ, ഓരോരുത്തരുടേയും നിലപാട് അനുസരിച്ചാണ്. ആരും ആരേക്കാളും മോശമല്ല എന്ന് കരുതുക. താൻ ചെയ്യുന്ന തെറ്റുകൾ തിരുത്തുകയാണ് മനസാക്ഷിയുള്ളവർ ചെയ്യുന്നത്. ഇന്ന് സ്നേഹം, കരുണ, ദയ, കൃപ ഇതെല്ലാം പഴഞ്ചൻ വാക്കുകൾ മാത്രം ആയി. ജീവിതമാർഗ്ഗങ്ങൾക്കായി വിൽപ്പന ചരക്ക് പോലെ ഈ വാക്കുകൾ ഉപയോഗപ്പെടുത്തുന്നു. തെറ്റ് എല്ലാവരിലും ഉണ്ടാകും. തെറ്റ് ചെയ്തിട്ടില്ലെന്ന് വാദിക്കുന്നവർ ഒന്നും പ്രവർത്തിച്ചിട്ടില്ല. പ്രവർത്തിച്ചാലല്ലേ തെറ്റും ശരിയും കാണുകയുള്ളു. ഗീതയിൽ പറഞ്ഞത് ഓർക്കുക – 'നിന്നെ നീ തന്നെ അറിയുകിൽ നിനക്കില്ല ഹാനി.' തന്നെ താൻ അറിയാത്തതുകൊണ്ടാണ് പലതും സംഭവിക്കുന്നത്. പലർക്കും തെറ്റ് തിരുത്തണമെന്നുണ്ട്. പക്ഷേ, അഭിമാനം സമ്മതിക്കുകയില്ല. അവർ ചെയ്യുന്ന തെറ്റുകൾ ശരിയാണെന്ന് സമർത്ഥിച്ചുകൊണ്ടേയിരിക്കും. എന്നാൽ തിരുത്തുവാൻ വേണ്ടി വെമ്പൽകൊള്ളുകയും ചെയ്യുന്നു. സ്വയം നല്ല വഴിക്ക് ചിന്തിക്കുക, ജീവിതം സുരക്ഷിതമാക്കുക.

●

**ഏക തത്ത്വയിലേയ്ക്ക്**
**മികവുറ്റ സൃഷ്ടികൾ**
**അയച്ചുതരിക.**

**വരിസംഖ്യ എടുത്തും**
**വരിസംഖ്യ യഥാസമയം**
**പുതുക്കിയും**
**സഹകരിക്കുക**

**പരസ്യങ്ങളും നല്കാം!**



# പൂജ്യം നിസ്സാരക്കാരനല്ല

പി. ആർ. ജോസ്
9847946094

**ശൂ**ന്യതയുടെ ചരിത്രം മനുഷ്യൻ ഏറ്റവും ഒടുവിലായി കണ്ടെത്തിയ അക്കമാണ് പൂജ്യം. ഇന്ത്യക്കാരാണ് പൂജ്യം കണ്ടുപിടിച്ചതെന്ന് പൊതുവേ നമ്മളെല്ലാം അഭിമാനത്തോടെ പറയും. അത് ചരിത്രപരമായ ഒരു യാഥാർത്ഥ്യമാണ്. 1800 ബി.സി.യിലെ ബാബിലോണിയക്കാരുടെ ഇടയിൽ ശൂന്യതയെ ഗണിതപരമായി നിർവ്വചിക്കാനുള്ള വഴികളുണ്ടായിരുന്നെങ്കിലും അതിന് ഇന്ന് നമ്മൾ കാണുന്ന പൂജ്യവുമായി വലിയ ബന്ധമൊന്നുമില്ലായിരുന്നു. പിന്നീട് എ. ഡി. 628ൽ ഭാരതീയനായ ബ്രഹ്മഗുപ്തനാണ് പൂജ്യത്തെ ഇന്ന് കാണുന്ന രീതിയിൽ ആദ്യമായി നിർവ്വചിച്ചത്. കോഴിമുട്ട കുത്തി നിർത്തയതുപോലുള്ള ഒരു രൂപവും അതിന് കൊടുത്തത് ബ്രഹ്മഗുപ്തൻ തന്നെ.

ഗണിത വിദ്യകളിലും ആശയങ്ങളിലും മുമ്പന്മാരായിരുന്ന ഗ്രീക്കുകാർക്കും റോമക്കാർക്കും എന്തുകൊണ്ടാണ് പൂജ്യം എന്ന സംഖ്യയെ തിരിച്ചറിയാൻ കഴിയാതിരുന്നതെന്ന ചോദ്യം പ്രസക്തമാണ്. എന്നാൽ ഇന്ത്യയിലും അറേബ്യൻ നാടുകളിലെല്ലാം പൂജ്യം ഉപയോഗിച്ച് കണക്കുകൂട്ടലുകൾ നടത്തിപ്പോന്ന കാലത്തെല്ലാം പൂജ്യം ഇല്ലാത്ത റോമൻ അക്കങ്ങളെക്കൊണ്ട് പഴയ യൂറോപ്യൻ സംസ്കാരം കഷ്ടപ്പെടുകയായിരുന്നു. 13ാം നൂറ്റാണ്ടായപ്പോഴേക്കും പണമിടപാടുകൾ കൂടുതൽ വിപുലമായി രൂപം കൊള്ളുകയും ബാങ്കിങ് സമ്പ്രദായത്തിന്റെ വിവിധ രൂപങ്ങൾ നിലവിൽ വരികയും ചെയ്തതോടെ ഇറ്റലിയിലും മറ്റും പണമിടപാടുകൾ റോമൻ സംഖ്യവ്യവസ്ഥയെ ഒഴിവാക്കി ഇന്ത്യൻ അറേബ്യൻ സംഖ്യയെ ഉപയോഗിക്കാൻ തുടങ്ങി.

1299ൽ പൂജ്യം ഉപയോഗിച്ചുള്ള എല്ലാ കണക്കുകൂട്ടലുകളും ഇറ്റലിയിൽ നിരോധിക്കപ്പെട്ടു. പിന്നീട് കച്ചവടക്കാർ പൂജ്യത്തേയും ഇന്ത്യൻ അറേബ്യൻ സംഖ്യയേയും കള്ളക്കടത്തുവസ്തുക്കൾ ഉപയോഗിക്കുന്നതുപോലെ രഹസ്യമായി ഉപയോഗിക്കാൻ തുടങ്ങി. കേവലം എണ്ണത്തെ സംബന്ധിക്കുന്ന കാഴ്ച്ചപ്പാടുകൾ കൊണ്ടുമാത്രം നിലനിൽക്കുന്നു. ഒന്നല്ല സംഖ്യകൾ. അതിനപ്പുറം വളരെ സൂക്ഷ്മതലത്തിൽ നിലനിൽക്കുന്ന ഭൗതിക പ്രപഞ്ചത്തെ സംബന്ധിക്കുന്ന കാഴ്ചപ്പാടുകൾ സ്വാധീനിച്ചിരുന്നു. ഓരോ സംഖ്യയും കേവലം എണ്ണം മാത്രമല്ല മനുഷ്യസമൂഹം താൻ ജീവിച്ചിരിക്കുന്ന പ്രപഞ്ചത്തെക്കുറിച്ച് ഉണ്ടാക്കിയെടുത്ത ഉൾക്കാഴ്ചയുടെ ചരിത്രത്തെക്കൂടിയാണ് പ്രതിനിധാനം ചെയ്യുന്നത്. ആ ചരിത്രമാണ് യൂറോപ്പിനെ പൂജ്യത്തിൽ നിന്നും അകറ്റി നിർത്തിയത്.

ബ്രഹ്മഗുപ്തനാണ് ആദ്യമായി സംഖ്യകളെ ഒരു ഭൗതിക സാധ്യതയ്ക്കും ക്ഷേത്രഗണിതത്തിലൂടെ നിലനിൽക്കുന്ന യഥാർത്ഥ്യത്തിനും ഉൾക്കൊള്ളുന്ന ആശയമായി അവതരിപ്പിച്ചത്. ഒരു ചെറിയ സംഖ്യയിൽ നിന്നും ഒരു വലിയ സംഖ്യ കുറച്ചാൽ എന്ത് സംഭവിക്കും എന്ന ചോദ്യം സാമാന്യയുക്തിക്ക് അതീതമായിരുന്നു. ഭൗതിക യാഥാർത്ഥ്യങ്ങളേയും ക്ഷേത്രഗണിത രൂപങ്ങളേയും ബന്ധപ്പെടുത്തി ആലോചിച്ചാൽ കുറഞ്ഞ സംഖ്യയിൽ നിന്നും കൂടിയ സംഖ്യ കുറയ്ക്കാൻ സാധിക്കില്ല. അത് സാധ്യമാകണമെങ്കിൽ സംഖ്യകൾ കേവല സാരാംശങ്ങൾ ഉൾക്കൊള്ളുന്ന ആശയങ്ങൾ മാത്രമാകണം. കുറഞ്ഞ സാധ്യതകളിൽ നിന്നും കൂടിയ സാധ്യതകൾ എടുത്തുമാറ്റിയാൽ ബാക്കിയാകുന്നത് സാധ്യതകളുടെ അഭാവമായിരിക്കും. ഈ അഭാവങ്ങളെയാണ് നെഗറ്റീവ് സംഖ്യകളെക്കൊണ്ട് വിശദീകരിക്കുന്നത്. അങ്ങിനെ നെഗറ്റീവിനേയും പോസിറ്റീവിനേയും വേർതിരിക്കുന്നതാണ് പൂജ്യം. ഒന്നുമില്ലാത്ത പൂജ്യത്തെപ്പറ്റിയുള്ള ചരിത്രമാഹാത്മ്യം മനസ്സിലാക്കുമ്പോൾ പൂജ്യത്തെ നിസ്സാരമാക്കാനോ അവജ്ഞയോടെ കാണാനോ പാടില്ലാത്തതാണ്.

■കവിത

# സ്വാർത്ഥത (എന്റേത്)



ശ്രീജ ജയചന്ദ്രൻ
7736145646

നിനക്കുഞാനാരായിരുന്നു
ചൊല്ലൂ...
നിനക്കു ഞാനാരായിരുന്നു...
കുളിരുനൽകും
തൂമഞ്ഞിൻപുതപ്പോ...
ദാഹം തീർക്കും കാട്ടരുവിയോ...
ചൂടുതിർക്കും പ്രഭാതരശ്മിയോ...
എന്നെനീയറിഞ്ഞീലയെപ്പൊഴും...
തലോടിയില്ല... നീ...
ചേർത്തണച്ചീല
നിൻ തലോടലെൻ
കരുത്തെന്നറിഞ്ഞിട്ടും
ജന്മങ്ങൾ നിന്റെ
കാൽക്കീഴിൽ വെച്ചിട്ടും
എന്നെ നീയറിഞ്ഞീലയെപ്പൊഴും
ആ വിരൽത്തുമ്പെങ്കിലുമേക-
ലവ്യനെപ്പോൽ തരുമോ നീ...
മോഹിക്കുന്നു
പാടില്ലെന്നറിഞ്ഞിട്ടും
പ്രണയം പഠിപ്പിച്ചയീയെനിക്കായ്
തരുമോ മടിയാതെ
വിരൽത്തുമ്പൊന്ന്
എന്നേക്കുമായെൻ
തിരുനെറ്റിയിൽ സൂര്യനായ്
ചേർത്തുവെച്ചീടുവാൻ...

NB: (ഏത് സങ്കടക്കടൽ
താണ്ടാനുമാകുമാ വിരലിൻ
തൂവൽ സ്പർശമേറ്റാൽ)



# മറക്കാനാവാത്ത യാത്ര

**സുകുമാരൻ നെല്ലാനിക്കാട്**
**9495276965**

*(പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി, മുൻ വിദ്യാഭ്യാസ മന്ത്രിയുമായി ഒരു ദിവസം യാത്ര ചെയ്യുവാൻ ഇടയായി. ആ മഹാഭാഗ്യത്തിന് ഇടയാക്കിയത് കെ. പി. ടി. എഫ്. എന്ന സംഘടനയിലൂടെ)*

**പ്രൊ**ഫസർ. ജോസഫ് മുണ്ടശ്ശേരി ഈ ലോകത്തോട് യാത്രയായിട്ട് വർഷങ്ങളേറെയായി എങ്കിലും അദ്ദേഹത്തെപ്പറ്റിയുള്ള നല്ല ഓർമ്മകൾ മലയാളികൾ പ്രത്യേകിച്ച് അദ്ധ്യാപകർ മറക്കാനിടയില്ല.

ഒരുമാസത്തെ സേവന പ്രതിഫലം മുഴുവൻ സംഖ്യയ്ക്കും അദ്ധ്യാപകരെക്കൊണ്ട് ഒപ്പിടുവിച്ച് മാനേജർ പകുതി മാത്രം കൊടുത്തിരുന്ന കാലം. അതിനുവിരാമം കുറിച്ച് മുഴുവൻ പ്രതിഫലവും അദ്ധ്യാപകർക്ക് ലഭിക്കുവാൻ ഇടയാക്കിയ വിദ്യാഭ്യാസനിയമം കൊണ്ടുവന്നത് 1957 ലെ ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള പ്രഥമ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയാണ്. പ്രൊഫസർ. മുണ്ടശ്ശേരി മാസ്റ്റർ അന്നത്തെ വിദ്യാഭ്യാസ മന്ത്രി നിയമസഭയിൽ അവതരിപ്പിച്ച് പാസാക്കിയ വിദ്യാഭ്യാസ നിയമത്തിന്റെ ഫലമാണ് എന്ന് അറിയുന്ന പുത്തൻ തലമുറ വളരെ വിരളമാണ്.

ആ ബില്ലിന്റെ പേരിൽ ഇവിടുത്തെ കുത്തക മുതലാളി സമൂഹവും മാനേജുമെന്റുകളും മതമേലദ്ധ്യക്ഷന്മാർ ഒത്തുചേർന്നു ശ്രീ. മന്നത്തു പത്മനാഭനെ മുന്നിൽ നിറുത്തി – വിമോചനസമര'മെന്ന പേരിൽ നടത്തിയ ആഭാസ സമരത്തിനു 'അല്ലേ ലുയം' പാടിയ കേന്ദ്ര സർക്കാരും ഒത്തുചേർന്നപ്പോൾ അധികാരത്തിന്റെ ധാർഷ്ട്യത്തിൽ ഒരു ജനകീയ സർക്കാരിനെ താഴെയിറക്കി.

പക്ഷെ അദ്ധ്യാപക സമൂഹം ധീരമായി മുന്നോട്ടുനീങ്ങി. അവർ കേരളാ പ്രൈവറ്റ് ടീച്ചേഴ്സ് ഫെഡറേഷൻ എന്ന സംഘടന രൂപീകരിച്ച് പ്രൈവറ്റ് മേഖലയിലു ള്ള മുഴുവൻ അദ്ധ്യാപകരേയും അണിനിരത്തി ധീരമായി സുപ്രീം കോടതി വരെ പോയി നിയമം അവർക്കനുകൂലമായി നിലനിറുത്തി.

കോടതി വിധി സമ്പാദിച്ച ശേഷം കെ. പി. ടി. എഫ്. പിരിച്ചുവിട്ടു. പിന്നീട് കെ. പി. ടി. യു. (കേരളാ പ്രൈവറ്റ് സ്കൂൾ ടീച്ചേഴ്സ് യൂണിയൻ) എന്ന സംഘടനയ്ക്ക് രൂപം കൊടുത്തു.

കെ. പി. ടി. എഫിൽ ഉണ്ടായിരുന്ന പ്രധാന നേതാക്കളെല്ലാവരും കെ. പി. ടു. വിലും നേതൃത്വം നൽകി. ശ്രീ. അമ്പലപ്പുഴ നാരായണ പണിക്കർ പ്രസിഡന്റും ശ്രീ. ഇലവങ്കറ ഗോപാലക്കുറുപ്പ് ജനറ ൽ സെക്രട്ടറിയുമായി രൂപം കൊണ്ട സംഘടനയിൽ കേരളത്തിലെ പുരോഗമനവാദികളായ ശ്രീമാന്മാർ വി. വി. ദക്ഷിണാമൂർത്തി, കുഞ്ഞിക്കണ്ണൻ മാസ്റ്റർ, തോപ്പിൽ ശ്രീധര ൻ നായർ തുടങ്ങി പ്രഗത്ഭമതിക ളായ നൂറോളം നേതാക്കളടങ്ങിയ കമ്മറ്റിയിൽ അധികമൊന്നും അറിയപ്പെടാതിരുന്ന ഈ ലേഖകനും ഉൾപ്പെട്ടിരുന്നു എന്നുള്ളത് അഭിമാനപൂർവ്വം ഓർക്കുന്നു.

സാഹിത്യ അക്കാദമി മു ൻ സെക്രട്ടറിയായിരുന്ന യശഃശരീരനായ ശ്രീ. പി. കെ. ശിവശങ്കരപ്പിള്ള സാറിന്റെ ശേഷക്കാരനായ ശ്രീധരൻ നായർ സാഹിത്യകാര നും പ്രാസംഗികനും, സംഘാടക നും പുരോഗമനാശയക്കാരനുമായിരുന്നു. അക്കാലത്ത് മിഡിൽസ്കൂൾ ക്ലാസ്സുകളിലെ പ്രകൃതിപാഠം ടെക്സ്റ്റുബുക്ക് അദ്ദേഹം രചിച്ചിട്ടുള്ളത് ലേഖകൻ പഠിച്ചിരുന്നു. ഇന്നും ആ ബുക്ക് നിധി പോലെ ഞാൻ സൂക്ഷിച്ചുവച്ചിട്ടുണ്ട്. എന്നെ അദ്ദേഹത്തിന്റെ കൂടെ ചേർത്ത് ആശയങ്ങൾ പകർന്നുതന്ന് പുരോഗമന ചിന്തയിലേക്കും തത്വാര കമ്മ്യൂണിസ്റ്റുപാർട്ടിയിലേക്കും കൊണ്ടുചെന്നാക്കി ഉറപ്പിച്ചുനിറുത്തിയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ശ്രീ. റ്റി. എസ്സിനാണെന്നതിൽ ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു. അദ്ദേഹം പഠിപ്പിച്ചിരുന്ന സ്കൂളിൽ ഹെഡ് മാസ്റ്ററും പെൻഷൻ പറ്റിയ ശേഷം എൻ. എസ്. എസ്. സ്കൂൾസ് ജനറൽ മാനേജരുമായി 2007ൽ ആ പ്രതിഭാധനൻ (മാർച്ച് 23ന്) നമ്മെ വിട്ടുപിരിഞ്ഞു.

കെ. പി. ടി. എഫിന്റെ സംസ്ഥാന സമ്മേളനം തിരുവനന്തപുരം പുത്തരികണ്ടം മൈതാനിയിൽ 1959ൽ നടന്നു. ആ യോഗത്തിൽ ശ്രീ. പ്രൊ. മുണ്ടശ്ശേരി മാസ്റ്ററായിരുന്നു പ്രധാന പ്രാസംഗികൻ. അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവരാൻ നറുക്കു വീണത് എനിക്കാണ്. അന്ന് പ്രായത്തിലും വലുപ്പത്തിലും ചെറുപ്പം തന്നെ. അദ്ധ്യാപകനാണെന്നു പറഞ്ഞാൽ ആർക്കും വിശ്വാസം വരില്ല. റ്റി. എസ്. എന്റെ പക്കൽ ഒരെഴുത്തും ചിലവിനായി കുറേ പണവും ഏല്പിച്ചു. കോട്ടയം കഴിഞ്ഞ് വെളിയിൽ പോയിട്ടില്ലാത്ത ഞാൻ സധൈര്യം ക്ഷണം സ്വീകരിച്ചു.

അടുത്ത ദിവസം രാവിലെ തൃശ്ശൂർക്കുവണ്ടി കയറി പറഞ്ഞിരുന്നതനുസരിച്ച് ആദ്യം നവജീവൻ പ്രസ്സിൽ എത്തി കാര്യം പറഞ്ഞു. അന്നേദിവസം അവിടെ ക്യാമ്പ് ചെയ്യാനുള്ള സൗകര്യം പ്രസ്സിലെ സഖാക്കൾ ചെയ്തുതന്നു.

അടുത്തദിവസം മംഗളോദയം ബുക്ക് ഡിപ്പോയിൽ എത്തി ഞാനവിടെ ചെല്ലുമ്പോൾ ഒരു ചാരുകസേരയിൽ ചാരിക്കിടന്ന് പത്രം വായിക്കുന്ന പ്രൊ. മുണ്ടശ്ശേരി തല ഉയർത്തിനോക്കി. ഞാൻ ഭവ്യതയോടു

കൂടി എഴുത്തുകൊടുത്തു. വായിച്ചു കഴിഞ്ഞ് വീണ്ടും തലയുയർത്തി നോക്കി “ഇയാള് മാസ്റ്ററാ...?” എന്നൊരു ചോദ്യം. എന്നെ കണ്ടിട്ട് മാസ്റ്ററാണെന്ന് അദ്ദേഹത്തിനും തോന്നിയില്ല.

“അവിടെ ഇരിക്കു. പോകാൻ കുറച്ചു താമസമുണ്ട്.” കുറച്ചുകഴിഞ്ഞ് ഒരു കാർ ഡിപ്പോയുടെ വാതിൽക്കൽ വന്നുനിന്നു. വണ്ടിയിൽ നിന്നും തനി കത്തോലിക്കാ സ്ത്രീകളുടെ വേഷം ധരിച്ച (ചട്ടയും മുണ്ടും നേര്യതും) മദ്ധ്യപ്രായം കഴിഞ്ഞ ഒരു സ്ത്രീയും ആറേഴ് വയസ്സു പ്രായമുള്ള ഒരു പെൺകുട്ടിയും ഇറങ്ങി. മുണ്ടശ്ശേരി മാസ്റ്ററുടെ ഭാര്യയാണെന്ന് മനസ്സിലായി. അവർ അദ്ദേഹത്തിന്റെ അടുത്തുചെന്നിരുന്നു. കുട്ടി അച്ഛന് ഒരു ഉമ്മ കൊടുത്ത് അവിടെ ഓടിനടന്നു.

കുറേ കഴിഞ്ഞ് നമുക്ക് പോകാം എന്ന് പറഞ്ഞ് അദ്ദേഹവും കുടുംബവും കാറിൽ കയറി. ശങ്കിച്ചുനിന്ന എന്നോട്, “കേറെടോ ?” മുന്നിൽ ഡ്രൈവറുടെ അടുത്ത് ഞാൻ കയറി. ഞങ്ങൾ യാത്ര തുടങ്ങി.

വൈക്കം ബോട്ടുജട്ടിക്ക് സമീപമുള്ള റ്റി. ബി. യുടെ മുറ്റത്ത് വണ്ടി നിറുത്തി. മാസ്റ്ററും കുടുംബവും അപ്പ്സ്റ്റെയറിലേക്കുള്ള കോവണി കയറുന്നു. ഞാൻ എന്താ ചെയ്യേണ്ടതെന്ന് അറിയാതെ മുറ്റത്തുതന്നെ നിന്നു. പുറകോട്ടുനോക്കി മാസ്റ്റർ എന്നെ കാണാത്തതുകൊണ്ട് “വാടോ” എന്ന് പരുക്കൻ ശബ്ദത്തിൽ കൈയ്യെടുത്ത് മാടി വിളിച്ചു. ഞങ്ങളും അനുസരണയോടെ പുറകെ കൂടി.

അദ്ദേഹത്തിന്റെ മുന്നിൽ ആദരവോടെ ജീവനക്കാർ സേവനനിരതരായി. നേരത്തെ മാസ്റ്റർ ഫോണിലൂടെ വിവരങ്ങൾ അറിയിച്ചിരുന്നതായി ജീവനക്കാരുടെ പെരുമാറ്റം കൊണ്ട് ഞങ്ങൾക്ക് മനസ്സിലായി. വിഭവസമൃദ്ധമായ സസ്യാഹാരത്തിനു ശേഷം അദ്ദേഹം മറ്റൊരു മുറിയിലേക്ക് വിശ്രമത്തിനായി പോയി. ഞങ്ങൾ താഴേക്കും. വിശ്രമത്തിനുശേഷം ഞങ്ങളുടെ അടുത്തുവന്ന് നമുക്ക് പോകാം എന്ന് പറഞ്ഞു.

വൈകുന്നേരം ആറര മണിയായി ഞങ്ങൾ തിരുവനന്തപുരം സ്റ്റാച്യു ജംഗ്ഷനിൽ അവിടെനിന്നും ജഗതിയിലേക്ക് അദ്ദേഹം പോകുമ്പോൾ, ‘ഇയാൾ ഒരു ഓട്ടോ പിടിച്ച് സ്റ്റേറ്റ് കമ്മറ്റി ഓഫീസിലേക്ക് പോകാനും’ പറഞ്ഞു. സ്റ്റേറ്റ് കമ്മറ്റി ഓഫീസിലെത്തി റിപ്പോർട്ട് ചെയ്തു. ഭാഗ്യത്തിന് ശ്രീധരൻ നായർ സാർ അവിടെ ഉണ്ടായിരുന്നു. അദ്ദേഹം എന്റെ അടുത്ത് വന്ന് കയിൽ പിടിച്ച് കുലുക്കിക്കൊണ്ട് യാത്രയെ കുറിച്ച് ചോദിച്ചു നന്ദി പ്രകാശിപ്പിച്ചു. മുണ്ടശ്ശേരി മാസ്റ്റർ മകളുടെ വീട്ടിലേക്കാണ് പോയതെന്ന് ശ്രീധരൻ നായർ സാർ പറഞ്ഞു.

അതിനുശേഷം മുണ്ടശ്ശേരി മാസ്റ്ററെ കാണാനും സംസാരിക്കാനും എനിക്ക് ഭാഗ്യം കിട്ടിയില്ല. അങ്ങനെ ഒരു ദിവസം അദ്ദേഹത്തോടൊപ്പം യാത്ര ചെയ്യാൻ സാധിച്ചത് മഹാഭാഗ്യമായി. അതീവ കൃതാർത്ഥതയോടെ മരണം വരെ ഞാൻ സ്മരണയിൽ നിലനിർത്തും.

പുറമെ കണ്ടാൽ ഒരു പരുക്കനാണെന്ന് തോന്നിയെങ്കിലും അദ്ദേഹം സ്നേഹത്തിന്റെ നിറകുടമാണെന്നത് എനിക്ക് ബോദ്ധ്യമായി.

●





ബിന്ദു. കെ
9446422321

# കർമ്മത്തിലൂടെ വ്യായാമം

**സ്കൂ**ളിൽ പഠിക്കുന്ന കാലത്ത് ഗാന്ധിജിക്ക് അദ്ധ്യാപകരുടെ സ്നേഹം എപ്പോഴും കിട്ടിയിരുന്നു. ഗാന്ധിജിയുടെ പുരോഗതിയും സ്വഭാവം കാണിക്കുന്ന സർട്ടിഫിക്കറ്റും വർഷം തോറും രക്ഷകർത്താക്കൾക്കയച്ചിരുന്നു. ഒരിക്കലും ഒരു ചീത്ത സർട്ടിഫിക്കറ്റ് അദ്ദേഹത്തിന് കിട്ടിയിരുന്നില്ല. പലപ്പോഴും സമ്മാനങ്ങളും സ്കോളർഷിപ്പുകളും ലഭിച്ചിരുന്നു. ഈ നേട്ടങ്ങൾക്കെല്ലാം കാരണം അദ്ദേഹത്തിന്റെ യോഗ്യതയേക്കാൾ ഭാഗ്യമായിരുന്നെന്ന് അദ്ദേഹം വിശ്വസിച്ചു. കാരണം കത്ത്യവാറിലെ സോറം ഭാഗത്തുനിന്നുള്ള മികച്ച കുട്ടികൾക്കായി ലഭിച്ച സംവരണമായിരുന്നു അതിനുപിന്നിൽ. സമ്മാനങ്ങൾ കിട്ടുമ്പോഴെല്ലാം ഗാന്ധിജിക്ക് അത്ഭുതമായിരുന്നു. എങ്കിലും തന്റെ സ്വഭാവത്തിലും പെരുമാറ്റത്തിലും മാറ്റം വരാതിരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ചെറിയ തെറ്റുപോലും അദ്ദേഹത്തെ കരയിച്ചിരുന്നു. താൻ ശകാരിക്കപ്പെടുകയോ ശകാരത്തിനർഹനാവുകയോ ചെയ്യുന്നത് ഗാന്ധിജിക്ക് സഹിക്കാൻ കഴിയില്ലായിരുന്നു. അതുപോലെ ഗാന്ധിജിക്ക് ഇഷ്ടമല്ലാത്ത രണ്ടുകാര്യങ്ങളായിരുന്നു കായികാഭ്യാസവും കളികളും. ഗാന്ധിജി ഏഴിൽ പഠിക്കുമ്പോൾ അദ്ദേഹത്തിന്റെ ഹെഡ്മാസ്റ്റർ, മിസ്റ്റർ. ദൊറാബ്ജി ഏദൽജി ഗിമി ഉയർന്ന ക്ലാസ്സുകളിലെ കുട്ടികൾക്ക് ക്രിക്കറ്റുകളിയും കായികാഭ്യാസവും നിർബന്ധമാക്കി. നിർബന്ധമാക്കുംവരെ ഗാന്ധിജി കായികാഭ്യാസം നടത്തുകയോ ഫുട്ബോളോ ക്രിക്കറ്റോ കളിക്കുകയോ ചെയ്തിട്ടില്ലായിരുന്നു. അതുമാത്രമല്ല അച്ഛനെ ശുശ്രൂഷിക്കാനുള്ള അതിയായ മോഹമായിരുന്നു ഗാന്ധിജിക്ക് വ്യായാമത്തെ ഇഷ്ടപ്പെടാതിരിക്കാനുള്ള മറ്റൊരു കാരണം. സ്കൂൾ വിട്ടാൽ ഉടൻ വീട്ടിലെത്തി അച്ഛനെ ശുശ്രൂഷിക്കുമായിരുന്നു. നിർബന്ധിത വ്യായാമം ഇതിന് തടസ്സമായി. പിതൃശുശ്രൂഷയ്ക്കുവേണ്ടി തന്നെ വ്യായാമത്തിൽ നിന്ന് ഒഴിവാക്കണമെന്ന് അദ്ധ്യാപകനോട് അപേക്ഷിച്ചെങ്കിലും അദ്ദേഹം അതിന് സമ്മതിച്ചില്ല. ഒരു ശനിയാഴ്ച ദിവസം ക്ലാസ്സ് രാവിലെയായിരുന്നു. വൈകീട്ട് 4 മണിക്ക് കായികാഭ്യാസത്തിന് വീണ്ടും പോകണമായിരുന്നു. വാച്ചില്ലാത്തതുകൊണ്ടും അന്ന് കാർമേഘങ്ങളുള്ളതുകൊണ്ടും അദ്ദേഹത്തിന് സമയത്തിന് സ്കൂളിലെത്താൻ കഴിഞ്ഞില്ല. ഗാന്ധിജി സ്കൂളിൽ ചെന്നപ്പോ

ഴേയ്ക്കും എല്ലാ കുട്ടികളും പോയി ക്കഴിഞ്ഞിരുന്നു. അടുത്ത ദിവസം മിസ്റ്റർ ഗിമി വരാത്തതിന്റെ കാരണം അന്വേഷിച്ചപ്പോൾ ഗാന്ധിജി നടന്ന കാര്യം പറഞ്ഞെങ്കിലും അദ്ദേഹത്തി ന് വിശ്വാസമായില്ല. ഗാന്ധിജി കള്ളം പറഞ്ഞെന്ന് കരുതി ഒന്നോ രണ്ടോ അണ പിഴ അടയ്ക്കാൻ ആവശ്യപ്പെ ട്ടു. തന്റെ നിരപരാധിത്വം തെളിയി ക്കാൻ ഒരു വഴിയുമില്ലല്ലോ എന്നത് ഗാന്ധിജിയെ ഒരുപാട് വേദനിപ്പിച്ചു. ഇതിൽ നിന്ന് അദ്ദേഹം ഒരുകാര്യം മനസ്സിലാക്കി, സത്യവാനായ മനു ഷ്യൻ കൂടുതൽ ശ്രദ്ധാലുവായിരി ക്കണമെന്ന്. ഇതായിരുന്നു അദ്ദേ ഹം സ്കൂളിൽ കാണിച്ച അശ്രദ്ധയു ടെ ആദ്യത്തേയും അവസാനത്തേ യും സംഭവം. പിഴയിൽ നിന്ന് അദ്ദേഹത്തെ പിന്നീട് ഒഴിവാക്കി. സ്കൂൾ സമയം കഴിഞ്ഞാലുടൻ ഗാ ന്ധിജിയെ വീട്ടിലേയ്ക്കയക്കണമെ ന്ന അച്ഛൻ ഹെഡ്മാസ്റ്റർക്കെഴുതിയ തിനാലാണ് വ്യായാമത്തിൽ നിന്ന് ഗാന്ധിജിയെ ഒഴിവാക്കിയത്.

# നാട്ടിൻപുറത്തിന്റെ നന്മകൾ

ടി. വി. ഹരികുമാർ
9446118387



*'നാട്യപ്രധാനം നഗരം ദരിദ്രം*
*നാട്ടിൻപുറം നന്മകളാൽ സമൃദ്ധം'*

**ക**വിവാക്യം എത്ര ശരിയാണ്. ഇപ്പോഴും നാട്ടിൻപുറം അതിന്റെ നന്മ കൈവിട്ടിട്ടില്ല. ഒരു പ്രദേശത്തെ ഏതൊരു ചടങ്ങും സ്വന്തം ചടങ്ങായി ഏറ്റെടുത്ത് ചെയ്യുവാൻ നാട്ടിൻപുറം സന്നദ്ധമാണ്. കല്യാണമായിക്കോട്ടെ, മരണമായിക്കൊള്ളട്ടെ നാട്ടിൻപുറത്തിന്റെ ശ്രദ്ധ അവിടെയുണ്ടാകും. ഒരുപക്ഷെ നഷ്ടമായിക്കൊണ്ടിരിക്കുന്ന സനാതന മൂല്യങ്ങൾ നാട്ടിൻപുറങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്നു. ഏതൊരു കാര്യത്തിനും നേതൃത്വം കൊടുത്തുകൊണ്ട് മുന്നിൽ നിൽക്കാൻ നാട്ടിൻപുറങ്ങളിൽ ഇപ്പോഴും ആൾക്കാരുണ്ട്. നാടൻ കലകളും, നാടൻ തൊഴിലുകളും, നാട്ടുവൈദ്യവും ഒക്കെ നാട്ടിൻപുറങ്ങളിൽ ഇപ്പോഴുമുണ്ട്. കുട്ടികൾ മദ്ധ്യവേനലവധിക്ക് കൂട്ടുകൂടി ഏതെല്ലാം നാടൻ കളികളാണ് കളിച്ചിരുന്നത്. ഇപ്പോൾ ക്രിക്കറ്റ് പോലുള്ള കളികൾ രംഗത്തെത്തിയെങ്കിലും നാടൻ പന്തുകളി പോലുള്ള നാട്ടിൻ തനിമ നിലനിർത്തുന്ന കളികൾ നഷ്ടമായിട്ടില്ല. നാട്ടിൻപുറങ്ങളിൽ തെരുവുകളിലും ചില പീടിക കോലായിലും വയസ്സുചെന്നവർ കൂടിയിരിക്കും. ഒരു കണക്കിന് ഇവരൊക്കെ നിരീക്ഷണ ക്യാമറകളാണ്. കാണുന്നത് വിശ്വസിക്കണമെങ്കിൽ തെളിവുവേണം. നാട്ടിൻപുറത്തെ ഇത്തരം വയസ്സായ ആൾക്കാരെ വിട്ടിട്ട് ഒരു കാര്യവും ചെയ്യാനാവില്ല. ചിലപ്പോഴൊക്കെ വിവരണം കൂടുതലാകും എന്ന കുഴപ്പം. പ്രത്യേകിച്ച് പണിയൊന്നും ഇല്ലായെങ്കിൽ തെരുവുകളും മാർക്കറ്റുകളുമായി കുട്ടികഴിഞ്ഞുപോകുന്നവരാണ് ഏറിയപങ്കും. കിട്ടുന്ന വിവരങ്ങൾ ഷെയർ ചെയ്ത അവർ അത് ഗ്രാമത്തിന്റെ ഓരോ മൂലക്കും എത്തിയ്ക്കും. അക്ഷരാർത്ഥത്തിൽ ഗ്രാമത്തിന്റെ നിരീക്ഷണ ക്യാമറകൾ തന്നെ ഗ്രാമത്തിന്റെ വിശുദ്ധിയായി നിലനിന്നിരുന്ന വയലേലകൾ തരിശായി കൃഷിയിറക്കാതെ കിടക്കുന്നു. സൂപ്പർ മാർക്കറ്റുകൾ ഗ്രാമപ്രദേശങ്ങളിൽ ആധിപത്യം ഉറപ്പിച്ചുകഴിഞ്ഞു. അഭ്യസ്തവിദ്യരായ കുട്ടികൾ പട്ടണങ്ങളെ ആശ്രയിച്ച് നില്ക്കുന്നത്. ഗ്രാമവിശുദ്ധി തന്നെയെങ്കിലും ഇത്തരം കൂട്ടായ്മകളുടെ ഐക്യപരമായ പ്രവർത്തനത്തെ ബാധിക്കുന്നു. ആധുനിക മാധ്യമങ്ങൾ ഉപയോഗപ്പെടുത്തുന്നതിനോടൊപ്പം അത് ഗ്രാമവിശുദ്ധിക്കു കൂടി ഊന്നൽ നല്കുന്ന തരത്തിലാകണം. ഗ്രാമത്തിന്റെ വികസനത്തോടൊപ്പം ഗ്രാമത്തിന്റെ തനിമ നിലനിർത്തുവാനും കഴിയണം. ഗ്രാമത്തിന്റെ ചെറിയൊരു ദോഷം എന്തെന്നാൽ ചില വാർത്തകൾ കൂട്ടിച്ചേർക്കലുകൾ വരുത്തിയാവും ഗ്രാമത്തിൽ പ്രചരിക്കുക എന്നതാണ്. വ്യക്തികളുടെ പെട്ടെന്നുള്ള ഉയർച്ചയും ഉണർവും ഗ്രാമം ഇഷ്ടപ്പെടുന്നില്ല എന്നർത്ഥം. പലപ്പോഴും ചില വാർത്തകളുടെ സത്യാവസ്ഥ തേടി പോകുമ്പോൾ സിനിമയിൽ കുതിരവട്ടം പപ്പുവിന്റെ കഥാപാത്രം പറയുന്ന പോലെയാവും -നമുക്കൂഹിക്കാമല്ലോ എന്ന്. ദുഃഖത്തിൽ നമ്മോടൊപ്പം കരയുകയും സുഖത്തിൽ നമ്മോടൊപ്പം ചിരിക്കുകയും ചെയ്യുന്ന ഗ്രാമവിശുദ്ധി എത്ര അനുമോദിച്ചാലും അധികമാവില്ല. ദുഃഖിച്ചിരിക്കുന്നതിനേക്കാൾ എത്രയോ നല്ലതാണ് ദരിദ്രർക്കൊപ്പം പ്രവർത്തിക്കുക എന്നത്. എല്ലാ തനിമയോടും കൂടി ഗ്രാമം സംരക്ഷിക്കപ്പെടട്ടേ. അതിനായി പ്രവർത്തിക്കാം, പ്രാർത്ഥിക്കാം...

■ കവിത

## തക്കാളി

നിഷ മണ്ണാർക്കാട്
9544626654

തിളയ്ക്കുന്ന എണ്ണയിൽ
ജീവനോടെ ഇട്ട്
പൊള്ളിച്ചെടുക്കണം.
ചുവപ്പ് വറ്റി
തൊലി ചുളിഞ്ഞുവരുമ്പോൾ
കുത്തിയുടയ്ക്കണം
മുഴുവനായും.
മുഴച്ച് നിൽക്കരുത്
ഒരു തുണ്ട് പോലും
ഒടുവിൽ
പാകമാവുമ്പോൾ
എരിവ് ചേർത്ത് നീറ്റിയും
ഉപ്പുകൊണ്ട് പരുവപ്പെടുത്തിയും
സ്വാദ് കൂട്ടാം
ഇനിയും പോരാത്തവർക്ക്
ഒരിക്കൽ കൂടി
തിളയ്ക്കുന്ന എണ്ണയിലിട്ട്
കടുക് വറക്കുകയുമാവാം.



**വിജയൻ കല്ലട**
**9605407260, 0494 2405580**

# ലോകത്ത് എത്ര ദൈവമുണ്ടാവും?

*'വൈദേഹി തന്നോടു കൂടവേ*
*രാഘവൻ*
*സോദരനോടുമൊരു*
*മൃഗത്തെക്കൊന്ന്*
*സാദരം ഭുക്ത്വാ സുഖേന*
*വസിച്ചിതു*
*പാദപമൂലേ ദലാഢ്യതല്പസ്ഥലേ.'*

**അ**ദ്ധ്യാത്മ രാമായണത്തിലെ അയോദ്ധ്യാകാണ്ഡത്തിലെ ഈ വരികളിൽ നിന്നും ശ്രീരാമൻ മാംസഭക്ഷണം കഴിച്ചിരുന്നുവെന്ന് വ്യക്തം. ഇവിടെ മാംസം പാകം ചെയ്തതായി പറയുന്നുമില്ല. ചന്ദ്രവംശത്തിലെ പ്രമുഖനും പ്രബലനുമായ രാജാവായിരുന്നു രന്തിദേവൻ. ഇദ്ദേഹത്തിന് ഒരുലക്ഷം പാചകക്കാരുണ്ടായിരുന്നത്രേ ! ദിവസവും 2000 കന്നുകാലികളേയും അത്രയും മറ്റുമൃഗങ്ങളേയും കൊന്ന് പാകം ചെയ്ത് ആവശ്യമുള്ള ഇതരഭക്ഷണവും ചേർത്ത് പാവപ്പെട്ടവർക്കു നൽകിയിരുന്നു. 'ഗോഘ്നൻ' എന്ന വാക്കിന് ഉത്തമനായ ബ്രഹ്മണൻ എന്നാണർത്ഥം. പശുവിനെ ഹനിച്ച് ആ മാംസം കൊണ്ടു ഭക്ഷണമുണ്ടാക്കി അതിഥിയെ സൽക്കരിക്കുന്നവൻ എന്ന് വിശദീകരിച്ചുപറയാം. ഇതിൽനിന്നും ഭാരതത്തിൽ ഒരിക്കലും മാംസഭക്ഷണം നിഷിദ്ധമായിരുന്നില്ലെന്ന് കാണാം. മാത്രവുമല്ല മാംസ ഭക്ഷണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ഇതാണ് ഭാരതീയ പൈതൃകവും സംസ്കാരവും. ഇതിൽനിന്നു വിഭിന്നമായി മാംസാഹാരത്തെ നിഷേധിക്കുകയും മാംസാഹാരികളെ ശാരീരികമായി നേരിടുകയും ചെയ്യുന്നത് മനുഷ്യത്വഹീനവും പൈശാചികവുമാണ്. ഇത് മതവിശ്വാസമല്ല, ദൈവവിശ്വാസവുമല്ല. ഭാരതത്തിലും മനുഷ്യരുണ്ടായ കാലത്തോളം പഴക്കമുണ്ട് മാംസഭക്ഷണത്തിനും. അതിനെ നിഷേധിച്ചിട്ടുകാര്യമില്ല - എന്തുകഴിക്കണം എന്തു കഴിക്കരുത് എന്ന് തീരുമാനിക്കാൻ ഓരോ മനുഷ്യനും പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യം നിഷേധിക്കുകയും പരന്റെ വിശ്വാസത്തെ ഹനിക്കുകയും ചെയ്യുന്നത് മതവിശ്വാസമോ ദൈവവിശ്വാസമോ അല്ല. മതവിശ്വാസികൾ മനുഷ്യസ്നേഹം വളർത്താനാണ് ശ്രമിക്കേണ്ടത്. അന്യമത നിന്ദയും, മതസ്പർദ്ധയുമുണ്ടാക്കാനല്ല.

സങ്കുചിത രാഷ്ട്രീയലാഭത്തിനായി മതവിശ്വാസത്തെ ഉപയോഗിക്കുന്ന പ്രവണത ഭാരതത്തിൽ ഈ അടുത്തകാലത്തായി ഏറിവരികയാണ്. ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉണ്ടാക്കുന്നതാണ് ഇത്. മനുഷ്യസ്നേഹികൾക്കുമാത്രമല്ലേ മതവിശ്വാസം പുലർത്താനാകൂ ? ജാതിമത ഭേദമെന്യേ എല്ലാ ദൈവവിശ്വാസികളും അവിശ്വാസികളും ഈ വിപത്തിനെതിരെ ഒന്നിക്കേണ്ടതാണ്.

ഭാരതത്തിൽ ചില സംസ്ഥാനങ്ങളിൽ ഗോവധം നിരോധിച്ചിട്ടുണ്ട്. നിയമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരികയാണ് വേണ്ടത്. സംഘം ചേർന്ന് തല്ലിക്കൊല്ലുന്നതും വീടാക്രമിക്കുന്നതും ക്രൂരമായ പീഡനവും നിലവിലുള്ള നിയമപ്രകാരം ശിക്ഷാർഹവുമാണ്. നിയമത്തിനുമുന്നിൽ അവരും കുറ്റവാളികൾ തന്നെയാണ്. നാട്ടിലെ നിലവിലുള്ള നിയമവ്യവസ്ഥയനുസരിച്ച് പ്രവർത്തിക്കുവാൻ നാം ഓരോരുത്തരും ബാദ്ധ്യസ്ഥരാണ്.

ഈ പ്രപഞ്ചത്തിലുള്ള ചേതനവും അചേതനവുമായ എല്ലാം ദൈവത്തിന്റെ സൃഷ്ടിയാണ് എന്ന് ദൈവവിശ്വാസികൾ കരുതുന്നു. ആ നിലയ്ക്ക് ഈ ലോകത്തെ എല്ലാ മനുഷ്യരും - ഭാരതീയർ മാത്രമല്ല - ദൈവത്തിന്റെ മക്കളാണ്. അവരെല്ലാം ദൈവത്തിന്റെ മുന്നിൽ സമൻമാരാണ്. ഹിന്ദുക്കളെ മാത്രമല്ലല്ലോ ദൈവം സൃഷ്ടിക്കുന്നത് ? അപ്പോൾ അന്യമതനിന്ദ ദൈവനിന്ദ തന്നെയല്ലേ ? അതോ ഓരോ മതത്തിൽ പെട്ടവരേയും സൃഷ്ടിക്കാനായി ഓരോ ദൈവമുണ്ടോ? അങ്ങനെയെങ്കിൽ ഈ ലോകത്ത് എത്ര ദൈവമുണ്ടാവും ? ●

■ കവിത

# കാട്ടുതീ

**എം. അൽഖാഫ്, പട്ടാമ്പി**
**7736685246**


കാട്ടിലേക്ക് പോകല്ലേ
കാടൊരുങ്ങി നിൽപുണ്ട്
കാട്ടുഭൂതം വരുന്നുണ്ട്
കാട്ടുതീ വരുന്നുണ്ട്

കാട്ടിന്നുള്ളിൽ പതുങ്ങുന്നു
കാടിന്റെ മക്കളെല്ലാം
കാട്ടല്ലെ വിരുതുകൾ
കട്ടായം വിപത്തുകൾ

കാടാണ് നമുക്കെല്ലാം
കടലോളം ഉപകാരം
കാടിനെ വെറുക്കല്ലെ
കാടിനെ ചതിക്കല്ലെ

കാട്ടിൽ തീ കൂട്ടല്ലെ
കാടിനെ കൊല്ലല്ലേ
കാടിനെ വന്ദിക്കാം
കാട്ടാറെ തൊഴുതിടാം

കാട്ടിലേക്ക് പോകല്ലേ
കാടൊരുങ്ങി നിൽപുണ്ട്
കാട്ടുഭൂതം വരുന്നുണ്ട്
കാട്ടുതീ വരുന്നുണ്ട്.





## എന്റെ അഭിനയ സ്മരണകൾ

## ഭാഗം 16

മുക്കം ഭാസി
9846138693

# പൂനിലാമഴയിൽ ഒരുരാത്രി

എന്തോ കാരണവശാൽ ഉറൂബിന് പങ്കെടുക്കാൻ പറ്റില്ലെന്നറിയിച്ചതിന്റെ പേരിൽ പകരക്കാരനായി ഞങ്ങൾക്ക് കിട്ടിയത് ഒരു 'നിധിയെ'യായിരുന്നു. എം. ടി. യെ, എം. ടി. വാസുദേവൻ നായരെ.

തിങ്ങിക്കൂടിയ ഗ്രാമീണ ജനതയുടെ മേൽ വർഷിച്ചത് ഒരു പൂമഴ നിലാവിന്റെ പൂമഴ. എം. ടി. യുടെ വാഗ്ധോരണിയിലൂടെ പരിസരം മറന്ന് ജനങ്ങൾ ഒഴുകിനടന്നു. ഇത്തരമൊരു പ്രസംഗം അതിനുമുമ്പൊന്നും ആ നാട്ടുകാർ കേട്ടിരുന്നില്ല.

സാഹിത്യം എന്താണെന്നും അതിന്റെ മാസ്മരിക വശ്യത എത്രത്തോളമുണ്ടെന്നും അറിഞ്ഞാസ്വദിച്ച ആ ധന്യരാവ് ! വായനശാല ഗ്രാമീണരുടെ സർവ്വകലാശാലയെന്ന് സമർത്ഥിച്ച എം. ടി. യുടെ സ്വർണ്ണ തിളക്കമുള്ള വാക്കുകൾ നെഞ്ചോട് ചേർത്ത് ആരാധിച്ച് പ്രസ്തുത വായനശാലയെ ഓമനിച്ച് വളർത്തിവലുതാക്കി ശിവപുരത്തുകാർ ഇന്നും പോറലേൽക്കാതെ ഗ്രാമത്തിന്റെ കെടാവിളക്കായി അത് നിലകൊള്ളുന്നു.

വായനശാലാ വാർഷികത്തിന് ഞങ്ങളുടെ 'ബലിയാടുകൾ' വീണ്ടും അരങ്ങിലെത്തി. വിക്ടറി ഭാസിയ്ക്ക് പകരം മൊല്ലാക്കയായി ചളുക്കിൻ രാഘവേട്ടൻ രംഗത്തെത്തി. വെപ്പുപല്ലായിരുന്നു രാഘവേട്ടന്റേത്. മേക്കപ്പിടുമ്പോൾ പല്ലെടുത്ത് കളഞ്ഞു. നരച്ച വട്ടത്താടിയും തലേക്കെട്ടും ഒക്കെ കൂടിയായപ്പോൾ വിക്ടറി ഭാസിയേക്കാൾ അഭിനയത്തിൽ ഒരു ചുവട് മുൻപിലെത്തി, ഈ പഴയ നടൻ.

പത്ത് പന്ത്രണ്ട് വർഷം ഞാനവിടെയുണ്ടായിരുന്നു. ഈ വർഷങ്ങളിലെല്ലാം ശേഖരൻ ചാത്തോത്തിന്റെ നേതൃത്വത്തിൽ ഒരു 'നാടകപൂരം' തന്നെ ശിവപുരത്ത് നടമാടി.

ഗോപാലകൃഷ്ണൻ മാസ്റ്റർ, ശിവപുരം സി. പി. ഉണ്ണിനാണു, രാജൻ, ജവഹർ, ബാലൻ തോട്ടത്തിൽ തുടങ്ങി എത്രയെത്ര നടന്മാരാണ് ഈ കാലഘട്ടത്തിൽ ഉദയം കൊണ്ടത്. മാത്രമല്ല സമീപപ്രദേശങ്ങളിലെല്ലാം ചില ബുക്കിങ്ങുകളും കിട്ടാൻ തുടങ്ങി. അതൊരു വല്ലാത്ത കാലമായിരുന്നു. ആ പ്രദേശത്തെ മൺതരികൾ പോലും എന്നോട് കാണിച്ച സൗഹൃദത്തിന് പകരം നല്കാൻ ഒത്തിരി നന്ദിയും സ്നേഹവും മാത്രമെ എന്റെ കൈയ്യിലുണ്ടായിരുന്നുള്ളൂ.

അപ്പോഴാണ് ബാലുശ്ശേരിയിലെ ഒരു ക്ലബ്ബ് ഒരു ഗംഭീരനാടകത്തിന് തയ്യാറെടുക്കുന്നതായി വിവരം ലഭിച്ചത്. എനിയ്ക്കും കിടാവിനും ക്ഷണം കിട്ടി. കിടാവുള്ളത് കൊണ്ട് ഞാനും അഭിനയിക്കാമെന്ന് തീരുമാനിച്ചു. ഇതിന്റെ സംഘാടകൻ എ. വി. ആർ. എന്നറിയപ്പെടുന്ന ഒരു തുണിഷാപ്പുകാരനായിരുന്നു. കാശ് എത്രയും മുടക്കാൻ തയ്യാറുള്ള കക്ഷി. പി. ഗംഗാധരൻ എന്ന ചെറുപ്പക്കാരനാണ് നാടകം എഴുതിയത്. അദ്ദേഹം ഇതിലഭിനയിക്കുന്നുമുണ്ട്. മനോഹരമായ ഗാനങ്ങൾ ഒരുക്കിയത് സി. ബാലൻ.

ന്യൂ കേരള ഫൈൻ ആർട്സ് 'ചിലങ്ക' എന്ന പേരിൽ ഒരുക്കുന്ന ഈ നാടകത്തിൽ വേഷമിട്ടവർ ശേഖരൻ ചാത്തോത്ത്, മുക്കം ഭാസി, വെങ്ങളം വിജി, ദാമു, ശിവറാം, ശാരദ, സാവിത്രി ശ്രീധർ, സരസ ഗംഗാധരൻ തുടങ്ങിയവർ. 1965ലാണ് ഈ നാടകം കളിയ്ക്കുന്നത്.

റിഹേഴ്സൽ തകൃതിയായി നടക്കുന്നു. ബാലുശ്ശേരി കൈരളി തിയേറ്ററിൽ ടിക്കറ്റ് വെച്ചാണ് പ്രദർശനം. എല്ലാ ഹോട്ടലുകളിലും എന്റേയും ശാരദയുടേയും കിടാവിന്റേയും ദാമുവിന്റേയും സാവിത്രിയുടേയും ഗംഗന്റെയുമെല്ലാം ഫോട്ടോ കാർഡുകൾ തൂങ്ങിയാടുന്നു.

ബാലുശ്ശേരിയുടെ ചരിത്രത്തിൽ ആദ്യമായി നടക്കുന്ന ഒരു മഹാസംഭവം പോലെ ആഘോഷപൂരിതം. അപ്പോഴാണ് ഒരു മിന്നൽ പിണരും ഇടിവെട്ടും ! ന്യൂ കേരള ഫൈൻ ആർട്സിന്റെ ശത്രുവായി മറ്റൊരു ക്ലബ്ബ് പ്രവർത്തിച്ചിരുന്നു ബാലുശ്ശേരിയിൽ. ഈ രണ്ട് ക്ലബ്ബുകളും പരസ്പരം പാരയായി നടക്കാൻ തുടങ്ങിയിട്ട് കാലം ഏറെയായി പോൽ. കിട്ടുന്ന സന്ദർഭങ്ങളിലെല്ലാം ഇവർ പരസ്പരം പാരപ്രയോഗം നടത്തി മറ്റവനെ തകർക്കും. അത്ഭുതപ്പെടാനില്ല. എല്ലാ യുഗങ്ങളിലുമുണ്ടല്ലോ ഇത്തരം പാരകൾ !

ന്യൂ കേരള ഫൈൻ ആർട്സിന്റെ 'ചിലങ്ക' തകർക്കണം. എന്ത് വഴി ? വഴി അവർ കണ്ടുപിടിച്ചു. പാര നീണ്ടത് എന്റെ നേരെ. വിദ്യാഭ്യാസ മേലധികാരികൾക്ക് അവർ പേരുവെക്കാതെ പരാതി അയച്ചു. 'ഈ നാടകത്തിൽ പേരുമാറ്റി മുക്കം ഭാസി എന്നൊരാൾ അഭിനയിക്കുന്നു. അയാൾ പ്രതിഫലം പറ്റിയാണ് അഭിനയിക്കുന്നത്. ഒരു സർക്കാർ സ്കൂൾ അദ്ധ്യാപകനായ അയാൾ സർവ്വീസ് ചട്ടത്തിന്ന് വിരുദ്ധമായാണ് പ്രവർത്തിയ്ക്കുന്നത്. നടപടി എടുക്കണം.'

ഒരുദിവസം അതാ വരുന്നു അസിസ്റ്റന്റ് എജുക്കേഷനൽ ഓഫീസർ. "ആരാണീ മുക്കം ഭാസി ? എനിയ്ക്കയാളെ കാണണം." ഹെഡ്മാസ്റ്റർ എന്നെ വിളിയ്ക്കുന്നു. വിനീതവിധേയനായി ഞാൻ ഓഫീസറുടെ മുമ്പിൽ. എ. ഇ. ഒ. പരാതി എന്റെ മുമ്പിൽ നിവർത്തുന്നു, ചോദിക്കുന്നു. "നിങ്ങൾ ചിലങ്ക എന്ന നാടകത്തിൽ അഭിനയിക്കുന്നുണ്ടോ ?"

"ഉണ്ട് സാർ."

"എത്ര പണം കിട്ടും."

"പണമൊന്നും കിട്ടുന്നില്ല സാർ !"

"പിന്നെ വെറുതെയാണോ അഭിനയിക്കുന്നത് ?"

"അതെ സാർ."

"എന്തുകൊണ്ട് ?"

"എനിയ്ക്ക് നാടകം വളരെ ഇഷ്ടമാണ്. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ഞാൻ നാടകം കളിയ്ക്കുന്നുണ്ട്. സാർ."

"ഓഹോ, അങ്ങനെയോ ? അപ്പോൾ നിങ്ങളൊരു കലാകാരനാണ്. കുട്ടികളെ നാടകം പഠിപ്പിയ്ക്കാറുണ്ടോ ?"

"ഉണ്ട് സാർ. കഴിഞ്ഞ വർഷം ഈ വിദ്യാലയത്തിന്റെ വാർഷികത്തിന്ന് ഞാൻ പഠിപ്പിച്ച നാടകമാണ് കുട്ടികൾ രംഗത്തവതരിപ്പിച്ചത്."

എ.ഇ.ഒ. എഴുന്നേറ്റു. എനിയ്ക്ക് കൈതന്നു പറഞ്ഞു, "നിങ്ങളെപ്പോലെയുള്ളവരെയാണ് വിദ്യാലയത്തിന്ന് ആവശ്യം. പേരില്ലാതെവന്ന ഒരുപരാതിയാണിത്. അച്ഛനില്ലാത്ത കുട്ടിയെ പോലെ. ഞാനത് ചവറ്റു കുട്ടയിലിടും."

മഴ പോലെ വന്നത് മഞ്ഞു പോലെയായി. എങ്കിലും അന്നം മുടക്കികൾ എപ്പോഴും പിന്നിലുണ്ടെന്ന വിചാരം ജീവിതത്തിലെ എന്റെ കാൽവെപ്പുകളെ സൂക്ഷ്മതയുള്ളതാക്കി. എന്റെ ജീവിതത്തിലുടനീളം എന്നിട്ടും എത്രയെത്രപാരകളാണ് നീണ്ടുവന്നതെന്നോ ? എന്റെ ആത്മാർത്ഥസുഹൃത്തുക്കളെന്ന് ഞാൻ കരുതിയ പലരും എന്റെ ചുമലിലിരുന്ന് ചെവി തിന്നുകയായിരുന്നു !

ഞാൻ കഥയും തിരക്കഥയും സംഭാഷണവും എഴുതി ദൂരദർശന്റെ സമ്മതം വാങ്ങിയ ഒരു സീരിയൽ സംവിധായകനും പ്രൊഡ്യൂസറും അവരുടേതാക്കി മാറ്റി. മറ്റൊന്ന് മുക്കത്തെക്കുറിച്ച് 3 എപ്പിസോഡുള്ള ഒരു ഡോക്യുമെന്ററിയ്ക്കുള്ള ചരിത്രാന്വേഷണവും രചനയും നിർവ്വഹിച്ച് സംവിധായകനേയും വിഷ്വൽ കൺസൾട്ടിനേയും ഉത്തമവിശ്വാസത്തിലേല്പ്പിച്ചത് കോഴിക്കോട് പത്രസമ്മേളനം വിളിച്ച് ചേർത്ത് അവർ അവരുടേതാക്കി മാറ്റി. അതിന് ഞങ്ങളുടെ പഞ്ചായത്ത് പ്രസിഡന്റും കൂട്ടുനിന്നു.

ഒടുവിൽ അവർക്കെതിരായി വക്കീൽ നോട്ടീസയയ്ക്കേണ്ടി വന്നു എനിയ്ക്ക്. ഞാൻ വരച്ച വരയിൽ അവർക്ക് നിൽക്കേണ്ടിയും വന്നു. ചില മധ്യസ്ഥർ ഇടപെട്ട് പ്രശ്നം രമ്യമായി പരിഹരിച്ചു. അവരൊക്കെ വളരെ അറിയപ്പെടുന്നവരും. ഇങ്ങനെ എത്രയെത്ര 'പാരകളെ' പറ്റി എനിയ്ക്കെഴുതാനുണ്ടെന്നോ ? പോട്ടെ, എഴുതിപ്പോയതാണ്. വായനക്കാർ ക്ഷമിയ്ക്കുക.

'ചിലങ്ക' കൈരളി തിയേറ്റേഴ്സിൽ ഞങ്ങൾ ആടിത്തകർത്തു. ആ നാടകത്തിലും എനിയ്ക്കായിരുന്നു നായകവേഷം. അതിലെ നടികളൊക്കെ ഇന്നും ജീവിച്ചിരിയ്ക്കുന്നു. പക്ഷെ, കിടാവ്, ശ്രീനി, വെങ്ങളം വി. ജി., പ്രൊഡ്യൂസർ തുടങ്ങിയവർ നോക്കെത്താത്ത ദൂരത്തെവിടെയോ പോയ്മറഞ്ഞു. രസകരമായ ഒരനുഭവം കൂടി സൂചിപ്പിച്ച് ഈ അധ്യായത്തിന് പൂർണ്ണവിരാമമിടാം.

2016 'എന്ന് നിന്റെ മൊയ്തീൻ' തിയേറ്ററുകളിൽ പ്രേക്ഷകരുടെ സുനാമി തിരമാല അടിച്ചു കേറുന്ന കാലം. എനിയ്ക്ക് ഒരു ഫോൺ കാൾ ! "ഹലോ, ഭാസി മാഷാണോ ?"

"അതെ."

"ഞാൻ ഗംഗാധരൻ. 'ചിലങ്ക' നാടകമെഴുതിയ ഗംഗൻ ! ഞാനിപ്പോൾ മുക്കത്ത് കാഞ്ചനയുടെ അടുത്താണ്. നിങ്ങളെ കാണണം."

"പെരുത്ത് സന്തോഷം. ഹൃദ്യമായ സ്വാഗതം."

അരമണിക്കൂർ കഴിഞ്ഞപ്പോഴേയ്ക്ക് ഗംഗനും രണ്ടു സ്ത്രീകളും മറ്റൊരു പുരുഷനും കാറിൽ വീട്ടുമുറ്റത്ത് ! ഞങ്ങൾ പരസ്പരം ആശ്ലേഷിച്ചു. സ്വീകരണമുറിയിൽ അവരെയിരുത്തി. ഗംഗൻ സ്ത്രീകളെ എനിയ്ക്ക് പരിചയപ്പെടുത്തി. പ്രൗഢയായ സ്ത്രീയെ ചൂണ്ടി പറഞ്ഞു. ഇത് സിനിമാനടൻ അനൂപ് മേനോന്റെ അമ്മ. മറ്റേത് അവരുടെ മകൾ. മകളുടെ ഭർത്താവ്."

ഞാൻ ആശയക്കുഴപ്പത്തിലായി. സംശയിച്ചുകൊണ്ട് ഞാൻ ചോദിച്ചു, "അപ്പോൾ ഇവരുമായി താങ്കളുടെ ബന്ധം ?"

ഗംഗൻ പറഞ്ഞു, "ഇവൾ എന്റെ ഭാര്യയാണ് !!" എന്റെ പഴയ സുഹൃത്ത് ഗംഗാധരന്റെ മകനാണ് പ്രസിദ്ധ നടൻ അനൂപ് മേനോനെന്ന അറിവ് എന്നെ കോരിത്തരിപ്പിച്ചു !

● (തുടരും)

■ കവിത

# സംഘടിക്കുക

ചെങ്ങാലൂർ പെരുമാരാത്ത്
വെളക്കപ്പാടി
(മെയ് 1 - സർവ്വലോക
തൊഴിലാളി ദിനം)

സംഘടിക്കുക
സംഘടിക്കുക
വിധിയെ പഴിക്കാതെ
സംഘടിക്കുക
നാണം മറയ്ക്കാൻ
നാക്കില പോലും
സ്വന്തമായില്ലാത്തോരേ
പ്രാണൻ കിടക്കാൻ
പ്രാതൽ കഴിക്കാൻ
കഞ്ഞിക്കു വകയില്ലാത്തോരേ
ചുരുണ്ടുകൂടിക്കിടക്കാൻ
ചെറ്റപ്പുര പോലും
സ്വന്തമായില്ലാത്തോരേ,
പാതിരായ്ക്ക് പോലും
പാതയിൽ നടക്കാൻ
പാടില്ലാത്തോരേ,
വിദ്യയെന്ന രണ്ടക്ഷരം
വിലയ്ക്ക് വാങ്ങാൻ
വഴിയില്ലാത്തോരേ
സംഘടിക്കുക
സംഘടിക്കുക
വിധിയെ പഴിക്കാതെ
സംഘടിക്കുക
സംഘടിച്ചു സംഘടിച്ചു
ശക്തരാകുക

# നല്ല പാഠം




■ വ്യക്തിപരിചയം

മുരളീധർ കൊല്ലത്ത്
9387475851

**ചി**കിത്സാരംഗം അമിതചൂഷണത്തിന്റെ കൊടുമുടിയിൽ എത്തിക്കൊണ്ടിരിയ്ക്കുന്ന ഒരുകാലഘട്ടത്തിലാണ് നാം ജീവിച്ചുപോരുന്നത്. മനുഷ്യരെ നിത്യരോഗികളാക്കിക്കൊണ്ടിരിയ്ക്കുന്ന മരുന്നുകൾ, നിരോധിക്കപ്പെട്ട മരുന്നുകൾ ഒരുപക്ഷെ പഠിച്ച ഡോക്ടർമാർക്ക് മാത്രം മനസ്സിലാവുന്ന ഭാഷയിൽ എഴുതി ഒരുപാട് മെഡിക്കൽ ഷാപ്പുകളേയും ബഹുരാഷ്ട്ര കുത്തക കമ്പനികളേയും വളർത്തി വലുതാക്കാൻ ചില ഡോക്ടർമാർ കാണിയ്ക്കുന്ന ആവേശം സാംസ്കാരിക കേരളത്തിന് ഒട്ടും ഭൂഷണമല്ല. ലോകാരോഗ്യസംഘടനയുടെ കണക്കനുസരിച്ച് 100-ൽ താഴെ മരുന്നേ വേണ്ടൂ പക്ഷേ ആദ്യം സൂചിപ്പിച്ച പോലെ കുത്തകകളുടെ താല്പര്യം സംരക്ഷിക്കാൻ വേണ്ടി മാത്രം പതിനായിരക്കണക്കിന് മരുന്നുകൾ വിറ്റഴിയ്ക്കപ്പെടുന്നു. സമാധാനത്തിന്റെ സന്ദേശമായ വെളുത്ത കോട്ടിന് പുറത്ത് തൂക്കിയിട്ടുള്ള കറുത്ത സ്റ്റെതസ്ക്കോപ്പ് നമ്മുടെ നെഞ്ചിലേയ്ക്ക് ചേർത്തുവെച്ച് പരിശോധിയ്ക്കുന്നത് കണ്ടാൽ ഇവർ മരുന്നുകമ്പനികളുടെ ഏജന്റുമാരാണെന്ന തോന്നലേ രോഗികൾക്കുണ്ടാവില്ല. വളരെ ചെറിയ ഒരു ശതമാനം മാത്രം ഡോക്ടർമാരേ രോഗികളോട് ആത്മാർത്ഥത കാണിയ്ക്കുന്നുള്ളൂ എന്ന് എല്ലാവർക്കുമറിയാവുന്ന ഒരുവസ്തുതയാണ്. സാക്ഷരകേരളം എല്ലാറ്റിനും സാക്ഷിയാകുക മാത്രമല്ല സാധാരണക്കാരൻ ജീവിയ്ക്കാൻ പറ്റാതെ പ്രയാസപ്പെടുന്ന ഒരു സാഹചര്യം കേരളത്തിലുടലെടുക്കുക കൂടി ചെയ്യുന്നു. എന്തും വിറ്റഴിയ്ക്കാൻ എളുപ്പമുള്ള കൈരളിയുടെ ഭാവിയ്ക്ക് മുൻപിൽ നിന്ന് നെടുവീർപ്പിടാനേ നമുക്ക് കഴിയൂ. 500 ഉം 600 ഉം രോഗികളെ ഒരുദിവസം പരിശോധിയ്ക്കുന്ന ഡോക്ടർമാരുടെ ക്ലിനിക്കിൽ അവരൊരുക്കിയ ഡിസ്പെൻസറി, അതിലെ മരുന്നുകൾ ഇത്രയും രോഗികൾക്ക് വീതിച്ചുനല്കുന്നതിലെ ലോജിക്ക് ഒരധികാരവർഗ്ഗത്തിനും കണ്ടുപിടിയ്ക്കാൻ കഴിയാത്ത ഈ കാലത്ത് ആതുരസേവനം നടത്തുന്ന ചെറുവത്തൂർ രാമകൃഷ്ണൻ എന്ന മനുഷ്യസ്നേഹിയുടെ മാനവനന്മയെ നാം കാണാതെ പോവരുത്. കഴിഞ്ഞ 44 വർഷമായി (ഏകദേശം 4 ½ പതിറ്റാണ്ടോളം) ഇദ്ദേഹം സൗജന്യമായി ഹോമിയോ ചികിത്സ നടത്തുന്നു. അതുമാത്രമല്ല രോഗികൾക്ക് മരുന്നും വെറുതെ കൊടുക്കുന്നു. പതിറ്റാണ്ടുകൾക്ക് മുൻപ് വഴുതനശ്ശേരി ദാമോദരൻ നായർക്കും ചെറുവത്തൂർ കുഞ്ഞുലക്ഷ്മിയമ്മയ്ക്കും പിറന്ന രാമകൃഷ്ണനെ സേവന വഴിയെ നടത്തിച്ചത് ഈ മാതാപിതാക്കൾ തന്നെയാവാം. മാതാപിതാക്കളുടെ മരണം കുറച്ചൊന്നുമല്ല ഈ മനുഷ്യനെ ദുഃഖിപ്പിച്ചത്. എങ്കിലും പത്നി ഭാഗീരഥിയും ഏക മകൾ ബിന്ദുവും ഇദ്ദേഹത്തിന് തുണയായത് ജീവിതത്തിലെ ഒരു വലിയ ഭാഗ്യമായി ഇപ്പഴും കരുതുന്നുവത്രെ. അകാലത്തിൽ പടിയിറങ്ങിയ ഭാഗീരഥിയുടെ ഓർമ്മയിൽ വിഷാദിച്ചുനിൽക്കുമ്പോൾ പേരമകൾ നന്ദന മുത്തച്ഛനെ കെട്ടിപ്പിടിയ്ക്കാറുണ്ടത്രെ. എത്ര ദുഃഖത്തിലും രോഗികളെ പരിചരിയ്ക്കാൻ തയ്യാറാവുന്നു ഡോ. രാമകൃഷ്ണൻ. ഈ ഡോക്ടർക്ക് വിശ്രമമില്ല. ഞായറാഴ്ച നല്ലേപ്പിള്ളിയിലും തിങ്കൾ പെരുങ്ങോട്ടുകുറുശ്ശിയിലും ബുധനാഴ്ച പേഴുംകരയിലും മാസത്തിലെ മൂന്നാമത്തെ വ്യാഴാഴ്ച കുളപ്പുള്ളിയിലും ശനിയാഴ്ച കൊടുവായൂരിലും മറ്റുദിവസങ്ങളിൽ വീട്ടിലും അങ്ങിനെ ആഴ്ചയിൽ ഏഴുദിവസവും വിവിധസ്ഥലങ്ങളിൽ രോഗികൾ ഇദ്ദേഹത്തെ കാത്തുനില്ക്കാറുണ്ടത്രെ. നന്മ ചെയ്യുന്ന മാനവന്റെ മൂർദ്ധാവിൽ നീല നിലാവ് തഴുകുന്നത് സ്വാഭാവികം മാത്രം. മണ്ണും വിണ്ണും മാനവരും ഒന്നിയ്ക്കുന്ന നിളയ്ക്കരികെ നിന്നുകൊണ്ട് നീലാകാശത്തിന്റെ നീലവെളിച്ചത്തിലേയ്ക്ക് നോക്കി നന്മയുടെ നല്ല പാഠങ്ങൾ ഡോ. രാമകൃഷ്ണൻ നമ്മളെ പഠിപ്പിയ്ക്കുന്നു. ആ വിദ്യാലയത്തിലെ നല്ല വിദ്യാർത്ഥികളാവാൻ നമുക്ക് സാധിച്ചെങ്കിൽ...

# ആതുരസേവനം ഇങ്ങിനെയോ ?



ഡോ. സി. രാമകൃഷ്ണൻ
9447358663

**ആ**തുര സേവനം ഒരു മഹത്തായ കാര്യമാണ്. അതിൽ കറപുരളാതെ സംരക്ഷിക്കേണ്ടത് മാനവധർമ്മമാണ്. കഷ്ടത അനുഭവിക്കുന്നവർക്ക് സഹായഹസ്തം നീട്ടുന്നതാണ് സേവനം. വേദാന്തം പ്രസംഗിച്ച് നടന്നതുകൊണ്ട് കാര്യമില്ല. അത് പ്രായോഗികമാക്കുകയും വേണം. ഇന്ന് ആത്മീയ കാര്യങ്ങൾ നടക്കുന്നത് ധനസമ്പാദന മാർഗ്ഗത്തെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പ്രതിഫലം ഉദ്ദേശിച്ചുകൊണ്ടുള്ള പ്രസംഗങ്ങളും, പ്രഭാഷണങ്ങളും ആയിത്തീർന്നിരിക്കുന്ന കാലഘട്ടമാണിപ്പോൾ. പ്രസംഗത്തിലൂടേയും പ്രഭാഷണങ്ങളിലൂടേയും ജനങ്ങളുടെ വിശ്വാസം നേടിയെടുക്കുവാനുള്ള കഴിവ് ഇവർക്കുണ്ട്. ഗുരുദക്ഷിണ രൂപേണ നല്ലൊരു വരുമാനവും ഇവർക്കുണ്ട്. എന്നാൽ മാനസിക, സാമ്പത്തിക, ശാരീരിക കഷ്ടത അനുഭവിക്കുന്നവർക്ക് ഇവരുടേതായിട്ടുള്ള സംഭാവനകൾ അർഹിക്കുന്ന രീതിയിൽ ലഭിക്കുന്നുണ്ടോ എന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ഇന്ന് വൃദ്ധസദനങ്ങൾ അനാഥാലയങ്ങൾ, അനാഥകുട്ടികൾക്കുള്ള പാർപ്പിടങ്ങൾ ആവശ്യാനുസരണം ഉണ്ടായിക്കൊണ്ടിരിക്കുന്നു. നല്ലതുതന്നെ, എന്നാൽ ഒരുകാര്യത്തിൽ പിന്നോക്കാവസ്ഥയിലാണ്. ഇന്ന് ഏറ്റവും അധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നത് ആരോഗ്യമേഖലകളിലാണ്. മാറാരോഗങ്ങൾക്കടിമപ്പെട്ട് സാമ്പത്തികമായും മാനസികമായും കഷ്ടത അനുഭവിക്കുന്ന രോഗികൾക്ക്, ആത്മീയതയിൽ കൂടി സമ്പാദിച്ചുകൂട്ടുന്ന ഇവർ എന്തുസഹായങ്ങളാണ് നൽകുന്നത്. ചികിത്സകൾക്കായി ആയിരമോ പതിനായിരമോ അല്ല ലക്ഷങ്ങളാണ് മുടക്കേണ്ടിവരുന്നത്. സന്മനസ്സുകാരായ നാട്ടുകാർ ഭിക്ഷ യാചിക്കുന്ന മാതിരി ഓരോ വ്യക്തികളിൽ നിന്നും പിരിച്ചെടുത്ത് ഭീമമായ സംഖ്യ ചികിത്സാ ചിലവിന്നായി വിനിയോഗിക്കുന്ന ഗതികേടിലേക്ക് എത്തിച്ചേരുന്നു. കേരളത്തിൽ മിഷനറീസ് നടത്തുന്നതും അല്ലാതേയുള്ളതുമായ സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികൾ ഉണ്ട്. രോഗികളെ പിഴിഞ്ഞ് സഹസ്രകോടികളുടെ ആസ്തി ഇവർക്കുണ്ട്. എന്നാൽ നിർദ്ധനരായ രോഗികൾക്കാർക്കെങ്കിലും സൗജന്യ ചികിത്സ നൽകുവാനുള്ള മനസ്ഥിതി കാണുന്നില്ല. സൗജന്യ ചികിത്സയുടെ കാര്യത്തിൽ അതുവേ... ഇതുറെ... എന്ന കാഴ്ച്ചപ്പാടാണ്. ഇവർ ആതുര സേവനങ്ങൾ നടത്തുന്നത് വെറും പ്രഭാഷണങ്ങളിൽ കൂടിയാണ്. നാമമാത്രയിൽ കുറേ അന്തേവാസികളും ധാരാളം ശിഷ്യസമ്പത്തുകളും ഇവർക്കുണ്ട്. ധാരാളം പേർക്ക് സൗജന്യ ചികിത്സ നടത്തുവാനുള്ള ആസ്തികൾ ഉണ്ടായിട്ടും അത് പ്രായോഗികമാക്കുവാനുള്ള സന്മനസ്സ് ഇവർക്കില്ലെന്നുതന്നെ പറയാം. ഇങ്ങിനെയുള്ളവർ ആദർശം പ്രസംഗിച്ചുനടക്കുന്നതിലെന്തു ഔചിത്യമാണുള്ളത്. വിശക്കുന്നവർക്ക് ഭക്ഷണം നൽകുന്നതിന്നുപകരം വേദാന്തം പ്രചരിപ്പിച്ചുനടന്നാൽ വിശപ്പിന്ന് പരിഹാരമാകുമോ ? മാനവസേവ മാധവസേവ ഇതാണ് വേദവാക്യം. അതായത് അവശരായവരെ സന്മനസ്സോടെ സഹായിക്കുക എന്നത് ഈശ്വരനെ സേവിക്കുന്നതിന്ന് തുല്യമാണെന്ന് സാരം. കഷ്ടത അനുഭവിക്കുന്നവരെ തിരിച്ചറിഞ്ഞ് അവർക്ക് വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുന്നതാണ് ആതുരസേവനം. മാനവസേവ മാധവസേവ എന്ന മഹത് വചനത്തെ ന്യായീകരിച്ച് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമുണ്ട്. ശ്രീ സത്യസായി ബാബയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ബംഗ്ളൂരിലേയും പുട്ടപ്പർത്തിയിലേയും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ. ഇപ്പോൾ ഇത് നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ചികിത്സകളും മരുന്നുകളും സൗജന്യമാണ്. ചികിത്സകൾക്ക് വേണ്ടി പണം വാങ്ങുന്ന സംവിധാനങ്ങൾ തീരെ ഇല്ലെന്നു തന്നെ പറയാം. ഇതുപോലെത്തന്നെയാണ് മറ്റു സായി സമിതികളുടേയും പ്രവർത്തനം. ഇതിൽ പ്രവർത്തിക്കുന്ന ഡോക്ടർമാരടക്കം എല്ലാ അംഗങ്ങളും ആത്മാർത്ഥതയോടെ ആതുരസേവനം നടത്തിവരുന്നു. ഇവർ ചെയ്തുവരുന്ന സേവനങ്ങളെ സംബന്ധിച്ച് മാധ്യമങ്ങളിൽ കൂടിയോ അല്ലാതേയോ ഉള്ള പ്രചരണങ്ങൾ (Publicity)ക്ക് താത്പര്യം കാണിക്കാറുമില്ല. കേരളത്തിലും പുട്ടപ്പർത്തിയിലും ബംഗ്ലൂരുവിലേയും സമാനമായി ഒരു സൂപ്പർ സ്പെഷാലിറ്റി ആശുപത്രി പ്രവർത്തിച്ച് കാണുവാനായി ശ്രീ. ബാബ താത്പര്യം പ്രകടിപ്പിച്ചിരുന്നതായി അറിയാൻ കഴിഞ്ഞു. അതിന്നുവേണ്ട ഇരുപത് ഏക്കർ സ്ഥലം നൽകിയിരുന്നെങ്കിൽ ഒരു നല്ല സൂപ്പർ സ്പെഷാലിറ്റി ആശുപത്രി കേരളത്തിലും ലഭിച്ചേനേ. ഈ മഹത്തായ സംരംഭത്തിന് തുരങ്കം വെച്ചത് ആരായിരിക്കും എന്ന് പറഞ്ഞറിയിക്കേണ്ട കാര്യമില്ല, ഊഹിക്കാവുന്നതേയുള്ളു. സ്വാമി വിവേകാനന്ദൻ പറഞ്ഞതുപോലെ കേരളം ഭ്രാന്താലയം തന്നെ. അന്നം മുടക്കികളെപ്പോലെയാണ് ഇവിടത്തെ രാഷ്ട്രീയം. 'മദ്യസേവ മാനവസേവ' ഇതാണ് ഇവിടത്തെ രാഷ്ട്രീയനിലപാട്. ജനങ്ങളുടെ ആരോഗ്യം നശിച്ചാലും വിരോധമില്ല സർക്കാരിന്ന് പണം വേണം. മദ്യം വിഷമാണെന്ന് നമ്മുടെ രാഷ്ട്രപിതാവും ശ്രീനാരായണ ഗുരുവും ഉപദേശിച്ചത് അവഗണിച്ച് ഇതൊന്നും ഞങ്ങൾക്ക് ബാധകമല്ല എന്ന തീരുമാനം മേൽപ്പറഞ്ഞ മഹത്‌വ്യക്തികളോട് ചെയ്യുന്ന ക്രൂരതയും അനാദരവുമായിരിക്കും. കൊള്ളലാഭമെടുക്കുന്ന വൻകിട ആശുപത്രി നടത്തിപ്പുകാർ നിർദ്ധനരായ, രോഗാധിക്യം മൂലം കഷ്ടതയനുഭവിക്കുന്ന കുറേ രോഗിക

ൾക്കെങ്കിലും സൗജന്യ വൈദ്യസഹായം ചെയ്തുകൊടുക്കുവാനുള്ള സന്മനസ്സ് കാണിക്കുകയാണെങ്കിൽ അത് എത്രയും ശ്രേഷ്ഠകരമായ ധാർമ്മിക പ്രവർത്തനമായിരിക്കും.

പാലക്കാട്ടും പരിസരങ്ങളിലും സൗജന്യ മരുന്നുകളും വൈദ്യസഹായങ്ങളും ചെയ്തുകൊടുക്കുന്ന സംഘടനകൾ ഉണ്ട്. ഇവിടെയെല്ലാം സ്ഥിരമായി മെഡിക്കൽ ക്യാമ്പ് നടത്തുന്ന സ്ഥലങ്ങളാണ്.

1. ശ്രീ സത്യസായി പ്രാഥമികാരോഗ്യകേന്ദ്രം, കുളപ്പുള്ളി, ഷൊർണ്ണൂർ

ഇവിടെ അലോപ്പതി ചികിത്സയിൽ പ്രധാനപ്പെട്ട കാർഡിയോളജി, ഗൈനക്കോളജി, ന്യൂറോളജി, ഓഫ്ത്താൽമോളജി, ഓർത്തോപീഡിയാക്ക്, ഹോമിയോപതി, ആയുർവേദം, കൗൺസിലിങ്ങ്, പ്രാണായോഗ, വൈബ്രോതെറാപ്പി എന്നിവയും കൂടാതെ സൗജന്യ തിമിര ശസ്ത്രക്രിയയും ചെയ്തുകൊടുക്കുന്നുണ്ട് പ്രത്യേക ദിവസങ്ങളിൽ.

2. സത്യസായി സമിതി, പുത്തൂർ, പാലക്കാട്

ഇവിടേയും സൗജന്യമായി അലോപ്പതി, ഹോമിയോ എന്നീ ചികിത്സകൾ ലഭ്യമാണ്. ചികിത്സയുടെ സമയവും ദിവസവും പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്താറുണ്ട്.

3. സത്യസായി സമിതി, കൊടുവായൂർ

ഇവിടെ നാൽപ്പതുവർഷത്തിനുമുകളിലായി സൗജന്യഹോമിയോ ചികിത്സ നടത്തിവരുന്നുണ്ട്. ശ്രീ ബാബയുടെ അനുഗ്രഹം ലഭിച്ച സമിതിയെന്ന പ്രത്യേകത കൂടി ഉണ്ട്. ഓരോ ക്യാമ്പുകളിലും ഏറ്റവും കൂടുതൽ രോഗികളെ പരിശോധിക്കുന്ന സമിതിയാണിവിടെ. എല്ലാ ശനിയാഴ്ചകളിലും ഉച്ചക്കുശേഷം പ്രവർത്തിക്കുന്നതായിരിക്കും.

4. നാരായണാലയം, നല്ലേപ്പിള്ളി

സ്വാമി സൻമയാനന്ദ സരസ്വതിയുടെ നേതൃത്വത്തിൽ സൗജന്യ ഹോമിയോ ചികിത്സ ലഭ്യമാണ്. ആദ്യത്തേയും മൂന്നാമത്തേയും ഞായറാഴ്ചകളിൽ ഉച്ചക്കുശേഷം. ഇവിടേയും രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നത്.

5. ഹിറാ സെന്റർ, പേഴുംകര, പാലക്കാട്.

ഇവിടേയും ധാരാളം രോഗികളെ ചികിത്സിക്കുന്നുണ്ട്. സൗജന്യ ഹോമിയോ ചികിത്സ എല്ലാ ബുധനാഴ്ചയും ഉച്ചക്കുശേഷം.

മേൽ പറഞ്ഞ സ്ഥലങ്ങളിലെല്ലാം വിദഗ്ദ്ധ ഫലപ്രദമായ ചികിത്സകൾ ലഭിക്കുന്നുണ്ടെങ്കിലും ഇതിനെ സംബന്ധിച്ചുള്ള പ്രചരണത്തിനായി മാധ്യമങ്ങളിൽ ഇടം പിടിക്കാറില്ല എന്നൊരു പ്രത്യേകത കൂടി നിലനിൽക്കുന്നു.

ചികിത്സകളെ സംബന്ധിച്ച് പത്രങ്ങളിലും മറ്റു മാധ്യമങ്ങളിൽ കൂടിയും ധാരാളം പരസ്യങ്ങൾ കണ്ടുവരുന്നുണ്ട്. ഇതിൽ വ്യാജന്മാരും കടന്നുകൂടിയിട്ടുണ്ട്. അതുകൊണ്ട് തട്ടിപ്പിന്നിരയാകാതെ സൂക്ഷിക്കേണ്ടതുണ്ട്.

കുട്ടികളിൽ കണ്ടുവരാറുള്ള ടോൺസിലൈറ്റിസ്, അഡനോയ്ഡ് (Adenoid) എന്നീ അസുഖങ്ങൾക്ക് ഫലപ്രദമായ ഹോമിയോ ചികിത്സയിലൂടെ അനാവശ്യ ശസ്ത്രക്രിയ ഒഴിവാക്കാം. ഇതെഴുതുവാൻ കാരണം മേൽ പറഞ്ഞ അസുഖങ്ങൾക്ക് ഹോമിയോ ചികിത്സയെപ്പറ്റി അറിവില്ലാത്തവരെ ബോധവത്ക്കരിക്കാൻ വേണ്ടി മാത്രമാണ്. ആതുര സേവനങ്ങളെ സംബന്ധിച്ച ചിലർക്ക് ഒരു സംശയം ഉണ്ടാവാം. ജനങ്ങൾക്ക് വേണ്ടിയുള്ള ആതുരസേവനങ്ങൾ ചെയ്തുകൊടുത്താൽ ഞങ്ങൾക്ക് എന്തുകിട്ടും എന്ന ചോദ്യത്തിന്ന് മറുപടി അർഹിക്കുന്നില്ല. ലാഭനഷ്ടക്കച്ചവടമൊന്നുമല്ല ആതുരസേവനം. നിസ്വാർത്ഥ സഹായ മനസ്ഥിതിയാണ് സേവനം. സേവനത്തെ സംബന്ധിച്ചുള്ള പ്രസംഗങ്ങളും പ്രഭാഷണങ്ങളും നടത്തിയാൽ അത് സേവനമാകുകയില്ല. സന്മനസ്സോടുകൂടിയുള്ള സേവനങ്ങൾ പ്രായോഗികമാക്കുക തന്നെ വേണം. ●



**വാസന്തി മോഹൻ**
**9142223960**

# ഞാൻ

കാതിലും ചുണ്ടിലും വെച്ചുമാറി
കൗതുകത്തോടെ തിരിച്ചുനോക്കി
കാര്യം പിടികിട്ടിയെന്ന മട്ടിൽ
കണ്ടതിലെല്ലാമേ കുത്തിനോക്കി
ഉത്തരം കിട്ടിയിട്ടെന്നമട്ടിൽ
ഉച്ചത്തിലോതുന്നു നൂറുശരി
പൊട്ടിച്ചിരിക്കുന്നിടക്കിടക്ക്
മൊട്ടത്തലയിൽ കൈവെച്ചിടുന്നു
സ്വച്ഛന്ദകേളി പുരോഗമിക്കെ
ഉച്ചത്തിൽ മുഴങ്ങി നാദധാര
അച്ഛന്റെയാണെന്നു ചൊല്ലിയവൻ
വാച്ചമോദം
കൊഞ്ചിയെന്തൊക്കെയോ
അമ്മ കൈനീട്ടിയരുകിലെത്തി
ആരോമൽ വാശിപിടിച്ചു ചൊല്ലി
'ഞാൻ ഞാൻ'
എന്നുരുവിട്ടുകൊണ്ട്
ഞായം തുടങ്ങിയവ്യക്തമെന്തോ
തല്ലുകിട്ടുമെന്നു ചൊല്ലിനോക്കി
നല്ല വാക്കിനാലുമില്ല രക്ഷ
എല്ലാ അടവും പയറ്റിനോക്കി
വല്ലവിധേനയും കൈക്കലാക്കാൻ
മണ്ണിൽ കുരുത്തൊരാനേരം മുതൽ
മനസ്സിൽ കുരുക്കുമീയൊറ്റ ഭാവം
മുന്നോട്ടു നയിപ്പതി 'ഞാൻ'
ഭാവമത്രേ
മുച്ചൂടും തകർപ്പതുമീ ഞാനല്ലോ
ഞാനിനെ മാത്രമറിഞ്ഞാൽ മതി
ഞാനാണെല്ലാറ്റിന്റേയും ഹേതു
ഞാൻ പോയാൽ തീരുമീ
ലോകബന്ധം
ഞാൻ വന്നാൽ മമത തൻ
ബന്ധനവും

ജോസഫ് പൂതക്കുഴി
9846751749

# കുടുംബം ഒരു സ്നേഹാലയം

ഗണിതശാസ്ത്രത്തിൽ ഒന്നും ഒന്നും രണ്ട് എന്നാണ്. എന്നാൽ വിവാഹജീവിതത്തിൽ ഭാര്യയും ഭർത്താവും ചേർന്നാൽ അവർ രണ്ടല്ല, ഒന്നാണ്. വിവാഹിതരാവുന്നതോടുകൂടി പുരുഷൻ പിതാവിനേയും മാതാവിനേയും വിട്ട് ഭാര്യയോട് ചേരുകയും അവർ ഇരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യുന്നു. പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒരു ശരീരമായിരിക്കും. രണ്ടിനെ ഒന്നായി പരിണമിപ്പിക്കുന്ന ഒരു മഹേന്ദ്രജാലമാണ് വിവാഹം.

ദാമ്പത്യജീവിതത്തിൽ ഊഷ്മളമായ സ്നേഹബന്ധങ്ങൾ ഊട്ടി ഉറപ്പിക്കുന്നതിന് സഹായകമായ ചില ചിന്തകളാണ് ഇവിടെ പ്രതിപാദിക്കുന്നത്. ദാമ്പത്യബന്ധം നല്ലതല്ലെങ്കിൽ അത് നന്നാക്കി എടുക്കാനും നല്ല ബന്ധമാണ് ഇപ്പോഴുള്ളതെങ്കിൽ അത് കൂടുതൽ ആസ്വാദ്യകരമാക്കാനും ദമ്പതികൾ ശ്രദ്ധ വെച്ചാൽ ജീവിതം സമാധാനപൂർണ്ണവും ആനന്ദഭരിതവുമാക്കിത്തീർക്കാൻ സാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. പറ്റിയ ജീവിത പങ്കാളിയെ കിട്ടിയാൽ ദാമ്പത്യസ്വപ്നങ്ങൾ സഫലമാകുമെന്നും ശുഭപര്യവസായിയാകുമെന്നും പല ചെറുപ്പക്കാരും കണക്കുകൂട്ടുന്നു. എന്നാൽ ഈ സങ്കൽപ്പം ശരിയല്ല. സൗഭാഗ്യകരമായ ദാമ്പത്യജീവിതം വെറുതെ സംഭവിക്കുകയില്ല. സ്ഥിരോത്സാഹത്തോടും ക്ഷമയോടുംകൂടിയുള്ള സുചിന്തിത പ്രവർത്തനം അതിന് അനിവാര്യമാണ്. സ്ത്രീകൾക്ക് തങ്ങളേയും തങ്ങളുടെ ആവശ്യങ്ങളേയും കുറിച്ചുള്ള അവബോധമാണ് ആദ്യമേയുണ്ടാവേണ്ടത്. ഉചിതമായ സമയത്ത് വിവേകത്തോടെ സൗമ്യമായി ഭർത്താക്കന്മാരെ അത് ബോധ്യപ്പെടുത്താൻ കഴിയണം. ഇതൊരു കലയാണ്. ഈ 'കല' കണ്ടും കേട്ടും അനുഭവിച്ചും വായിച്ചുമനസ്സിലാക്കിയും പ്രാവർത്തികമാക്കുന്നതിലൂടേയാണ് സന്തുഷ്ടമായ കുടുംബജീവിതം ഉരുത്തിരിഞ്ഞുവരുന്നത്. ഓരോ വ്യക്തിയും ഓരോ മഹാരഹസ്യമാണ്. ആയതിനാൽ തന്നെയും തന്റെ ആവശ്യങ്ങളേയും മറ്റുള്ളവർക്ക് വെളിപ്പെടുത്തിക്കൊടുക്കേണ്ടിയിരിക്കുന്നു. മറ്റുള്ളവർക്ക് നമ്മെ മനസ്സിലാക്കാനുള്ള എളുപ്പമാർഗ്ഗം അത് തന്നെയാണ്.

വിവാഹജീവിതം ആഴമായ വ്യക്തിബന്ധങ്ങൾ സ്ഥാപിക്കാനും മറയും പേടിയുമില്ലാതെ ഹൃദയ വികാരങ്ങൾ പങ്കുവെക്കാനുള്ള ഒരു വേദിയാണ് എന്ന കാര്യം ഭാര്യഭർത്താക്കന്മാർ എപ്പോഴും ഓർമ്മയിൽ സൂക്ഷിക്കേണ്ട കാര്യമാണ്.

ജീവിതപങ്കാളിയോടുള്ള ബന്ധം എങ്ങിനെയാണ് സ്ഥാപിക്കേണ്ടതെന്നും അത് നിലനിർത്താനുള്ള പരിജ്ഞാനവും കഴിവും മാർഗ്ഗങ്ങളും ആർജ്ജിക്കുന്നത് എങ്ങിനെയാണെന്നും അറിയുന്നതിനുമുമ്പാണ് പലരും വിവാഹിതരാവുന്നത്. എങ്ങിനെ ഇണയുടെ വൈകാരികവും ശാരീരികവും മാനസികവുമായ താൽപര്യങ്ങൾ നിറവേറ്റണമെന്നതിനെക്കുറിച്ച് മനസ്സിലാക്കാതെയാണ് മിക്കവരും ഈ വേദിയിലേക്ക് കടന്നുവരുന്നത്. ഒരു പ്ലമ്പർക്ക് ലൈസൻസ് കിട്ടാൻ ദീർഘമായ പഠനവും പരിശീലനവും ആവശ്യമാണ്. എന്നാൽ വിവാഹത്തിനുമുമ്പ് ഇങ്ങനെയൊരു പഠനം വേണ്ടതാണെന്ന ബോധം നമ്മുടെ യുവതീയുവാക്കൾക്ക് ഇല്ലാതെപോയതാണ് ഏറെ വിചിത്രം !

മനുഷ്യവംശത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും വികാസത്തിനും ആവശ്യമായ ഹൃദയബന്ധങ്ങളുടെ പരിപോഷണത്തിനും ആശയവിനിമയങ്ങളുടെ രീതികൾ അഭ്യസിപ്പിക്കുന്നതിനും ആവശ്യമായ ക്ലാസ്സുകൾ ഇന്നത്തെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റും മതമേധാവികളും കുലംകഷമായി ചിന്തിക്കേണ്ടുന്ന സമയം അതിക്രമിച്ചിരിക്കുന്നു.

ഭാര്യാഭർത്താക്കന്മാർ പരസ്പരം മനസ്സിലാക്കാനും തൃപ്തിപ്പെടുത്താനുമുള്ള അറിവും കഴിവും ഇല്ലാത്തവരാണെങ്കിൽ ജീവിതം ആജീവനാന്തം അസംതൃപ്തിയും അരോചകത്വവും നിറഞ്ഞതായിരിക്കും. പ്രസിദ്ധ മനശ്ശാസ്ത്രജ്ഞനായ കാൾമെനിംഗ് ഇത്തരം ദമ്പതിമാരെപ്പറ്റി പഠനം നടത്തിയിട്ട് പറയുന്നത് ഇക്കൂട്ടർ രണ്ടുതരത്തിൽ കാണപ്പെടുന്നു എന്നാണ്. 1) തനിമയുടെ മാളങ്ങളിൽ ഒളിക്കുക. 2) ആക്രമണകാരികളാവുക. ഒളിക്കുന്നവർ രക്ഷപ്പെടുന്നില്ല. അവർ ക്രമേണ ആത്മവിശ്വാസം നഷ്ടമായി തങ്ങളെത്തന്നെ വെറുക്കാൻ തുടങ്ങുന്നു. ആക്രമണകാരികളാവട്ടെ ജീവിതപങ്കാളിക്ക് നിരന്തര ശല്യങ്ങൾ ഉണ്ടാക്കി രണ്ടുപേരുടേയും ജീവിതം കലാപകലുഷിതമാകുന്നു.

ദാമ്പത്യജീവിതം മാതൃകാപരമാക്കുന്നതിന് ഭർത്താവിന്റെ ആഗ്രഹങ്ങൾ പൂർത്തിയാക്കാൻ ഭാര്യയും ഭാര്യയുടെ ആഗ്രഹങ്ങൾ സഫലമാക്കാൻ ഭർത്താവും സന്നദ്ധതയുള്ളവരായിരിക്കണം. തങ്ങളുടെ ദാമ്പത്യ ജീവിതം സുദൃഢമാക്കാൻ ഭാര്യാഭർത്താക്കന്മാർ ഏകമനസ്സായിക്കൊണ്ട് കൊണ്ടും കൊടുത്തും കണ്ടും കാണാതേയും കേട്ടും കേൾക്കാതേയും പരസ്പരം വിട്ടുവീഴ്ച്ചാമനോഭാവത്തോടെ ജീവിതത്തെ പ്രസാദാത്മകമാക്കി മാറ്റാൻ പരിശ്രമം ചെയ്യണം. ഭാര്യാഭർത്തൃബന്ധം എപ്രകാരമായിരിക്കണമെന്ന് കവി കുഞ്ഞുണ്ണിമാസ്റ്റർ പറയുന്നതിങ്ങനെയാണ്:

*'കാതുപാടില്ല കാന്തന്*
*കണ്ണുപാടില്ല ഭാര്യയ്ക്ക്*
*എന്നാൽ കാന്തമായിടും*
*അല്ലെങ്കിൽ കുന്തമായിടും.'*

സ്ത്രീപുരുഷന്മാർ ശാരീരികമായും മാനസികമായും വൈകാരികമായും തികച്ചും വ്യത്യസ്തരാണ്. കുടുംബജീവിതത്തിൽ നായികനായകന്മാർ തങ്ങളുടെ ഹൃദയാഭിലാഷങ്ങൾ സൗമ്യമായും ശാന്തമായും പരസ്പരം തുറന്നുപറയുവാനും ജീവിതാനുഭവങ്ങൾ സത്യസ

ന്ധമായി തുറന്നുപറയാനും ചർച്ച ചെയ്യാനുമുള്ള ഹൃദയവിശാലതയുള്ളവരായിരിക്കണം. അങ്ങനെയെങ്കിൽ പല പിണക്കങ്ങളും കുടുംബ കലഹങ്ങളും പൊട്ടിത്തെറികളും ഒഴിവാക്കാൻ കഴിയും.

ഭാര്യാഭർതൃബന്ധം അതിരുകളില്ലാത്ത സ്നേഹത്തിലധിഷ്ഠിതമായിരിക്കണം. യഥാർത്ഥ സ്നേഹം കേവലം ഒരു വികാരമല്ല. സ്നേഹിക്കുന്ന ആളിന്റെ നന്മയും ഉൽക്കർഷത്തിനുംവേണ്ടിയുള്ള ദാഹമാണ്. സ്നേഹിക്കുന്ന വ്യക്തിക്കുവേണ്ടി ത്യാഗമനുഷ്ഠിക്കുവാൻ തയ്യാറാവണം. സ്നേഹത്തിന്റെ മൂർത്തിമദ്ഭാവമാണ് ആത്മദാനം. ഭാര്യാഭർത്താക്കന്മാർക്കുണ്ടായിരിക്കേണ്ടത് ഈ ദൃശ്യസ്നേഹമാണ്. കുടുംബത്തെ ബാധിക്കുന്ന സുപ്രധാന തീരുമാനങ്ങൾ കുടുംബനാഥനും നാഥയും ഒരുമിച്ചിരുന്ന് ചർച്ച ചെയ്തു തീരുമാനിക്കുക. ഏകപക്ഷീയമായ തീരുമാനങ്ങൾ ഒരാൾ മറ്റൊരാളുടെ മേൽ അടിച്ചേൽപ്പിക്കരുത്.

അകലങ്ങളിലായിരുന്ന ഒരുയുവാവും യുവതിയും തമ്മിൽ അടുത്തു. അവർ ഒന്നിച്ച് ഒരു ശരീരമായി. അതോടൊപ്പം രണ്ടു കുടുംബങ്ങളും രണ്ടു കരകളും അടുപ്പത്തിലായി. യുവാവും യുവതിയും വിവാഹത്തിലൂടെ ഒന്നായത് കുടുംബമെന്ന സ്നേഹാലയം പടുത്തുയർത്താനാണ്. അല്ലാതെ കലഹിക്കുവാനോ വേർപിരിയുവാനോ അല്ല. ദമ്പതികൾ പണിതുയർത്തുന്ന സ്നേഹാലയം പാറമേൽ ആയിരിക്കണം. ബലവത്തായിരിക്കണമതിന്റെ നെടുംതൂണുകൾ. സ്നേഹത്താൽ അഭിഷേകം ചെയ്യപ്പെട്ട ആ ഭവനം വിദ്വേഷത്തിന്റെ കാറ്റടിച്ചാലും കദനത്തിന്റെ കണ്ണീർപ്പുഴ കവിഞ്ഞൊഴുകിയാലും ഇളക്കം തട്ടില്ല. കോപത്തിന്റെയും വാശിയുടേയും പൊടി പടലങ്ങളും സംശയത്തിന്റെ കാർമേഘങ്ങളും പരസ്പരവിശ്വാസത്തിന്റെ കാറ്റേറ്റ് നീങ്ങിപ്പോവുകയും ശാന്തിയുടേയും സമാധാനത്തിന്റേയും ശാന്തസുന്ദരമായ നവ്യാനുഭൂതി ഭവനത്തെ പരിരംഭണം ചെയ്യുകയും ചെയ്യും. അങ്ങിനെ വീട് ഒരു സ്വർഗ്ഗമായിത്തീരും. ●

# ഇന്ത്യയുടെ മൊഴയും ഭൂമിയിലെ പേനുകളും

**കെ. വിജയകുമാരൻ**
**9448312631, 9444540631**

**മാ**ളുവിനെ സാമൂഹ്യപാഠങ്ങൾ പഠിപ്പിക്കുകയായിരുന്നു അയാൾ. ഹിമാലയത്തിനടിയിൽ നിന്നും കടലിലെ ചിപ്പികൾ കണ്ടെത്തിയ കാര്യവും, ഇന്ന് ഹിമാലയം ഇരിക്കുന്നിടത്ത് വളരെ പണ്ട് 'തെത്തിസ്' എന്ന കടൽ ഉണ്ടായിരുന്നതും ഒക്കെ അവൾക്ക് മനസ്സിലാവുന്ന ഭാഷയിൽ വിശദീകരിക്കുകയായിരുന്നു. ഭൂഖണ്ഡങ്ങളുടെ ചലനം അയാൾക്ക് ഏറ്റവും ഹരമായ വിഷയമാണ്. ആ സിദ്ധാന്തം ആവിഷ്ക്കരിച്ച ആൽഫ്രെഡ് വെഗെനർ എന്ന മഹാനെ എത്ര പ്രകീർത്തിച്ചാലും അയാൾക്ക് മതിവരില്ല.

പാൻജിയ എന്ന മഹാഭൂഖണ്ഡത്തിൽനിന്നും വേർപിരിഞ്ഞ് ഇന്ത്യാസമുദ്രത്തിലെ ഒരു ദ്വീപായി മാറിയ ഇന്ത്യാഖണ്ഡം വളരെ വർഷങ്ങൾക്കുമുമ്പ് വടക്കോട്ട് സഞ്ചരിച്ച് ഏഷ്യാവൻകരയിൽ ചെന്നിടിച്ചുവെന്നും തന്മൂലം അവിടെ ഹിമാലയ പർവ്വതം പൊന്തിവന്നു എന്നും അവളെ ഒരുവിധം പറഞ്ഞുധരിപ്പിച്ചു. 'ഓഹോ' എന്ന് പറഞ്ഞ് അവൾ അല്പനേരം ചിന്താമഗ്നയായി ഇരുന്നു. പിന്നീട് അയാളെ അതിശയിപ്പിച്ചുകൊണ്ട് ചോദിച്ചു.

"മാളു ചെറ്താരിക്കുമ്പോ ഫാസ്റ്റായിട്ട് ഓടിക്കളിച്ച് ചെവ്രില് തല മൂട്ടീട്ട് മൊഴ വന്നില്ലേ... അതുപോലെ ല്ലച്ചാ...?" വളരെ വിഷമകരമെന്നു അയാൾക്ക് തോന്നിയ ഒരു പ്രതിഭാസത്തെ മകൾ എത്രയും ലളിതമായ ഒരു ഉപമയിലൂടെ ഗ്രഹിച്ചുവെന്നറിഞ്ഞ് അയാൾ സന്തോഷിച്ചു. അസാദ്ധ്യ കുറുമ്പുകാരിയായ മാളുവിന് കൊച്ചുനാളിൽ സാധാരണ ദിവസങ്ങളിൽ ശരാശരി നാലു ക്ഷതങ്ങളെങ്കിലും ഉണ്ടാവും (മാളൂന്ന് ഫോർ പുണ്ണന്നു എന്നാണ് അവളുടെ ഭാഷ്യം). തലയിൽ ചുരുങ്ങിയത് ഒരു മുഴയെങ്കിലും സ്ഥിരമാണ്. മകളുടെ കാര്യം ഗ്രഹിക്കാനുള്ള കഴിവിനെ പ്രശംസിച്ചുകൊണ്ട് അയാൾ പറഞ്ഞു:

"തന്നെ തന്നെ, അതുപോലെത്തന്നെ. മാളു ഗുഗ്ഗേളാണ് ട്ടാ (ഗുഡ് ഗേൾ എന്നതിന്റെ മാളുവിന്റെ ഉച്ചാരണം). അപ്പോ ഹിമാലയം എന്നുവെച്ചാൽ എന്താണ് ? മാളു പറ."

"ഇന്ത്യന്റെ തലീലത്തെ മൊഴ ല്ലേ ച്ഛാ ?" (മാളുവിന്റെ വ്യാകരണത്തിൽ സംബന്ധികാവിഭക്തിക്ക് 'ന്റെ' എന്ന പ്രത്യയം മാത്രമേയുള്ളു. അവൾ അമ്മന്റെ, ആനന്റെ, ഇന്ത്യന്റെ, കോഴീന്റെ എന്നൊക്കെയാണ് പറയാറ്.)

"അത് തന്നെ, അതേ തന്നെ."

മറ്റൊരവസരത്തിൽ അയാൾ ആഗോള ജലപ്പെരുപ്പത്തെപ്പറ്റി മാളുവിനെ പറഞ്ഞുമനസ്സിലാക്കുവാൻ പണിപ്പെടുകയായിരുന്നു. അവൾ മേശമേലുള്ള ഗ്ലോബ് വെറുതെ കറക്കിക്കൊണ്ടിരുന്നു. അയാൾ ഗ്ലോബെടുത്തു സമീപം വെച്ച് ഭൂഖണ്ഡങ്ങളെ ച്ചൂണ്ടി പറഞ്ഞു. "ഈ കാണുന്ന കരയിലൊക്കെ നിറയെ ആൾക്കാരാണ്, കടലുമാത്രമേ ഇനി മനുഷന്മാരില്ലാതെ ബാക്കിയുള്ളൂ."

മാളു അല്പം ആലോചനയിലായി. പിന്നീട് തല അല്പം ചൊറിഞ്ഞുകൊണ്ട് അവൾ പറഞ്ഞു: "അച്ഛാ, മാളു തിങ്ക് ചെയ്യാണ്, മാളു എൽ കെ ജീല് പടിക്കുമ്പോ തലയില് നറയെ പേൻണ്ടായില്ലേ. അത് പോലെ ല്ലച്ഛാ ഗ്ലോബില് ആള്ക്കാർ നറഞ്ഞത്."

അയാളോർത്തു അവൾ എൽ കെ ജിയിൽ പഠിക്കുമ്പോൾ അവളുടെ അമ്മ അടുത്തൊരു സ്കൂളിൽ പഠിപ്പിക്കുന്നുണ്ടായിരുന്നു. മാളുവിന്റെ സ്കൂൾ ഒരുമണിക്ക് സമാപിക്കുമ്പോൾ അമ്മയുടെ സ്കൂൾ മൂന്നുമണിക്കാണ് അവസാനിക്കുന്നത്. ഉച്ചയ്ക്ക് ക്ലാസുകഴിഞ്ഞ് അമ്മ വിളിക്കാൻ വരുന്നതുവരെ മാളുവിന് സ്കൂൾത്തന്നെ. മറ്റു ചില കുട്ടികളോടൊപ്പം ഭക്ഷണം കഴിച്ച് ഉറങ്ങാനുള്ള സൗകര്യം ഏർപ്പാടാക്കിയിരുന്നു. അക്കാലത്താണ് മാളുവിന്റെ തല എത്ര കൊന്നാലും തീരാത്ത പേനുകളുടെ അക്ഷയസ്രോതസ്സായി മാറിയത്. അയൽപ്പക്കത്തെ ആന്റി ഒരു നാൾ അവളുടെ തലയിലെ പേനെടുത്തു കൊല്ലുമ്പോൾ അവൾ വൺ, ടൂ, ത്രീ, ഫോർ, പൈവ്, സിച്... എന്നെണ്ണിക്കൊണ്ടിരുന്നതും വൈകുന്നേരം അയാൾ ഓഫീസിൽ നിന്നും വന്നപ്പോൾ "മാളൂന്റെ തലീന്ന് ഹണ്ടേഡ് പേന് കിട്ടീ" എന്നുപറഞ്ഞതും അവൾക്ക് നല്ല ഓർമ്മയുണ്ട്.

ഭൂഗോളത്തിലെ ജനപ്പെരുപ്പത്തെ തന്റെ തലയിൽ പെരുകിയ പേനിനോടുപമിച്ചുകൊണ്ട് സംഗതി ഭംഗിയായി മനസ്സിലാക്കിയ മാളുവിന്റെ കഴിവ് അത്ഭുതമായി അയാൾക്കുതോന്നി. ഇവിടെ ഭൂഗോളവും തലയും തമ്മിലുള്ള രൂപസാദൃശ്യത്തെക്കാൾ നിയന്ത്രണമില്ലാതെ പെറ്റുപെരുകാനും ചത്തൊടുങ്ങാനുമുള്ള മനുഷ്യന്റേയും പേനിന്റേയും കഴിവിലുള്ള സാമ്യമാണ് അതിശയകരം.

ഈയടുത്തകാലത്ത് "എങ്ങിനെ പഠിക്കണം" എന്നതിനെപ്പറ്റി കുട്ടികൾക്ക് ക്ലാസ്സെടുക്കുമ്പോൾ മാളുപറഞ്ഞ "ഇന്ത്യയുടെ മൊഴ"യെ ഉദാഹരണമായി അയാൾ പറയാറുണ്ട്. സംഗതികൾ മനസ്സിൽ ദൃഢമായി ഉറപ്പിക്കാൻ അനോളജി, മെറ്റഫർ എന്നിവയുടെ ഉപയോഗം വളരെ സഹായകമാണെന്ന് അയാൾ ഒരു പുസ്തകത്തിൽ വായിച്ചിരുന്നു[1]. മാത്രമല്ല അമൂർത്തമായ അസംഖ്യം വസ്തുതകളെ ചിട്ടയായി മനസ്സിലുറപ്പിക്കണമെങ്കിൽ മൂർത്തമായ ഒരു മെന്റൽ മ്യാപ്പ് സൃഷ്ടിച്ച് വസ്തുതകളെ ക്രമമായി അതിൽ ബന്ധിപ്പിക്കുകയാണ് ഏക മാർഗ്ഗം എന്ന് അയാൾ മറ്റൊരു പുസ്തകത്തിലും വായിച്ചിരുന്നു[2].

കുട്ടികൾക്ക് സങ്കീർണമായ വിഷയങ്ങൾ മനസ്സിലാക്കുവാൻ ദൈനംദിനം കാണുന്ന സംഭവങ്ങളും സംഗതികളുമായി (അവർക്ക് ഏറ്റവും താൽപ്പര്യമുള്ള സംഗതികളായാൽ അത്യുത്തമം) അവയെ ഇണക്കി വിശദീകരിക്കാൻ ഇന്നത്തെ അധ്യാപകർ ശ്രദ്ധിക്കാറുണ്ടോ എന്നറിയില്ല. കുട്ടികളുടെ ഭാവനാശേഷി പാടെ തുടച്ചുമാറ്റുന്നതാണല്ലോ ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ പ്രത്യേകത. കാര്യങ്ങളെ സ്വാനുഭവങ്ങളുമായി കോർത്തിണക്കുവാനുള്ള കുട്ടികളുടെ അപാരസിദ്ധിയെ നമ്മൾ മനപ്പാഠംപോലുള്ള പ്രക്രിയകളിലൂടെ നിശ്ശേഷം ഇല്ലാതാക്കുന്നു. വൈവിധ്യമാർന്ന അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന പ്രകൃതിയിൽനിന്നും അവരെ അകറ്റിനിർത്തിയതാണ് മറ്റൊരു ദുരന്തം. മാളു മുതിർന്നപ്പോൾ അവളുടെ കുഞ്ഞുനാളിലെ മേൽവിവരിച്ച തരത്തിലുള്ള ക്രിയാത്മകത എവിടെപ്പോയി എന്നയാൾ എപ്പോഴും അത്ഭുതപ്പെടാറുണ്ട്. തലച്ചോറിന്റെ പ്രവർത്തനരീതി അറിഞ്ഞുകൊണ്ടുള്ള പഠനരീതിക്ക് പ്രാബല്യം വരേണ്ട കാലം അതിക്രമിച്ചിരിക്കയാണ് എന്നയാൾക്കു തോന്നി.

***കുറിപ്പുകൾ***


1. Barbara Oakley, 2014. A Mind for Numbers How to Excel at Math and Science (even if you Flunked Algebra), Jeremy P Tracher/Penguin, New York.

2. Joshua Foer. 2011. Moonwalking with Einstein, Penguin Books, New York.


●

# സ്വാശ്രയ വിദ്യാഭ്യാസം ചൂഷണമോ?




**അശോപ്പി ചേർത്തല**
**9388909583**


**ഉ**ന്നത പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് സ്വാശ്രയ കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകാനുള്ള എ. കെ. ആന്റണി സർക്കാരിന്റെ തീരുമാനം ആ രംഗത്ത് വൻ വിപ്ലവത്തിനാണ് വഴി തുറന്നത്. പുതിയ പ്രൊഫഷണൽ കോളേജുകൾ സർക്കാർ തലത്തിലോ എയ്ഡഡ് മേഖലയിലോ സാമ്പത്തിക പ്രതിസന്ധിമൂലം ആരംഭിക്കാൻ കഴിയാതിരുന്നതിനാൽ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ ഇതര സംസ്ഥാനങ്ങളിലേക്ക് ചേക്കേറുന്ന സാഹചര്യമാണ് ആന്റണി സർക്കാരിനെ വഴിമാറി ചിന്തിക്കാൻ പ്രേരിപ്പിച്ചത്.

2001–ൽ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളും പന്ത്രണ്ട് എൻജിനീയറിംഗ് കോളേജുകളും മാത്രമുണ്ടായിരുന്ന കേരളത്തിൽ 2016 ആയപ്പോൾ ഇതിനുപുറമേ 24 മെഡിക്കൽ കോളേജുകളും 119 എൻജിനീയറിംഗ് കോളേജുകളും 19 ഡെന്റൽ കോളേജുകളും 14 ആയുർവേദ കോളേജുകളും വളരെ ധനകാര്യ മാനേജുമെന്റ് പഠന സ്ഥാപനങ്ങളും സർക്കാർ തലത്തിലല്ലാതെ ഉയർന്നുവന്നു.

രണ്ടു സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ്

എന്ന അനുപാതമാണ് ആന്റണി സർക്കാർ ലക്ഷ്യമിട്ടത്. സ്വാശ്രയ കോളേജിൽ 50 ശതമാനം സീറ്റിൽ മെറിറ്റ് ക്വോട്ട, അതിൽ സർക്കാർ ഫീസ്, ബാക്കി സീറ്റിൽ നിശ്ചിത യോഗ്യതയുള്ളവർക്ക്, കോളേജ് നടത്തിക്കൊണ്ടുപോകാൻ ആവശ്യമായ നിയന്ത്രിത ഫീസ് ഘടന എന്നിങ്ങനെയാണ് അന്ന് വിഭാവനം ചെയ്തിരുന്നത്. ഇതിനാവശ്യമായ കരാറിനു വിധേയമായാണ് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചത്. എന്നാൽ, ന്യൂനപക്ഷാവകാശം സംബന്ധിച്ചു ഭരണഘടനാ വ്യവസ്ഥകളും രണ്ടു കേസുകളിലെ സുപ്രീം കോടതി വിധിയും മൂലം ക്രോസ് സബ്സിഡി പാടില്ല എന്നു വന്നതോടെ പല പ്രയാസങ്ങളുമുണ്ടായി. അതേസമയം, 50 ശതമാനം സീറ്റിൽ സർക്കാർ മെറിറ്റ് എന്ന ആവശ്യം പരക്കെ അംഗീകരിക്കപ്പെട്ടു.

ഇടതുപക്ഷസർക്കാർ 2006-ൽ അധികാരത്തിൽ വന്നപ്പോൾ സ്വീകരിച്ച നിലപാടുകൾ ഫലത്തിൽ സ്വാശ്രയ മാനേജുമെന്റുകൾക്ക് സഹായകമായി. ഇതിനെ നിയന്ത്രിക്കാൻ നിയമം കൊണ്ടുവന്നു. അതിലെ നിയമ പ്രായോഗികവശങ്ങൾ പ്രതിപക്ഷം സഭയിലും നേരിട്ടും വ്യക്തമാക്കിയതാണ്. നിയമത്തിൽ ഉദ്ദേശ്യലക്ഷ്യങ്ങളോട് പ്രതിപക്ഷത്തിൽ യോജിച്ച് ഉണ്ടായിരുന്നതുകൊണ്ട് നിയമം ഐക കണ്ഠ്യേന പാസാക്കി. തുടർന്ന് കോടതികളിൽ നിയമപോരാട്ടം നടന്നതിനൊപ്പം സ്വാശ്രയ കോളേജുകളിൽ വലിയ പ്രതിസന്ധിയും ഉണ്ടായി.

2006 മുതൽ 2011 വരെ ഭരിച്ച എൽ. ഡി. എഫ്. സർക്കാർ മെറിറ്റ് സീറ്റിലെ ഫീസ് 95,000 രൂപ വർദ്ധിപ്പിച്ച് 1.38 ലക്ഷം രൂപയാക്കി. 2011-16ലെ യു. ഡി. എഫ്. ഗവൺമെന്റ് ആദ്യത്തെ വർഷം ഫീസ് വർദ്ധന നല്കിയില്ല. അടുത്ത നാലുവർഷം നാമമാത്രമായ വർദ്ധന മാത്രമാണ് അനുവദിച്ചത്. രണ്ടാം വർഷം 12,000 രൂപ, മൂന്നാം വർഷം 15,000 രൂപ, നാലും അഞ്ചും വർഷങ്ങളിൽ 10,000 രൂപ വീതം ഫീസ് വർദ്ധിപ്പിച്ചു. അതായത് യു. ഡി. എഫിന്റെ അഞ്ചുവർഷം കൊണ്ട് ഗവൺമെന്റ് മെറിറ്റ് സീറ്റിന്റെ സ്വാശ്രയ കോളേജുകളിലെ ഫീസ് വർദ്ധന 47,000 രൂപ.

ഇപ്പോൾ എൽ. ഡി. എഫ്. സർക്കാരാകട്ടെ, 100 ദിവസത്തിനുള്ളിൽ തന്നെ മെറിറ്റ് സീറ്റിൽ അനുവദിച്ചത് 65,000 രൂപ ഫീസ് വർദ്ധന. മാനേജുമെന്റുകൾ പോലും ഇത്ര വലിയ വർദ്ധന പ്രതീക്ഷിച്ചതല്ല. ബി. ഡി. എസിന് ഇതിനേക്കാൾ വലിയ ചൂഷണമാണ് നടന്നത്. ഗവൺമെന്റ് മെറിറ്റിൽ 1.2 ലക്ഷം ആയിരുന്നത് 90,000 രൂപ വർദ്ധിപ്പിച്ചത് 2.1 ലക്ഷം രൂപയാക്കി.

പരിയാരം മെഡിക്കൽ കോളേജിന്റെ ഭരണസമിതി സി. പി. എമ്മിന്റെ നേതൃത്വത്തിലുള്ളതാണ്. യു. ഡി. എഫിന്റെ അഞ്ചുവർഷവും പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ ഫീസ് മറ്റു സ്വാശ്രയ കോളേജുകളേക്കാൾ കുറഞ്ഞ ഫീസായിരുന്നു. പുതിയ തീരുമാനത്തിൽ മറ്റെല്ലാ സ്വാശ്രയ കോളേജുകളിലും എം. ബി. ബി. എസിന് 65,000 രൂപ വർദ്ധിപ്പിച്ചപ്പോൾ പരിയാരത്ത് വർദ്ധിപ്പിച്ചത് ഒരു ലക്ഷമാണ്.

പുതിയ സർക്കാർ വന്ന് അധികം വൈകാതെ സ്വാശ്രയ കോളേജ് സംബന്ധിച്ച പല തീരുമാനങ്ങളും എടുക്കേണ്ടിവന്നു. ആരേയും വിശ്വാസത്തിലെടുക്കാതെ, കാര്യങ്ങൾ വിശദമായി പഠിക്കാതെ മാനേജുമെന്റുമായി ചർച്ച നടത്തിയവർ അവരുടെ ആവശ്യം മാത്രമാണ് പരിഗണിച്ചത്. ഇതിന് മുഖ്യമന്ത്രി പറഞ്ഞത് ക്യാപ്പിറ്റേഷൻ ഫീസ് ഇനി ഉണ്ടാവില്ല എന്നാണ്. ഇപ്പോൾ നടക്കുന്ന പ്രവേശനത്തിന് ചില കോളേജുകൾ തലവരിപ്പണം, ബാങ്ക് ഗ്യാരന്റി, റീഫണ്ടബിൾ ഡിപ്പോസിറ്റ് എന്ന പല പേരുകളിലായി ലക്ഷങ്ങൾ പിരിവ് നടത്തുന്നതായി ജയിംസ് കമ്മിറ്റി മുൻപാകെ വന്നിട്ടുള്ള പരാതികൾ മുഖ്യമന്ത്രിയുടെ വാദഗതികളുടെ പൊള്ളത്തരം വെളിവാക്കുന്നതാണ്.

വിദ്യാഭ്യാസരംഗത്ത് കഴിവുള്ള നിർദ്ധനരായ പല കുട്ടികൾക്കും മെഡിക്കൽ വിദ്യാഭ്യാസം ഒരു മരീചികയായി മാറുന്ന ദയനീയമായ അവസ്ഥയാണ് ഇന്നുള്ളത്. അവർ ഇഷ്ടപ്പെട്ട എം. ബി. ബി. എസിന് സീറ്റ് ലഭിക്കാതെ ബി. ഡി. എസിനും മറ്റ് ഇതര ബിരുദ വിദ്യാഭ്യാസ മേഖലകളിലേക്ക് വഴി മാറേണ്ട ഗതികേടുണ്ടായി. സീറ്റ് മെറിറ്റിൽ നിന്നും പ്രവേശനം നിർബന്ധമായതോടെ ഇതിനൊരു പരിഹാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. അതുപോലെത്തന്നെ സാധാരണക്കാർക്കും സ്വാശ്രയ കോളേജുകൾ അപ്രാപ്യമാകുന്ന സ്ഥിതി ഉണ്ടാകാതെയിരിക്കാൻ സർക്കാർ ശ്രദ്ധിക്കുക കൂടി വേണം.


■ കവിത

**മായാ വേണു**
**പെരുമ്പാവൂർ**
**9562623688**



# പ്രേമപൂജ

പറയു നിൻ ജീവസ്പന്ദനങ്ങൾ
ഹൃദയാനുരാഗസ്വരങ്ങളാണോ ?
കവിയുന്ന സൗരഭം
പൂവിട്ടമോഹത്തിൻ
കതിരുകൾ ചിന്നുന്നതാണോ ?
എന്നിലെ സ്നിഗ്ദ്ധമാമീ
വികാരത്തിനെ
എന്തുപേരിട്ടുവിളിക്കേണ്ടു ഞാൻ ?
നൊടിനേരമുള്ളൊരു ജീവിതത്തിൽ
മരണം വരെയല്ലെയതിജീവനം ?
ആർദ്രത കിനിയുന്ന
ഹൃദയാന്തരാളത്തിൽ
ജന്മത്തെ സാർത്ഥകമാക്കിയതിൽ
സ്വപ്നങ്ങൾ കൊണ്ടു നിറച്ചൊരു
മനമാകെ
പ്രണയത്തിൻ
മൺചെരാതുജ്ജ്വലിച്ചു
നിരർത്ഥമാമെന്നുടെ
ഭൂതകാലത്തിൻ
പുതിയവികാരമമൂല്യമായി
ലോകം സുഖനിദ്ര പൂകിടുമ്പോൾ
നിദ്രാവിഹീനയായെത്രകാലം
ചൂളമടിക്കുന്ന
ശോകത്തിൻ വിങ്ങലിൽ
കണ്ണുനീർവാർത്തുകിടന്നിരുന്നു
ഹൃദയവിപഞ്ചികതന്ത്രികൾമീട്ടുന്നു
മന്ത്രമാം സംഗീത നിമിഷങ്ങളെ
ഞാനറിയുന്നിതാ
പൂർണ്ണ മനസ്സോടെ
പ്രണയത്തിൻ സൗന്ദര്യതൃപ്രസാദം.



**ടി.വി.നാരയാണൻ കുട്ടി**
**8547594929**

# വിധിയുടെ വിളയാട്ടം

നഗരത്തിൽ നിന്നകന്ന് ഈയിടെ രൂപം കൊടുത്ത ഒരു കോളനിയിലാണ് ബാങ്ക് ഉദ്യോഗസ്ഥനായ ലോറൻസും, ഭാര്യ സിസിലിയും താമസിക്കുന്നത്. സുഹൃത്തിനോടൊപ്പം സ്ഥലം വാങ്ങിയ ലോറൻസ് വളരെവേഗം പണിതീർത്ത് താമസം മാറ്റുകയാണുണ്ടായത്. ചില കാരണങ്ങളാൽ സുഹൃത്തിന്റെ വീട് പണി നീണ്ടുപോയി. പുതിയ അന്തരീഷം ഏറെ ഇഷ്ടപ്പെട്ടെങ്കിലും ഒരു കുഞ്ഞില്ലാത്ത ദു:ഖം അവരെ അലട്ടിക്കൊണ്ടേയിരുന്നു. എല്ലാ ഞായറാഴ്ചയും പട്ടണത്തിലുള്ള പള്ളിയിൽ പോയുള്ള പ്രാർത്ഥന അവർ മുടക്കാറേയില്ല. അതിന്റെ ഫലമാണോ അതോ വീടിന്റെ ഐശ്വര്യമാണോ എന്നറിയില്ല വിവാഹം കഴിഞ്ഞ് നാലുവർഷങ്ങൾക്ക് ശേഷം അവർക്കൊരു പെൺക്കുഞ്ഞു പിറന്നു.

കുറേകാലം കഴിഞ്ഞുള്ള കുഞ്ഞായതിനാൽ രണ്ടുപേർക്കും അവളെ ലാളിക്കാനേ നേരമുള്ളു. എന്തെങ്കിലും അസുഖം വരുന്നെന്ന് സംശയം തോന്നിയാൽ ഉടനെ സിസിലി ഭർത്താവിനെ വിളിക്കും. അല്പം സംഭാവന കൊടുത്തിട്ടാണെങ്കിലും വീട്ടിനടുത്തുള്ള നഴ്സറി സ്കൂളിൽ സിസിലി നേരത്തെ തന്നെ ഒരു സീറ്റ് ഉറപ്പിച്ചിരുന്നു. ടി.വിയിൽ കുഞ്ഞുങ്ങളുടെ പാട്ടും, ഡാൻസും കോമിക്കുകളും കാണുമ്പോൾ അവൾ കൈകൊട്ടി ചാടിക്കൊണ്ട് പൊട്ടിച്ചിരിക്കുമായിരുന്നു. അവൾക്കേറെയിഷ്ടം ആനയോടാണ്. ടി.വി.യിൽ ആനയെ കണ്ടാൽ അതുപോലെ ആംഗ്യങ്ങൾ കാണിച്ചു മുട്ടുകുത്തി നടന്ന് കാണിക്കും. സിസിലിയത് കണ്ട് പരിസരം മറന്ന് പൊട്ടിച്ചിരിയ്ക്കും. കൂടെ ഇടക്കിടെ കളിയാക്കി പറയുകയും ചെയ്യും 'ഒരാന പ്രാന്തി'. ടി.വിയിൽ കണ്ട് ഇത്രത്തോളം അവേശം കാണിക്കുന്ന അവൾ ആനയെ ജീവനോടെ കണ്ടാലെന്തായിരിക്കുമെന്നാലോചിച്ചപ്പോൾ, അവൾക്ക് എത്രയും പെട്ടെന്ന് അടുത്തു നിന്നൊരു ആനയെ കാണിച്ചുകൊടുക്കണമെന്ന് സിസിലിക്കു തോന്നി. മാർച്ച് മാസമായതിനാൽ നാട്ടിൽ ഉത്സവങ്ങൾ നടക്കുന്ന കാലവുമായിരുന്നു. രാവിലെ പോകുമ്പോൾ ലോറൻസിനോട് സിസിലി ഇക്കാര്യം സൂചിപ്പിച്ചു.

"ചേട്ടാ, ഇന്നൽപ്പം നേരത്തേ വരണേ?"

"ഉം,-എന്താ കാര്യം?"

"നമുക്കിന്ന് വൈകുന്നേരം മോളേം കൊണ്ട് ഉത്സവപ്പറമ്പിലേക്കൊന്ന് പോയാലോ? അവളുടെ ആനപ്രാന്ത് മാറുമോന്ന് നോക്കാം.'

"ശരി, നീ തയ്യാറായിരുന്നോ."

പറഞ്ഞപോലെ ഏതാണ്ടൊരാറുമണിക്ക് തന്നെ അവർ ഉത്സവപ്പറമ്പിലെത്തി. അവൾക്ക് നടക്കാൻ നല്ല ഉത്സാഹമാണ്. ബലൂണുകളും കളിപ്പാട്ടങ്ങളും നിറഞ്ഞ വണ്ടികളും കടകളുമാണെങ്ങും. കൊട്ടും കുരവയും മൈക്കിലൂടെയുള്ള പ്രചാരണവും - അന്തരീക്ഷം ശബ്ദമുഖരിതം. അല്പം കഴിഞ്ഞപ്പോൾ ആനകൾ വരിവരിയായ് നിരന്നു. നെറ്റിപ്പട്ടം കെട്ടിയവ കൊട്ടിന്റെ താളത്തിൽ ചെവികൾ ആട്ടിക്കൊണ്ടിരിക്കുന്നത് മോൾക്കവർ കാട്ടിക്കൊടുത്തു.

"ഒന്ന് തൊടാൻ പറ്റുമോ അമ്മേ?" അവൾ കൊഞ്ചിക്കൊണ്ടു ചോദിച്ചു.

"അടുത്ത് പോകാൻ പാടില്ല മോളെ, ഇവിടെ നിന്ന് കണ്ടാൽ മതി."

അവൾ ആദ്യമായാണ് ഇത്രയും അടുത്ത് ജീവനുള്ള ആനയെ കാണുന്നത്. മകളുടെ സന്തോഷം കണ്ട് അമ്മയുടെ മനം നിറഞ്ഞു. കുറച്ചുനേരം കൂടി അവിടെ നിന്നവർ മടങ്ങി. മടങ്ങുമ്പോൾ അവൾ വാശി പിടിച്ച് കരഞ്ഞു.

"എനിക്ക് ഇനീം ആനേ കാണണം."

മോൾക്ക് ബലൂൺവാങ്ങിത്തരാമെന്നൊക്കെ പറഞ്ഞ് പതുക്കെ സിസിലി ബലൂൺ വാങ്ങിക്കാനായി ഒരു വണ്ടിക്കാരന്റെ അടുത്തെത്തി. പെട്ടെന്നൊരു ബഹളം. ആളുകളെല്ലാം പരക്കം പായുന്നു.

"ആന ഇടഞ്ഞു" ആരോ പറയുന്നത് കേട്ടു. ജനക്കൂട്ടം പേടിച്ചരണ്ട് നാലുപാടും ചിതറി ഓടി. മൈക്കിൽ കൂടി ശബ്ദം മുഴങ്ങി "പരിഭ്രമിക്കാതിരിക്കൂ, സംയമനം പാലിക്കൂ." ആര് കേൾക്കാൻ. എല്ലാവരും പ്രാണഭീതിയോടെ പലദിക്കിലേക്കും പാഞ്ഞു. സിസിലിയും, ലോറൻസും നിൽക്കുന്നതിനിടയിലൂടേയും, അവരെ തട്ടിമാറ്റിയും ആൾക്കാർ ഓടിക്കൊണ്ടിരുന്നു. ഇതിനിടെ അവരറിയാതെ കുഞ്ഞു പിടിവിട്ട് എങ്ങോട്ടോപോയി. ഇതറിഞ്ഞ് ഇരുവരും സ്തബ്ദരായി.

" അയ്യോ, എന്റെ കുഞ്ഞ്!" അവൾ ചുറ്റും പരതി, കാണാനില്ല. അവൾ വാവിട്ട് നിലവിളിച്ചു. തിരക്കിനിടയിൽ ആരുകേൾക്കാൻ! ലോറൻസും അല്പം അകലെ പോയിരുന്നു. കുറച്ചുകഴിഞ്ഞ് സിസിലിയെ കണ്ടയാൾ ഓടിവന്ന് അവളെ ചേർത്തുപിടിച്ചു. അയാളും ഏറെ പരിഭ്രമിച്ചിരുന്നു. സിസിലിയ്ക്കരികെ മോളെ കാണാഞ്ഞത് അപ്പോഴാണയാൾ ശ്രദ്ധിച്ചത്.

"മോളെവിടെ?" അയാൾ പരിഭ്രമത്തോടെ തിരക്കി.

"കാണുന്നില്ല ചേട്ടാ" അവൾ ഏങ്ങലടിച്ചു മറുപടി നൽകി.

എന്തുചെയ്യണമെന്നയാൾക്കൊരു രൂപവുമില്ല. ഇതിനിടെ തളർന്ന് കുഴഞ്ഞ സിസിലിയെ താങ്ങിയെടുത്ത് തൊട്ടടുത്തുള്ളൊരു പീടി

കത്തിണ്ണയിൽ കിടത്തി. പിന്നെ മകളെത്തിരക്കി പലയിടത്തും അലഞ്ഞു. അല്പം കഴിഞ്ഞപ്പോൾ ഉത്സവസ്ഥലം മൈതാനം പോലെ ശൂന്യമായി. അങ്ങിങ്ങായി വിരലിലെണ്ണാവുന്നവർ മാത്രം. കളിപ്പാട്ടങ്ങളും, കച്ചവടസാധനങ്ങളും റോഡിലും പറമ്പിലും ചിതറിക്കിടക്കുന്നു. പോലീസ് വാഹനങ്ങൾ ചിലത് അങ്ങിങ്ങായി ഓടുന്നു. ലോറൻസ് കുട്ടിയെ അവിടെയൊന്നും കണ്ടില്ല. അയാൾക്ക് നടക്കാനുള്ള ശേഷിപോലും നഷ്ടപ്പെട്ടിരിക്കുന്നു. തിരിച്ചയാൾ സിസിലിയെ കിടത്തിയ തിണ്ണക്കരികിലേക്ക് വന്നു. അയാൾ അല്പം വെള്ളം ശക്തിയായി അവളുടെ മുഖത്തേക്ക് വീശി. തുടർന്ന് അവളുടെ കവിളിൽ തട്ടി ഉറക്കെ വിളിച്ചു. അല്പം കഴിഞ്ഞവൾ പതുക്കെ കണ്ണുതുറന്നു. ഭർത്താവിനെ കണ്ടതും അവൾ ചാടി എഴുന്നേറ്റ്, തിരക്കി. "നമ്മുടെ മോളെവിടെ?" ലോറൻസ് എന്തുത്തരം പറയണമെന്നറിയാതെ തലയും താഴ്ത്തിയിരുന്നു. അവൾ അലമുറയിട്ട് കരഞ്ഞു. അതുകേട്ട് അടുത്ത വീട്ടിലുള്ളവർ കാര്യം തിരക്കി. വിവരമറിഞ്ഞവർ പോലീസ്സിൽ അറിയിക്കാൻ നിർദ്ദേശിച്ചു. അടുത്തുള്ളൊരു ബൂത്തിൽ പോയി സുഹൃത്തിനെ വിളിച്ച് ലോറൻസ് കാര്യം പറഞ്ഞു. അല്പസമയത്തിനകം അവരെത്തി. എല്ലാവരും കൂടി പരിസരങ്ങൾ ഒന്ന് കൂടി പരിശോധിച്ചു. ഫലമുണ്ടായില്ല. സുഹൃത്തിന്റെ ഭാര്യയോടൊപ്പം സിസിലിയെ വീട്ടിലേക്കയച്ച് രണ്ടുപേരും പോലീസ് സ്റ്റേഷനിലേക്ക് പോയി. പോകുന്ന പോക്കിൽ സുഹൃത്ത് ലോറൻസിനെ ആശ്വസിപ്പിച്ചുകൊണ്ടേയിരുന്നു.

നാലുവർഷത്തിന് ശേഷമുണ്ടായ കുഞ്ഞ്, അത്രത്തോളം ലാളിച്ച് വളർത്തിയത്, സിസിലിക്ക് ഈ സംഭവം താങ്ങാവുന്നതിലധികമായിരുന്നു. കണ്ണടയ്ക്കുമ്പോഴും തുറക്കുമ്പോഴും അവളുടെ ചിരിച്ച മുഖം തന്നെ കൺമുമ്പിൽ. ലോറൻസിനും ഏതാണ്ടതേ മാനസികാവസ്ഥയായിരുന്നു. കുറേകഴിഞ്ഞു. പോലീസ്സിൽ നിന്ന് ഒരുവിവരവും കിട്ടിയില്ല. ഫോട്ടോ വെച്ചും, പെൺകുട്ടികളെ കടത്തിക്കൊണ്ടുപോകുന്ന മാഫിയാസംഘങ്ങളെ കേന്ദ്രീകരിച്ചും ഉള്ള അന്വേഷണങ്ങളും ഫലം കണ്ടില്ല. ഒടുവിൽ കേസ് തുമ്പില്ലെന്ന് പറഞ്ഞവർ റിപ്പോർട്ട് നൽകി.

ദിവസങ്ങൾ കടന്നുപോകവെ സിസിലി ഒരാൺ കുഞ്ഞിന് ജന്മം നൽകി. മാനസികമായി തളർന്ന അവളെ പതുക്കെ, പതുക്കെ സാധാരണ നിലയിലേക്ക് കൊണ്ടുവരുവാൻ ഇത് സഹായകമായി. എങ്കിലും കുഞ്ഞിനെ ലാളിക്കുമ്പോൾ അവളറിയാതെ തന്റെ കടിഞ്ഞൂലിന്റെ ഓർമ്മകൾ മനസ്സിലേക്ക് കടന്നുവരും അപ്പോഴൊക്കെ ലോറൻസ് ആശ്വസിപ്പിക്കും.

"നമ്മൾ പരമാവധി ശ്രമിച്ചില്ലെ?.. ഇപ്പം നമുക്കൊരു മോനില്ലെ? നീയവനെ ശ്രദ്ധിക്ക്?"

മൂത്ത കുഞ്ഞിനെ കാണാതായി ഏതാണ്ടൊരെട്ടു വർഷം കഴിഞ്ഞാണ് ലോറൻസിന്റെ സുഹൃത്ത് വീട് പണി തുടങ്ങിയത്. അസ്ഥിവാരം വെട്ടാൻ തമിഴ്നാട്ടിൽ നിന്ന് വന്ന പണിക്കാരായിരുന്നു. അവരുടെ ഭാര്യമാരും, കുട്ടികളും ഒപ്പമുണ്ടാകും. കെട്ടിടം പണിയുന്ന വീട്ടിൽ മരങ്ങളില്ലാത്തതിനാൽ പണിസമയങ്ങളിൽ ഭക്ഷണം കഴിക്കാനും അല്പം വിശ്രമിക്കാനും അവർ അടുത്തുള്ള സിസിലിയുടെ വീട്ടിലെത്തും. മക്കളും, സ്ത്രീകളും പണിയിൽ ആണുങ്ങളെ സഹായിക്കും. അക്കൂട്ടത്തിൽ ഏതാണ്ടൊരു ഒമ്പത് വയസ്സുള്ള ഒരു പെൺകുട്ടിയുമുണ്ടായിരുന്നു. 'ശാന്തി' എന്നാണവളെ അമ്മ വിളിക്കുന്നത്. അമ്മയുടെ പേര് 'കാന്തിമതി' എന്നാണെന്നും സിസിലി മനസ്സിലാക്കിയിരുന്നു. അവർ തമിഴിൽ പറയുന്ന പലവാക്കുകളും സിസിലിക്ക് മനസ്സിലാവില്ല. പക്ഷെ ശാന്തിയെ അടുത്ത് വിളിച്ച് ചോറുവാരിക്കൊടുക്കുന്ന കാന്തിമതിയെ അവൾ നല്ലപോലെ ശ്രദ്ധിക്കും. ആ അമ്മയ്ക്ക് അവരുടെ മകളോട് അത്രത്തോളം സ്നേഹമുണ്ടായിരുന്നു. തന്റെ മോളുണ്ടായിരുന്നെങ്കിൽ ഏതാണ്ട് ഇതേ പ്രായമായേനേ എന്നവൾ ഒരു നിമിഷം ഓർത്തു.

ആ കുട്ടിയുടെ മുഖത്തേക്ക് നോക്കുമ്പോൾ സിസിലിക്കെന്തോ തന്റെ കണ്ണുകൾ പിൻവലിക്കാൻ പറ്റുന്നില്ല. അവർ തമ്മിൽ പെട്ടെന്നടുത്തു. ചിലപ്പോൾ വീട്ടിൽ കരുതിയ മധുര പലഹാരങ്ങൾ അവൾ നൽകുക പതിവായി. ശാന്തിയുടെ അച്ഛനെപ്പറ്റിയവൾ കാന്തിമതിയോടു തിരക്കി. കാന്തിമതി അല്പം മലയാളം വശത്താക്കിയതുകൊണ്ട് സിസിലിക്കവൾ പറയുന്നത് കുറേശ്ശേ മനസ്സിലാകുമായിരുന്നു.

"എന്റെ കണവന്റെ പേര് ശൊല്ലക്കൂടാത്, മകളോട് കേക്ക്, അവൾ ശൊല്ലുവാ."

സിസിലി ശാന്തിയെ അടുത്ത് വിളിച്ചു. അവൾ ഓടി ചെന്നു. അവളെ ചേർത്തുനിർത്തി സിസിലി തിരക്കി "നിന്റെ അച്ഛന്റെ പേരെന്താ?."

ശാന്തി കാന്തിമതിയെ നോക്കി.. അവൾ തലയാട്ടി. "ദൊരസാമി". കാന്തിമതി അതുകേട്ട് നാണിച്ച് തലതാഴ്ത്തി "അപ്പാ അങ്കെ തൂങ്കറാങ്ക്".

"ഞങ്ങൾ ഇബടെ വന്ന് ഏഴ് കൊല്ലമാച്ച്" അവൾക്കറിയാവുന്ന മലയാളത്തിൽ കാന്തിമതി പറഞ്ഞു. സിസിലിക്ക് അർത്ഥം കുറെശ്ശെ മനസ്സിലായിത്തുടങ്ങി.

"നാട് എവിടെ ?"

"അങ്കെ തെങ്കാശിക്കരികെ".

ഏതാണ്ട് പതിനഞ്ച് ദിവസങ്ങളോളമേ അവർക്കവിടെ പണിയുണ്ടായിരുന്നുള്ളു. അത് കഴിഞ്ഞു പോകാൻ നേരം സിസിലി ഒരു കുപ്പായം ശാന്തിക്ക് നൽകി. പോകുമ്പോൾ കാന്തിമതി പറഞ്ഞു. "അസ്ഥിവാരം കെട്ടിക്കളിഞ്ഞ് മീണ്ടും വരും."

സിസിലി ഇതുകേട്ട് ചിരിച്ചു. തനിക്കവരുടെ ഭാഷ മനസ്സിലായത് വലിയ കാര്യമായവൾക്ക് തോന്നി. കുറച്ചുദിവസം കൊണ്ട് താനും അല്പം തമിഴ് പഠിച്ചിരിക്കുന്നു.

അന്ന് ലോറൻസ് വന്നപ്പോൾ സിസിലി ശാന്തിയുടെ കാര്യം പറഞ്ഞു, "ചേട്ടാ എനിക്കെന്തോ ആ കുട്ടിയുടെ മുഖത്തു നിന്ന് കണ്ണെടുക്കാൻ പറ്റുന്നില്ല. അവളുടെ മുഖം കാണുമ്പോൾ നമ്മുടെ മോളുടെ ഓർമ്മകൾ ഞാനറിയാതെ മനസ്സിലേക്ക് കടന്നുവരുന്നു. എന്താണെന്നറിയില്ല."

ലോറ: "നിനക്ക് വെറുതെ തോന്നുന്നതായിരിക്കും"

സിസി : ''അല്ല ചേട്ടാ, അവൾക്കെന്നോടെന്തോ ആത്മബന്ധം ഉള്ള പോലെ; അവളെപ്പോഴും എന്നെ നോക്കിക്കൊണ്ടേയിരിക്കുന്നു.''

ലോറ : ''എടീ, നമ്മുടെ മോൾക്ക് നല്ല നിറമുണ്ടായിരുന്നില്ലേ? ഈ കുട്ടിക്ക് നിറം കൊറവല്ലേ?''

സിസി : അതവൾ എന്നും വെയിലത്തല്ലെ പണിയെടുക്കുന്നത്, അതുകൊണ്ട് നിറമല്പം കുറഞ്ഞതാണെങ്കിലോ?''

ലോറ : ''നീ വിഡ്ഢിത്തം വിളമ്പാതെ.''

ഇതൊന്നും സിസിലിയുടെ സംശയം തീർക്കാൻ പര്യാപ്തമായിരുന്നില്ല. ഇവരാണെങ്കിൽ തമിഴ്നാട്ടിൽ നിന്ന് പണിക്കായി മാത്രം ഈ നാട്ടിൽ വന്നവർ. ഇതിന്നൊരു പോംവഴി കാണാനവൾ ആലോചിച്ചുകൊണ്ടേയിരുന്നു. ഒടുവിൽ മുങ്ങാൻ പോകുന്നവന്ന് ഒരു കച്ചിത്തുരുമ്പ് കിട്ടിയ പോലെ ഒരാശയം അവൾക്ക് തോന്നി.

തന്റെ മകൾക്ക് പൊക്കിളിന്നിടതുഭാഗത്തെ തൊലിയല്പം കറുത്തപോലെയൊരുപാടുണ്ട്. ഇതാരും അത്ര ശ്രദ്ധിക്കയില്ല. അത് ഇവൾക്കുണ്ടോ എന്ന് പരിശോധിച്ചാൽ തന്റെ സംശയം തീരും. ഇക്കാര്യം ലോറൻസിനും അറിയാമെങ്കിലും അതൊക്കെ അയാൾ മറന്നുപോയിരുന്നു.

വൈകുന്നേരം ലോറൻസ് വന്ന് കയറിയ ഉടനെ അവൾ ഇക്കാര്യം പറഞ്ഞു.

''അതെങ്ങിനെയാടി നമുക്ക് പരിശോധിക്കാൻ പറ്റുക?''

''അതിന് വഴിയുണ്ട് ചേട്ടാ.''

''എങ്ങിനെ? നീ പറ? .''

''കുറച്ച് ദിവസങ്ങൾ കഴിഞ്ഞ് അവരിവിടെ പണിക്ക് വരുമ്പോൾ ശാന്തിക്ക് ഒരു ജോഡി വസ്ത്രങ്ങൾ വാങ്ങണം. അതവളെ വിളിച്ച് ഞാൻ തന്നെ അവൾക്കിട്ടുകൊടുക്കും. അപ്പോൾ പഴയ ഡ്രസ്സ് അഴിക്കുമ്പോൾ എനിക്ക് പരിശോധിക്കാമല്ലോ..?

''ഏതായാലും നിന്റെ ബുദ്ധി കൊള്ളാം. ഞാനേതായാലും ഇക്കാര്യത്തിൽ ഇടപെടാനൊന്നും ഇല്ല.''

ദിവസങ്ങൾ കഴിഞ്ഞു. അവർ വീണ്ടും പണിക്കെത്തി. ശാന്തിയാണാദ്യം ഓടിവന്നത്; പിന്നാലെ കാന്തിമതിയും.

കാന്തി : ''അമ്മാ, ഉങ്കളെ പാക്കറതുക്ക് ഇവള്ക്ക് റൊമ്പ ആശൈ.''

അന്ന് പണി കഴിഞ്ഞു പോകുമ്പോൾ സിസിലി ശാന്തിയെ വിളിച്ചു.

''വാ ഇങ്ങടുത്തുവാ, നിനക്കൊരു പുതിയ ഡ്രസ്സ് വാങ്ങിയിട്ടുണ്ട്.''

ശാന്തി അത്ഭുതത്തോടേയും സന്തോഷത്തോടേയും അവരെ നോക്കി.

''വാ, നമുക്കിതിട്ടു നോക്കാം'' സിസിലി അവളെ അകത്തേക്ക് വിളിച്ചു. ശാന്തി മടിച്ചു. അവൾ അമ്മയെ നോക്കി. ''പോ പുള്ളെ'' കാന്തി സമ്മതം മൂളി. സിസിലി അവളെ വിളിച്ചകത്തേയ്ക്ക് പോയി. പതുക്കെ അവളുടെ വസ്ത്രങ്ങളഴിച്ചു. സിസിലിയുടെ നെഞ്ചിടിപ്പ് പതിവില്ലാത്തവിധം വർദ്ധിച്ചു. കുപ്പായം ഊരി സാവകാശം അവൾ പൊക്കിളിന്റെ ഭാഗം പരിശോധിച്ചു. നിറം അല്പം കറുത്തതായതിനാൽ പാട് അത്ര വ്യക്തമല്ല. അവളെ അല്പം കൂടി വെളിച്ചത്തേയ്ക്ക് മാറ്റി നിർത്തി പരിശോധിച്ചപ്പോൾ സിസിലിയ്ക്ക് നിറവ്യത്യാസം മനസ്സിലായി. ''അയ്യോ, എന്റെ മോളേ'' എന്ന് സിസിലി അറിയാതെ പറഞ്ഞുപോയി. പെട്ടെന്ന് പരിസരബോധം വീണ്ടെടുത്തവൾ ശാന്തിയെ വസ്ത്രങ്ങൾ ഇടുവിച്ച് പുറത്തേക്ക് കൊണ്ടുവന്നു. സിസിലിക്ക് അടിമുടി വിറയൽ ബാധിച്ചപോലെ. ഒന്നും പറയാൻ പറ്റുന്നില്ല. അവൾ പതുക്കെ നടന്ന് ഉമ്മറത്തെ കസേരയിലിരുന്നു. കാന്തിമതിയോടിതെങ്ങനെ പറയും എന്ന ചിന്തയായിരുന്നവൾക്ക്. അല്പം കഴിഞ്ഞ് പണിക്കാർ പോവുകയും ചെയ്തു. വൈകുന്നേരം ലോറൻസ് വരുന്നത് വരെ അവൾക്കാകെ ഒരങ്കലാപ്പായിരുന്നു. തന്റെ നഷ്ടപ്പെട്ട മകളെ കിട്ടിയെന്ന് വിശ്വസിക്കാമോ? അതോ ഇത് തന്റെ വെറും തോന്നലോ? അനേകം ചോദ്യങ്ങൾ അവളുടെ മനസ്സിൽ വന്നും പോയുമിരുന്നു. ലോറൻസ് വന്ന ഉടനെ അവൾ കാര്യം പറഞ്ഞു.

ലോറൻസ്: ''നേരാണോ, നീയീ പറയുന്നത് ?''

സിസിലി : ''അതെ ചേട്ടാ, ഞാമ്പറേണ മറുക് അവൾക്കുണ്ട്. ശാന്തി നമ്മുടെ മോളാണെന്നെന്റെ മനസ്സ് പറയുന്നു.''

ലോറൻസ്: ''നീ ബഹളം വെക്കാതെ; ഇത് സാവധാനം പരിഹാരം കാണേണ്ട കാര്യമാണ്. ചിലപ്പോൾ നിയമനടപടികളും വേണ്ടിവരും. നീ സമാധാനപ്പെട്.''

സംഗതിയുടെ ഗൗരവം അപ്പോഴാണവൾക്ക് ബോദ്ധ്യമായത്. ലോറൻസ് അപ്പോൾ തന്നെ തന്റെ സുഹൃത്തിനേയും കൂട്ടി, കാന്തിമതിയുടെ ഭർത്താവ് ദൊരസാമിയെ കാണാൻ പോയി. അവർ ചെന്നപ്പോൾ അവനല്പം അകത്താക്കി ഇരിക്കയായിരുന്നു.

ലോറ: ''ദൊരസാമി. ശാന്തി നിന്റെ കുട്ടിയാണോ?''

ദൊര: ''അതെന്ന സാർ, നീങ്ക ഇപ്പടി കേട്ടിട്ടേൻ ? അവളെൻ പുള്ളതാൻ ''

ഇവരെ കണ്ട് മറ്റുചില പണിക്കാരും എത്തി. അവരോടും ലോറൻസും സുഹൃത്തും കാര്യം പറഞ്ഞു. കാന്തിമതിയും ഓടിയെത്തി. എല്ലാവരും, ശാന്തി ദൊരസാമീ–കാന്തിമതി ദമ്പതിമാരുടെ കുട്ടി തന്നെയെന്ന് സമ്മതിച്ചു. അവർ മടങ്ങി. ഉറങ്ങാൻകിടന്നപ്പോൾ കാന്തിമതി അന്ന് രാത്രി ഭർത്താവിനോടു ചോദിച്ചു.

''അവർ എത്ക്ക് ഇന്ത മാതിരി പ്രച്ഛനയോടെ ഇങ്കവരറാർ ?''

'' തെരിയാത് കാന്തി .''

''ഉങ്കള്ക്ക് നമ്മ പൊണ്ണെ എപ്പിടി കെടച്ച്തന്ന് നീങ്ക ഇത്തന നാളാ എങ്കിട്ടെ ശൊല്ലവേ ഇല്ലയേ.''

''അത്... വന്ത്...'' അയാൾ ഇരുട്ടിൽ തപ്പി.

''എന്നാ നടന്തത്ന്ന് ഇപ്പോളാവത് ശൊല്ലിത്തൊല.'' അവൾ ദേഷ്യപ്പെട്ടു. ദൊരസാമി മനസ്സ് തുറന്നു. ''ഉനക്ക് കൊളുന്തയെ കൊടുത്ത അന്നെക്ക്, നാൻ കാലയിലെ മൊപ്പട്ടിലെ പാൽ കൊടുക്കപ്പോനേൻ; തിരുമ്പിവരുമ്പോത് റോഡ് പക്കത്തിലെ ഒരു കാറ് മറിന്ത് കെടന്തത്. ഡ്രൈവറും നാങ്ക് പെൺ കൊളൈന്തകളും അന്ത വണ്ടിയിലിരുന്താങ്ക.

അതിലെ മൂന്ന് പുള്ളെകളും, ഡ്രൈവറും എരന്ത് പോനാര്. ഒരു പുള്ളെ മട്ടും അനക്കമായിരുന്തത്. ഉനക്ക് കൊളന്തയില്ലാത ഞാപകം വന്തതിനാലെ ഉയിരിര്ന്ത കൊളന്തയെ ഉനക്ക് ഒപ്പടച്ചാങ്കോ. അന്ത കൊളന്തെതാൻ നമ്മോടെ ശാന്തി.''

''അപ്പോ അന്ത അമ്മാവോടെ കൊളന്തെ എപ്പടി അന്തകാറിലെ വന്തത് ?''

''അതെനിക്ക് തെരിയാത് കാന്തി, നീ നമ്പ്, നാൻ ശൊന്നതെല്ലാം നൂറ്റ്ക്ക് നൂറ് ഉണ്മൈ.''

കാന്തിമതിക്ക് അന്ന് പിന്നെ ഉറക്കം വന്നതേ ഇല്ല. അവൾക്കിപ്പോൾ ശാന്തി മകളാണെങ്കിലും, പെറ്റമനസ്സിന്റെ ദുഃഖം അവൾക്കറിയില്ല. അതവൾ പണിക്കുപോകുന്ന വീട്ടിലെ അമ്മയ്ക്കേ അറിയൂ എന്നവൾ ഒരു നിമിഷം ഓർത്തു. പിന്നീടവൾ ചില ഉറച്ച തീരുമാനങ്ങളെടുത്തു.

പിറ്റേന്ന് രാവിലെ അവൾ ശാന്തിയേയും കൂട്ടി പണിസ്ഥലത്തെത്തി. ഉടൻതന്നെ സിസിലിയെ ചെന്നുകണ്ടു.

കാന്തി:''നിങ്ങക്ക് മുന്നിലെ ഒരു കൊളന്തെ ഉണ്ടാ?'' അവൾ തമിഴും മലയാളവും കലർത്തി ചോദിച്ചു.

ഈ ചോദ്യം അവൾ തീരെ പ്രതീക്ഷിക്കാത്തതായിരുന്നു.

'' ഉണ്ടായിരുന്നു.''

'' പൊണ്ണോ ആണോ ?''

''പെണ്ണ്.''

''ആ കൊഴന്തെ എപ്പടി പോയി?''

''ഉത്സവത്തിരക്കിൽ പെട്ട് നഷ്ടപ്പെട്ടതാണ്.''

'' എത്തന വർഷാച്ച് ?''

''ഏഴ്.''

കാന്തിമതി മനസ്സിൽ കണക്ക് കൂട്ടി. പ്രായം ഏതാണ്ട് ശരിയാണ്.

''ഏതാവത് മച്ചം പറയുമാ ?''

'' മച്ചോ?, അതെന്താ?''

''തെരിയതർക്ക് അടയാളം''

''ഓഹോ,'' സിസിലി മറുകിന്റെ കാര്യം പറഞ്ഞു.

കാന്തിമതിക്ക് പിന്നെ സംശയമൊന്നുമുണ്ടായില്ല. കുട്ടിയെ കിട്ടിയ ഉടനെ അതിന് നല്ല നിറമായിരുന്നു. കാലിൽ കിടത്തി കുളിപ്പിക്കുമ്പോൾ ആ മറുക് അവൾ നല്ലപോലെ കാണാറുള്ളതുമാണ് കാന്തിമതി തൽക്കാലം ഒന്നം പറഞ്ഞില്ല.

''നാങ്ക നാളേക്ക് വറേൻ'' ഇതു പറഞ്ഞവൾ പോയി.

പിറ്റേന്ന് അതിരാവിലെ ദൊരസാമിയേയും, ശാന്തിയേയും ഒപ്പം കൂട്ടി കാന്തിമതി സിസിലിയെ കാണാൻ വന്നു. ലോറൻസും അവിടെയുണ്ടായിരുന്നു. കാന്തിമതി നടന്ന കാര്യങ്ങൾ പറഞ്ഞു. ''എന്നുടെ കണവന്ക്ക് ഊരിലിരുന്ന് ഒരു നാൾ കാലയിലെ പാൽ കൊടുക്ക പോകും പോത് കനാൽ പക്കത്തിലിര്ന്ത് കെടച്ചതാക്കും ഉങ്ക പുള്ളയെ. നാങ്ക വേണ്ടാതീനമൊന്നും പണ്ണലെ സാർ, കൊളന്തയില്ലാത്തതിനാലെ, ഒരു കൊളന്തയേ കെടച്ച സന്തോഷത്തിലേ ഇത്തന നാളാ പോറ്റിവളർത്തത്. ഇത് ഉങ്ക കൊളന്തയാക്കുന്ന് ഇപ്പത്താൻ തെരിഞ്ചത്. നാങ്കളെ മന്നിച്ചിടുങ്കോ.'' അവർ കാൽക്കൽ വീണു.

ലോറൻസും, സിസിലിയും അവരെ പിടിച്ചെഴുന്നേൽപ്പിച്ചു. ശാന്തി ഒന്നും മനസ്സിലാകാതെ എല്ലാവരേയും മാറി മാറി നോക്കിക്കൊണ്ടിരുന്നു.

''നിങ്ങൾ കുറ്റമൊന്നും ചെയ്യാത്തവരാണെന്ന് ഞങ്ങൾക്ക് ബോദ്ധ്യമായി. ആരായാലും ചെയ്യുന്ന കാര്യമാണ് നിങ്ങൾ ചെയ്തത്. ഇക്കാര്യത്തിൽ ഞങ്ങളിൽ നിന്ന് നിങ്ങൾക്കൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല. നിങ്ങൾ സത്യം തുറന്ന് പറഞ്ഞതുതന്നെ വലിയ കാര്യം. പക്ഷെ ഇത്രയും ദിവസം കഴിഞ്ഞസ്ഥിതിക്ക് ഒരുപരിശോധന കൂടി നടത്തണം.

''എങ്കൾക്ക് എല്ലാമേ സമ്മതം സാർ.''

''ഏതായാലും ശാന്തി കുറച്ചുദിവസം കൂടി അവിടെനിക്കട്ടെ. അവളുടെ രക്തം പരിഗോധിക്കണം, അതുകഴിഞ്ഞ് ബാക്കി കാര്യങ്ങൾ തീരുമാനിക്കാം.''

സിസിലിക്കായിരുന്നു ഏറെ സന്തോഷം. സ്വപ്നത്തിൽ പോലും വിചാരിക്കാത്തൊരു കാര്യം നടന്നിരിക്കുന്നു. അവൾ മോനോടു പറഞ്ഞു. ''മോനേ ആ പോയത് നിന്റെ ചേച്ചിയാ.''

''നീ ധൃതി പിടിക്കാതെ; ഡി. എൻ. എ. ടെസ്റ്റ് കൂടികഴിയട്ടെ.''

''അതേതായാലും എന്റെ മോള് തന്നെ, ഉറപ്പ്.'' മനസ്സിൽ സന്തോഷം അലതല്ലുമ്പോഴും അവൾ കാന്തിമതിയുടെ അവസ്ഥ ഓർക്കുകയായിരുന്നു. പാവം ഇനി കുഞ്ഞുങ്ങളില്ലാതെ ജീവിക്കണമല്ലോ?

മൂന്നുദിവസം കഴിഞ്ഞ് ഡി.എൻ.എ. ഫലം 'പോസിറ്റീവ്' ആണെന്നറിഞ്ഞ ഉടനെ ലോറൻസും സിസിലിയും ഈ ലോകത്തൊന്നുമല്ലായിരുന്നു. എല്ലാ ആഴ്ചയിലും പള്ളിയിലെ പ്രാർത്ഥന ഫലം കണ്ടിരിക്കുന്നു.

ദൊരസാമിക്കും, കാന്തിമതിക്കും ഇത്രയും കാലം മകളെപ്പോലെ പോറ്റിയ ശാന്തി പിരിയുന്നതിൽ സങ്കടമുണ്ടായിരുന്നെങ്കിലും അർഹിക്കാത്തത് മോഹിക്കുന്നതിലർത്ഥമില്ലെന്നവർ പഠിച്ചിരുന്നു. ശാന്തിക്ക് യഥാർത്ഥ അച്ഛനമ്മമാരെ കിട്ടിയതിലും അവരേറെ സന്തോഷിച്ചു. താമസിയാതെ ദൊരസാമിയും കാന്തിമതിയും, ശാന്തിയെ അവളുടെ സ്വന്തം വീട്ടിൽ കൊണ്ടുചെന്നാക്കി. അവർ സങ്കടത്തോടെ കണ്ണു തുടച്ച് മടങ്ങുമ്പോൾ സിസിലി ഇത്രയും പറഞ്ഞു.

''ദൊരസാമിക്കും, കാന്തിമതിക്കും എപ്പോ വേണെങ്കിലും ഇവിടെ വന്ന് മോളെ കാണാം, ഞങ്ങൾക്കതിൽ സന്തോഷമേ ഉള്ളു.''

''അത് ഉങ്കളോട നല്ല മനസ്സ്ങ്ക, ഉങ്കളോടെ കൊളന്തയെ ഇവ്വളവ് നാള് കഴിഞ്ചും കെടച്ചതേ കടവുൾ നിശ്ചയം, എങ്കയോ ഇരുന്ത നാങ്ക കേരളാവിലെ വേലയ്ക്ക് വരാവിട്ടാൽ ഉങ്കള്ക്ക് ശാന്തിയെ തിരുമ്പികെടച്ചിരിക്കമാട്ടോം.''

ഇത് പറഞ്ഞവർ പോയി. പോകുന്ന പോക്കിൽ കാന്തിമതി ഇടക്കിടെ തിരിഞ്ഞ് ശാന്തിയെത്തന്നെ നോക്കിക്കൊണ്ടേയിരുന്നു, ഒപ്പം സാരിത്തലപ്പുകൊണ്ട് കണ്ണ് തുടയ്ക്കുകയും ചെയ്തു. സിസിലിയാകട്ടെ മകളുടെ പേര് മാറ്റാനൊന്നും തുനിഞ്ഞില്ല. കുടുംബത്തിലേക്ക് 'ശാന്തി' കൊണ്ടുവന്ന അവളുടെ പേര് അങ്ങിനെത്തന്നെ ഇരിക്കട്ടെ എന്നവർ തീരുമാനിക്കയും ചെയ്തു.

●



# നിസ്സഹായത

**അരവിന്ദൻ**
**9745935385, 0494-2682899**

പ്രകൃതി മുഖം വീർപ്പിച്ചു നില്ക്കുന്ന ഒരുദിവസം അച്ഛന്റെ ഉറ്റ സ്നേഹിതനായിരുന്ന അപ്പുമ്മാമ ഏങ്ങിവലിച്ചു വീട്ടിൽ വന്നു. അമ്മാമക്ക് എന്റെ മകനെയൊന്നു കാണണം. വലിവുകൊണ്ട് ഒരടി നടക്കാൻ വയ്യാന്നായിരിക്കുന്നു പാവത്തിന്. ഉണങ്ങിയൊട്ടിയ ശരീരം. വെറും അസ്ഥികൂടം. അഗാധഗർത്തങ്ങളിൽ കിടന്നുപിടയുന്ന പീള കെട്ടിയ കണ്ണുകൾ. നെഞ്ചിൽ കൂടുപൊളിക്കും വിധം കൂട്ടവെടിക്കെട്ടുപോലെയുള്ള ചുമ. ചുമച്ചു ചുമച്ചു തളർന്ന അമ്മാമ ഉമ്മറക്കോലായിലിട്ട കസേരയിലേക്ക് വീഴുകയായിരുന്നു. നീണ്ട ചുമയ്ക്കിടയിൽ വിക്കി വിക്കി അമ്മാമ തിരക്കി:-

“ന്നെ അറ്യോ?”

“പിന്നെ? അപ്പുമ്മാമേനെ അറ്യാണ്ടിരിക്കാൻ പറ്റ്വോ?”

അപ്പുമ്മാമയുടെ നിഴലായിരുന്നു അച്ഛൻ. എന്തിനും ഏതിനും അച്ഛൻ ഒപ്പം വേണം. കാശുള്ള വീട്ടിലെ അപ്പുമ്മാമ ചെയ്തുതന്ന സഹായങ്ങൾക്ക് കണക്കില്ല. തന്റെ സ്കൂൾ ഫീസും പുസ്തകങ്ങളും അപ്പുമ്മാമയുടെ വകയായിരുന്നു. ജോലി തേടി മദ്രാസിലേക്കു പോകുമ്പോൾ ഒരു പണപ്പൊതി തന്നിട്ട് അപ്പുമ്മാമ പറഞ്ഞതിപ്പോഴും കാതിൽ മുഴുങ്ങുന്നു:-

“ന്താ ആവശ്യച്ചാൽ എഴുതാം. മടിക്കണ്ട.”

എഴുതേണ്ടതായിവന്നില്ല. മദ്രാസിലെത്തിയ ഉടനെ ചെറിയൊരു ജോലി കിട്ടി. ലീവിൽ നാട്ടിൽ ചെല്ലുമ്പോഴെല്ലാം അപ്പുമ്മാമ കാണാൻ വന്നിരുന്നു. “ഞാനവിടെ വന്നു കാണുമായിരുന്നല്ലോ” എന്നുപറഞ്ഞാൽ അപ്പുമ്മാമ ശാസിക്കും:-

“നാലൂസം ലീവിൽ വന്ന നെനക്ക് നാടുമുഴുവൻ നടന്ന് നാട്ട്വാരെ മുഴുവൻ കാണാൻ നേരണ്ടാവ്വോ? കാണണം ന്ന്ള്ളോര് ഇബടെ വരണം. അതാ അതിന്റെ ശരി.”

അന്നൊക്കെ അപ്പുമ്മാമയുടെ നല്ലകാലമായിരുന്നു. ക്രമേണ ആ നല്ല കാലം അസ്തമിച്ചു. മുടിയന്മാരായ മക്കൾ സ്വത്ത് കാർന്നുതിന്നു. ആരോഗ്യം നശിച്ച അപ്പുമ്മാമ തറവാട്ടിന്റെ തകർച്ച കണ്ട് നെടുവീർപ്പിട്ടു. മരിക്കുന്നതുവരെ അച്ഛൻ അപ്പുമ്മാമയുടെ ആശ്വാസമായിരുന്നു.

“എന്താ നീ നിന്നാലോചിക്കണ് ?” അപ്പുമാമയുടെ വിറയാർന്ന ശബ്ദം.

“കഴിഞ്ഞ കാലം ഓർമ്മയിൽ തെളിയുകയായിരുന്നു...”

“ഇനി, അതൊന്നും നിരീച്ചിട്ട് കാര്യല്ല്യ.”

“അപ്പുമ്മാമക്ക് കുടിക്കാൻ എന്താട്ക്കണ്ടത്? ചായയൊ കാപ്പിയൊ?”

“ഒന്നും വേണ്ട കുട്ടീ.. നിയ്ക്ക് നെന്റെ മോനെ ഒന്നു കണ്ടാൽ മതി. ഒരു ഡോക്ടറെ ചെന്നു കാണാനും പണം വേണ്ടേ?”

“അതിനെന്താ. അപ്പുമ്മാമടെ കുട്ട്യ പോലെന്യല്ലെ ന്റെ മോൻ. അവൻ ആശുപത്രിയിൽ നിന്ന് വന്നാൽ പരിശോധിക്കാൻ പറയാം.”

അകത്തുപോയി ഭാര്യയോട് ഒരു കാപ്പിയുണ്ടാക്കാൻ പറഞ്ഞു. കാപ്പി കുടിക്കുന്നതിനിടയിൽ വീട്ടിലെ സ്ഥിതിഗതികൾ അന്വേഷിച്ചുകൊണ്ടിരുന്നു. സമയം പോയതറിഞ്ഞില്ല. മകൻ വന്നതും അകത്തേക്കുപോയി. മകനോടു പറഞ്ഞു:-

“അപ്പുമ്മാമേനെ നെനക്കോർമ്മയുണ്ടോ? പാവം. തീരെ വയ്യാ. നീ ഒന്നുനോക്കണം. വല്ല സാമ്പിൾ മെഡിസിനുണ്ടെങ്കിൽ അതും കൊടുക്കണം.”

“ന്ന് ഇനി നോക്കാൻ നേരല്യ. ഊണുകഴിച്ചാലൊടനെ ഞങ്ങൾക്കുപോണം. ഇപ്പോൾ തന്നെ വൈകി...”

മകനും ഭാര്യയും കൂടി രണ്ടുദിവസത്തെ ലീവെടുത്ത് തിരുവനന്തപുരം കാണാൻ പോകയാണെന്ന് കേട്ടിരുന്നു. രാവിലെത്തന്നെ മകന്റെ ഭാര്യ പെട്ടിയും ബാഗുമൊതുക്കി ബ്യൂട്ടിഷ്യനെ ഫോൺ ചെയ്തുവരുത്തിയപ്പോൾ അന്വേഷിച്ചതാണ്:

“എവിടേക്കാ പുറപ്പാട്?”

“ഒന്നുചുറ്റിക്കറങ്ങാൻ‘

കൊച്ചിയിലേക്കാണെന്ന് ഭാര്യയാണ് പിന്നീട് ചെവിയിൽ മന്ത്രിച്ചത്. തിരുവനന്തപുരം വിസിറ്റ് നീട്ടിവെച്ചിരിക്കുന്നുവത്രെ! എല്ലാ ന്യൂസും ചോർത്തിയെടുക്കാനുള്ള അവളുടെയൊരുമിടുക്ക്!

മകനെ കൂടാതെ എവിടെയും പോയിരുന്നില്ല. ഒരു സിനിമ പോലും ഒറ്റക്ക് കണ്ടിട്ടില്ല. ഓഫീസിലെ കാന്റീനിൽ നിന്നുപോലും ഒന്നും ഒറ്റക്ക് വാങ്ങി കഴിച്ചിട്ടില്ല. പോക്കറ്റിൽ കാശുള്ളുപ്പോൾ കാന്റീനിൽ ഉണ്ടാക്കിയ സ്പെഷ്യൽ, പാക്ക് ചെയ്യിച്ച് വീട്ടിൽ കൊണ്ടുവരും. ഉള്ളതെന്തായാലും ഒന്നിച്ച് എല്ലാവരും കൂടെ പങ്കിടും. അതായിരുന്നു ചിട്ട, ശീലം. ഇപ്പോൾ യാത്രചെയ്യാൻ വയ്യാന്നായിരിക്കുന്നു. സ്ഥലങ്ങൾ കണ്ടുനടക്കാൻ പൂതിയുമില്ല. ആ കാലമെല്ലാം എന്നോ കഴിഞ്ഞിരിക്കുന്നു. എന്തായാലും അവനൊന്നു ചോദിക്കാമായിരുന്നു:

“അച്ഛനും അമ്മേം വരുന്നുണ്ടോ?”

ചോദിച്ചാലും പോയിട്ടല്ല. പക്ഷേ ആ ചോദ്യം കേൾക്കുമ്പോഴുള്ള സുഖം. സംതൃപ്തി... പെട്ടിയും സാമാനങ്ങളും ഉമ്മറത്ത് കൊണ്ടുവന്നുവെക്കുന്ന മകന്റെയരികിൽ ചെന്ന് കെഞ്ചി:

“അപ്പുമ്മാമേനെ ഒന്നു നോക്കീട്ടെ പോകാവൂമോനെ. അത്രക്ക് വയ്യ മൂപ്പർക്ക്. ഒരു കാലത്ത് ഈ വീട്ടിന്റെ താങ്ങായി നിന്ന ആളാ...”

“അച്ഛനെന്താ കാര്യം പറ

ഞ്ഞാൽ മനസ്സിലാവാത്തത്? എനിക്കിന്നു പരിശോധിക്കാൻ പറ്റില്ല. ഇന്നു പരിശോധനയില്ലെന്ന് ബോർഡെഴുതി തൂക്കിയത് അച്ഛൻ കണ്ടില്ലെ? ബന്ധവും പറഞ്ഞ് വീട്ടിൽ കയറിവരുന്നത് ചക്കാത്തിന് കൺസൾട്ടു ചെയ്യാനാ. ഇത്തരം കൂട്ടർ ആശുപത്രിയിലേക്കുതിരിഞ്ഞു നോക്കില്ല. കാരണം അവിടെ പണം കൊടുക്കാതെ അകത്തുകയറ്റില്ല്യലൊ?''

''മോനെ നിന്റെ ഈ പോക്ക് ആപത്തിനാ. ആദ്യം നീയൊരു മനുഷ്യനാവാൻ നോക്ക്.''

''ഈ നാട്ടിലുള്ളവരെ മുഴുവൻ സൗജന്യമായി ചികിത്സിക്കാമെന്ന് ഞാനേറ്റിട്ടില്ല. അതിനാണ് സർക്കാരാശുപത്രി.''

അപ്പുമ്മാമ മെല്ലെ കൈകുത്തി എഴുന്നേൽക്കുന്നത് കണ്ടു. അകത്തു പോയി നൂറു രൂപയുടെ ഒരു നോട്ടെടുത്ത് അപ്പുമ്മാമയുടെ കയ്യിൽ വെച്ചുകൊടുക്കാൻ ശ്രമിച്ചു. പക്ഷേ, അപ്പുമ്മാമ അത് നിരസിച്ചു:

''കുട്ട്യേ. പണല്ല്യാണ്ടായിട്ടുള്ളു അന്തസ്സിനൊരുതകരാറും പറ്റീട്ടില്ല..''

അപ്പുമ്മാമ വേച്ച് വേച്ച് പടിയിറങ്ങുന്നതും നോക്കിനിന്നപ്പോൾ തന്റെ നിസ്സഹായതയോർത്തു ദുഃഖിച്ചു.

ഹൈഹീൽഡ് ചപ്പലിട്ട് ചവിട്ടിമെതിച്ച് സ്റ്റാർട്ടു ചെയ്ത് കാറിനടുത്തേക്കു കുതിക്കുമ്പോൾ, മകന്റെ ഭാര്യയുടെ താക്കീത്:

''ഞങ്ങളുടെ കാര്യങ്ങളിൽ കൈ കടത്തരുത്. പറയുന്നതനുസരിച്ച് തുള്ളാൻ ഞങ്ങൾ കുട്ടികളൊന്നുമല്ല...''

അലച്ചുകയറിയ ദേഷ്യവും ദുഃഖവും കടിച്ചിറക്കിക്കൊണ്ട്, സ്തബ്ധനായി നിന്നു. ഒരു കുരുടനെപ്പോലെ വാക്കുകൾക്ക് വേണ്ടി തപ്പി. വേഷ്ടി കൊണ്ട് കണ്ണീരൊപ്പി നിൽക്കുന്ന ഭാര്യയെ കണ്ടപ്പോൾ, നിയന്ത്രണം വിട്ടു.... ഒരു പിഞ്ചു കുട്ടിയെ പോലെ പൊട്ടിക്കരയുമ്പോൾ, എന്നത്തേയും പോലെ ഭാര്യ സമാധാനിപ്പിച്ചു!

''സാരല്യ. നമ്മള് കണ്ടറിഞ്ഞുനിന്നാ, വ്യസനിക്കേണ്ടി വരില്ല്യ.''

ചിലമ്പും കുലുക്കിവന്ന കാറ്റും അതു തന്നെ ഏറ്റുപാടി.

●

■ കവിത

# മനസ്സ്

എം. കെ. ശശിധരൻ
9847838361



പ്രപഞ്ചവും കാലവും പോലെ
പരിധികളില്ലാതെ മനസ്സ്
ചിന്തയുടെ വ്യാപ്തിക്കനുസരിച്ച്
സൂക്ഷ്മവും സ്ഥൂലവുമായി വ്യാപരിക്കുന്നു.
അടിസ്ഥാനമായി വർത്തിക്കുന്ന
ആത്മാവ്, നിശബ്ദവും നിസംഗവുമാണ്
ജനനം മുതൽ മരണം വരെ
കൂടെ നിന്ന മനസ്സ് അലിഞ്ഞില്ലാതാവുന്നത്
ആത്മാവിലേക്ക് തന്നെയായിരിക്കാം
ജീവന്റെ നിലനിൽപിന് ഉപോൽബലകമായി
കാവൽ നിന്ന മനസ്സില്ലായിരുന്നെങ്കിൽ
ലൗകികത എത്രക്കർത്ഥശൂന്യമായിരുന്നേനെ ?
ദേഹവ്യാപ്തത്തിലെ അസ്തിത്വപരിധിയിൽ
മനസ്സിൻ അനിർവചനീയ വ്യാപ്തി
എല്ലാ ചിന്തകൾക്കും പരിഹാരമാകാനും
ശരീരത്തിന്റെ പ്രതിരോധങ്ങൾക്ക്
സാഫല്യം നൽകാനും
മനസ്സല്ലാതൊന്നും സഹായകമായില്ല.
ജീവിതത്തിന്റെ കണക്കെടുപ്പിൽ
നഷ്ടങ്ങളുടെ സ്ഥാനത്ത് ആദേശം ചെയ്ത്
നേട്ടങ്ങളെ കൈവരുത്താൻ
മനസ്സെന്നും യത്നിച്ചുകൊണ്ടിരുന്നു
നിദ്രയിലും ആ ശക്തി ഒപ്പം നിന്നു
സ്വപ്നങ്ങൾ തന്നു
അസ്വസ്ഥതകളെ പുതപ്പിട്ടു,
ഉണർച്ചയിൽ ദിനവൃത്തികളെ
തെറ്റാതെ അപ്പോഴപ്പോൾ ചെയ്യിച്ചു
മറവിയിൽ വീണുപോകുന്ന യവനിക
സ്മരിച്ച് സ്മരിച്ച് വീണ്ടുമുയർത്തി
യാഥാർത്ഥ്യത്തിന്റെ രംഗങ്ങൾ
കാണിച്ചുതരുമായിരുന്നു.
ഈ സിദ്ധി വ്യക്തിഗതമായി
അമീബ മുതൽ മനുഷ്യരിലും
അതിനപ്പുറം സർവ്വജീവജാലങ്ങളിലും
പ്രത്യേകമായി വർത്തിക്കുന്നതിന്റെ
കാരണം പറഞ്ഞുതരാൻ
മനസ്സെന്ന പ്രതിഭാസത്തിന് കഴിയാറില്ല
കാരണം അതിന് പരിധികളില്ല
ആരംഭവും അവസാനവുമില്ല
ഏതുതെറ്റിനും മാപ്പുതരുന്ന
ന്യായീകരണം കൊണ്ട് സമാശ്വാസം
പകരുന്ന നിതാന്തരക്ഷകൻ...
മറികടക്കാൻ കഴിയാത്ത പരാജയത്തിൽ
നിരാശകൾ തന്നിട്ടുണ്ടാവാം
ആ നൈരാശ്യത്തിലും ഒരുത്തരമാവാൻ
മാപ്പുസാക്ഷിയായതു നിന്നിരുന്നു
അതിനൊരിക്കലും സ്വയം വഞ്ചിക്കാൻ
കഴിയില്ല, സത്യമറിയുന്നതും
അതിനുമാത്രമല്ലെ ?
എല്ലാം നിയന്ത്രിക്കുന്ന ചൈതന്യം
ജന്മത്തിൻ നൽകിയ
സൃഷ്ടിരഹസ്യത്തിന്റെ ഉടയോൻ
നീതിമാനാണ്; കരുണയാണ് !

■ കവിത

# നീതിവിധി



**പ്രശാന്തി രാമൻ,**
**കരിയാട്, 9446738578**

**ഒന്ന്**

ഭാരതഭൂമിയിൽ കാടുണ്ടനവധി
കണ്ടൽ കാടും കൊടും കുറ്റിക്കാടും
ഹിമവാനിൽ കരടിവസിക്കും കാടും
ഹരിത വനമതിൽ സിംഹവാലൻ
സിംഹം വളരുന്ന ഗീർവനങ്ങൾ
മാനും മയിലും കളിച്ചും പുളച്ചും
പുൽമേട്ടിൽ കാടും നിറയെയല്ലേ
ഇരതേടിയെത്തും നരിയും പുലിയും
ആനയും സിംഹവും കാട്ടുപോത്തും
കണ്ടാമൃഗം, കരടി, മാൻകൂട്ടം മറ്റെല്ലാം
വളരുന്നു തളരാതെയെന്നുമെന്നും
തന്നിലെളിയത് തനിക്കിരയെന്നാണ്
വന്നുചേരുന്നത് നിയതി തൻ സത്യം.
ആഹാരമായാൽ വിശക്കുവോളം പിന്നെ
സ്വസ്തമായ് തന്നെ കഴിഞ്ഞുകൂടും
വംശവർദ്ധനക്കായിട്ടു നിയതി തൻ മാർഗ്ഗം
പ്രാപിക്കും ഇണ ചേർന്നു നേരെ നേരെ !
ഇതിൽ പ്രതിവന്നു ചേരുന്ന വിഘ്നം
തട്ടിത്തെറിപ്പിക്കും രാജമാർഗ്ഗേ !

**രണ്ട്**

മാനവരിടതിങ്ങിപ്പാർക്കും സ്ഥലത്തും
കാടുണ്ടു, വൻകാട്, വൻഇരുൾക്കാട്
മാനവഹൃത്തിലാണീ കൊടുംകാട്
ഇവിടെ വസിപ്പത് പ്രത്യേകജീവികൾ
രൂപവും ഭാവവും വേറെ വേറെ.
ഭക്ഷണമോർക്കിലിവർ തൻ ചരിത്രം
ചിത്രം, വിചിത്രം, വിചിത്രമല്ലെ !
തിന്നുവാനായിട്ടു മാത്രമീജീവിതം
കാമപ്പെരും വെറിതീർക്കുവാനും
കാമവെറിയിൽ വലയിലാണിവർ
കാട്ടിക്കൂട്ടും ക്രിയ ഓർക്കാൻ വയ്യ.
അധമാധമത്തിന്നുമപ്പുറമെന്തുണ്ട്
അതാണവർ ചെയ്തുകൂട്ടുന്ന പേക്കൂത്ത്
ചീഞ്ഞുനാറിപ്പുഴുത്തുള്ള ഭക്ഷണം
കഴുതപ്പുലിക്കമൃതമാം ഭോജനം
കഴുതപ്പുലിക്ക് കാമവെറിപ്പൂണ്ടതിൽ
കൂടവേ പേ പിടിച്ചൂക്ക് ചേർന്നാൽ
പിന്നെയോ കൂളിയും ബാധിച്ചുവെന്നാൽ
പരമകഷ്ടം തന്നെ ഓർക്കാൻ വയ്യ.
ഈ ഇരുകാലിമൃഗങ്ങളെ കൊല്ലാൻ
വകുപ്പുണ്ട്, ജനാധിപത്യ പരിരക്ഷക്കായ്
എങ്കിലും നാമതുചെയ്തുകൂടാ
കൊന്നാൽ ഇവർ പോകാം പ്രേത ലോകത്തിൽ
പ്രേതലോകത്തു പോയാലിത്തരം പാപികൾ
അവിടേയും തനിനിറം കാട്ടിക്കൂട്ടും.
ന്യായപീഠത്തിന്റെ ജയിലുണ്ടതിലൊരു
ജയിൽ തീർത്തതിലിവരായുസ്സൊടുക്കണം !
ഇക്കാമഭ്രാന്തന്മാരിരയാക്കി ഹോമിച്ച
അമ്മ പെങ്ങന്മാർക്കായൊന്നു പ്രാർത്ഥിക്കാം !

# പരേതന്റെ മൊഴികൾ

**സിൽവിയ ജോബീഷ്**
**9400475459**

ഒരല്പം സ്വൈരമെനിയ്ക്കു നൽക
ഇനി ഞാനുറങ്ങട്ടെ സ്വസ്ഥമായ്
ഇത്ര നാളേറെ ഞാൻ നിങ്ങൾക്കൊപ്പം
ഈ ഭൂവിൽ ചുറ്റി നടന്നിരുന്നു.
എവിടെപ്പോയ് നിങ്ങൾതൻ സ്നേഹമെല്ലാം
ജീവിച്ചിരുന്ന നാൾ മറന്നുപോയോ?
ഇനിയീസ്നേഹമെനിയ്ക്കു വേണ്ട
നൽകിടൂ ആലംബഹീനർക്കായി.
കരയരുതാരുമെയെന്നെയോർത്ത്
ഇനി വരില്ല ഞാൻ കണ്ണീർ കണ്ട്
എന്തിനോതുന്നു ഞാൻ ചെയ്ത നന്മകൾ
ഇനിയിവിടെയതിനൊട്ടും പ്രസക്തിയില്ല.
എന്തിനെടുക്കുന്നെൻ നിശ്ചല ഫോട്ടോകൾ
ചിരിയ്ക്കുവാനാവില്ല ഇനി ഞാനുറങ്ങട്ടെ.
ചിന്തിക്ക നിങ്ങൾ ഏവരുമേ
നാളെയുറങ്ങിടാം നിങ്ങളുമീ ഭൂമിയിൽ.
നല്ലതു മാത്രം ചെയ്കയീ ഭൂവിൽ
നന്മതൻ ലോകത്തെ പടുത്തുയർത്താൻ!!!

■ പാചകം

# ബ്രഡ് റോൾ



**പി. എൻ. ഗംഗാലക്ഷ്മി**
**9447972209**

**ആവശ്യമായവ**

ബ്രഡ് - 6 സ്ലൈസ്
ഉരുളക്കിഴങ്ങ് വലുത് - 2 എണ്ണം
സവാള - 1 എണ്ണം
പച്ചമുളക് - 4 എണ്ണം
മല്ലിയില - കുറച്ച്
മുളകുപൊടി - $^1/_2$ ടീസ്പൂൺ
ഉപ്പ് - ആവശ്യത്തിന്
എണ്ണ - വറുക്കുവാൻ വേണ്ടത്

**പാകം ചെയ്യുന്ന വിധം**

ഉരുളക്കിഴങ്ങ് വേവിച്ച് തൊലികളഞ്ഞ് കൈകൊണ്ട് അമർത്തി പൊടിച്ചെടുക്കുക. സവാള, പച്ചമുളക്, മല്ലിയില എന്നിവ ചെറുതായി അരിയുക. ഒരു പാൻ ചൂടാക്കി 2 ടീസ്പൂൺ എണ്ണ ഒഴിച്ച് സവാള, പച്ചമുളക് എന്നിവ ഇട്ട് വഴറ്റുക. സവാള മൂത്തുകഴിഞ്ഞാൽ പൊടിച്ചുവെച്ച ഉരുളക്കിഴങ്ങ്, ഉപ്പ്, മുളകുപൊടി എന്നിവ ചേർത്ത് തീ കുറച്ച് 5 മിനുട്ട് അടച്ചുവെയ്ക്കുക. പിന്നീട് മല്ലിയില ചേർത്ത് വാങ്ങിവെയ്ക്കുക. തണുത്തശേഷം ഓരോ സ്ലൈസ് ബ്രഡ്ഡും വെള്ളത്തിൽ നനച്ച് കൈകൊണ്ട് അമർത്തി വെള്ളം കളയുക. അതിനുശേഷം കുറച്ച് ഉരുളക്കിഴങ്ങ് കൂട്ട് ബ്രഡ് സ്ലൈസിന്റെ ഉള്ളിൽവെച്ച് റോൾ ആകൃതിയിൽ ഉരുട്ടിഎടുക്കുക. മുഴുവൻ റോളും ഉരുട്ടി എടുത്തതിനുശേഷം എണ്ണയിൽ ബ്രൗൺ നിറമാകുന്നത് വരെ വറുത്തുകോരുക.



ജനാർദ്ദനൻ പി. വണ്ടാഴി
8089060168, 9539206386

# വിഡ്ഢിവേഷം

**പു**ന്നാരം പഞ്ചായത്ത് നെൽവയലുകളാൽ സമൃദ്ധം. അതിനാൽ പരാധീനതകളും ധാരാളം.

സുപ്രഭാതം പൊട്ടിവിടർന്നു. മുറ്റത്ത് ഇളംവെയിൽ പരന്നിരിക്കുന്നു. മന്ത്രിപുംഗവൻ പുട്ടും കടലയും പപ്പടവും കൂട്ടിക്കലർത്തി നല്ല നിലയിൽ ഒരു തട്ടുതട്ടി, ഒരുഗ്ലാസ് പഞ്ചസാരയിടാത്ത ചായ കുടിച്ച് ശബ്ദത്തോടെ ഏമ്പക്കം വിട്ടെഴുന്നേറ്റു. ആ സമയത്തിലാണ് മുറ്റത്തൊരു പടപ്പുറപ്പാട്. ഈ പടപ്പുറപ്പാട് പന്തളത്ത് നിന്നോ ? തുറന്നിട്ട ജനലിലൂടെ കണ്ണുതള്ളിയൊന്നു നോക്കി. നെഞ്ചിനകത്തൊരു പെടപെടപ്പ്. മുൻവാതിൽ തുറന്നിടാത്തതുകൊണ്ട് പേടിക്കേണ്ട. സ്വന്തം മണ്ഡലത്തിലെ വോട്ടർമാരാണെങ്കിൽ സംഗതി കുഴയും. സുഖസൗകര്യങ്ങളുടെ നടുക്കങ്ങളെ വന്നുപെട്ടപ്പോൾ ജയിപ്പിച്ചുവിട്ട ജനങ്ങളേയും, എന്തിനു പറയുന്നു, ആ മണ്ഡലത്തിന്റെ നാമധേയം പോലും മറന്നുതുടങ്ങിയിരിക്കുന്നു.

“സെക്രട്ടറി, ആരാ അവിടെ ?”പുംഗവൻ വിളിച്ചു ചോദിച്ചു. സംഗതി കൊഴപ്പമാണെങ്കിൽ ഒളിസ്ഥലങ്ങൾ തിരയേണ്ടിയിരിക്കുന്നു.

“കൃഷിക്കാരാണ്.”

“എന്താ അവര് കൂട്ടംകൂടി പൊറപ്പെട്ടിരിക്കണത് ?”

“ഇതുവരേം കാര്യങ്ങൾ പിടികിട്ടീട്ടില്ല. മുൻവാതിൽ തുറക്കാനുള്ള സൗകര്യം ഒത്തുകിട്ടീല്ല.”

“അപ്പോൾ ജനലീക്കൂടെയുള്ള ഒളിച്ചുനോട്ടം മാത്രം നടത്തി.”

“ആരോഗ്യത്തിന് അതാവും ഉത്തമം എന്നൊരു തോന്നൽ.”

“അപ്പോൾ വാതിൽ തുറക്കാല്ലേ...?”

സെക്രട്ടറി ജനലിലൂടെ പുറത്തേക്കൊന്ന് എത്തിനോക്കി. കല്ല്, വടിവാൾ, വടി, കൊടുവാൾ... ഇത്യാദിയിൽ പെട്ട യുദ്ധോപകരണങ്ങൾ ഒന്നും ജനങ്ങളുടെ കൈയിൽ പ്രത്യക്ഷത്തിൽ കണ്ടില്ല. ദേഹത്തിന് കേടുപാടുകൾ ഉണ്ടാവാൻ സാദ്ധ്യതയില്ലെന്ന ഉത്തമബോദ്ധ്യത്തിൽ മുൻവാതിലിലേക്ക് നീങ്ങി.

“അപ്പോൾ ജനത്തിന് മുഖം കാണിക്കാല്ലേ...?”

“എല്ലാം നേരിട്ടറിയാം.”

മന്ത്രി പുംഗവ് വേഷ്ടിയൊക്കെ ഒന്നുനേരെ പിടിച്ചിട്ട് റെഡിയായിനിന്നു. സെക്രട്ടറിക്ക് ചെറിയ തോതിൽ അയാളോട് ഈർഷ്യയുണ്ടായിരുന്നു. മരുമകന് ഒരു ജോലിക്കായി ശുപാർശ ചെയ്യാൻ പറഞ്ഞതിന് “നോ” പറഞ്ഞ ദേഷ്യത്തിന് സെക്രട്ടറി പകരംവീട്ടാൻ അവസരം കാത്തിരിക്കുകയാണ്. എന്നാലും, വോട്ടേഴ്സിന്റെ ഇടയിലേക്ക് ഇറക്കിവിടാൻ മാത്രം കണ്ണിൽ ചോരയില്ലായ്മ ഇയാളു കാണിക്ക്യോ ? ഇല്ലാത്ത ധൈര്യം എടുത്തണിഞ്ഞ് തയ്യാറായി. മുഖത്തൊരു ചിരി ഫിറ്റ് ചെയ്തു.

ഒരാശ്വാസത്തിനുവേണ്ടി മന്ത്രി പുംഗവൻ ജനൽവഴി ഒന്നെത്തിനോക്കി. ജനങ്ങൾ കല്ലെറിയാനുള്ള പുറപ്പാടൊന്നുമില്ലെന്ന് കണ്ടപ്പോൾ തെല്ലൊരാശ്വാസം. വാതിൽ തുറക്കപ്പെട്ടു. ജനങ്ങൾ കൈകൂപ്പി തൊഴുതുനിൽക്കുന്നു. ആശ്വാസം. മന്ത്രി പുംഗവ് ഉഷാർ. തോൾ വേഷ്ടി നേരെ പിടിച്ചിട്ട് നിറഞ്ഞ പുഞ്ചിരിയുമായി സെക്രട്ടറിയെ പിന്നിലേക്ക് തള്ളിമാറ്റി ഉമ്മറവാതിൽ താണ്ടി പുറത്തുകടന്ന് കൂപ്പിയ കൈയുമായി ജനത്തിനു ദർശനമേകി.

“എന്താ സഖാക്കളേ, നിങ്ങളെല്ലാരും കൂടി ?”

ജനത്തിനിടയിൽ നിന്ന് ഒരാൾ മുന്നോട്ടുവന്ന് നീണ്ടൊരു നിവേദനം സമർപ്പിക്കപ്പെട്ടു.

“ഞങ്ങൾക്കൊരു കൃഷി ഓഫീസർ വേണം.”

‘എന്തിനാണങ്ങനെയൊരാൾ’ എന്ന് ചോദിക്കണമെന്നുണ്ടായിരുന്നെങ്കിലും “ഉടനെ ഉണ്ടാകും പോരെ ?” എന്നാണ് അദ്ദേഹം പറഞ്ഞത്.

മന്ത്രിയുടെ വലിയ വായിലെ ചിരി. ജനങ്ങളുടെ ജയ് വിളികൾ. എന്നിട്ടവർ ഒഴുകിയങ്ങനെ പോയി. ഒരാഴ്ച കഴിഞ്ഞപ്പോൾ അതിരാവിലെ ഒരു സിമ്പ്ളൻ പാടവരമ്പത്തുകൂടെ ഉലാത്തുന്നു. അവിടവിടെ നിന്ന് ജനം ‘ആരടപ്പാ’ എന്നാശ്ചര്യപ്പെട്ടു. കണ്ടത്തെ ചെടികൾ പരിശോധിച്ചങ്ങനെ വരമ്പിൽ നിന്ന് വരമ്പിലേക്ക്... താമസിയാതെ സംഗതി വെളിപ്പെട്ടു - കൃഷി ഓഫീസർ !

ആൾക്കാർ ഒന്നൊന്നായി പാടത്തേക്ക് ഒഴുകിയെത്തുന്നു. മന്ത്രി പണി പറ്റിച്ചിരിക്കുന്നു. വയൽ പരിശോധനയിൽ ഓഫീസർ ആമഗ്നൻ. ചെടിയെ പിടിക്കുന്നു, ആട്ടുന്നു, മണക്കുന്നു... ആൾക്കാർ, ആബാലവൃന്ദമായപ്പോഴാണ് ഓഫീസർ പരിസരബോധത്തിലേക്കെത്തിയത്. ഓഫീസർ സ്വയം വെളിപ്പെടുത്തുന്നു, “ഞാൻ സൽഗുണൻ, കൃഷി ഓഫീസർ.”

ജനങ്ങൾ ഒരു സമൂഹ കൈതൊഴൽ നടത്തുന്നു. സൽഗുണന്റെ മറുപടി കൈതൊഴൽ, നിറഞ്ഞ ചിരി.

“നിങ്ങളെന്താണ് ഇവിടെ കൃഷിചെയ്തിരിക്കുന്നത് ?” സൽഗുണന്റെ ഗുണം എളുപ്പത്തിൽ പുറത്തുചാടി. ചോദ്യം കേട്ട ജനം കണ്ണുതുറുപ്പിച്ചുനിന്നു. പാടങ്ങളിൽ ചേങ്ങോൽ പൂത്തുലഞ്ഞുകിടക്കുകയാണ്. അതിനിടയിൽ പതുങ്ങിനില്ക്കുന്ന നെൽച്ചെടികൾ സൽഗുണന്റെ ശ്രദ്ധയിൽ പെട്ടിരുന്നില്ല.

“ആ പൂത്തുലഞ്ഞു കിടക്കുന്ന ചെടിയുടെ പേരെന്താണ് ?” ഓഫീസർ അടുത്ത ചോദ്യത്തിലേക്ക് കടന്നു.

"ചേങ്ങോൽ" ഒരാൾ പറഞ്ഞു.

"ഓ... പായയുണ്ടാക്കുന്ന പുല്ല്. വ്യാവസായികാടിസ്ഥാനത്തിൽ അത് കൃഷി ചെയ്യുന്നത് എവിടേയും കണ്ടിട്ടില്ല."

ഇതെന്തു സൽഗുണൻ !

"മന്ത്രി പറഞ്ഞായിരുന്നു. നിങ്ങളെ പുതിയ വിളകൾ പഠിപ്പിക്കണമെന്ന്. എന്നാൽ, നിങ്ങൾ മിടുക്കന്മാരാണ്. ചേങ്ങോൽ വ്യാവസായിക പ്രാധാന്യമുള്ളതുതന്നെ." സൽഗുണൻ നീണ്ട പ്രസംഗം നടത്തുന്നു. ജനം വാ പൊളിച്ചങ്ങനെ നിന്നു.

"അതിനിടയിൽ വേറെ ചെടികളുണ്ടല്ലോ സാർ. അതെന്തു ചെടി?" ഒരാൾ ചോദിച്ചു.

"എന്താണത് ?" സൽഗുണൻ കുനിഞ്ഞുനിന്ന് പതുക്കെ ചേങ്ങോലുകൾ വകഞ്ഞുമാറ്റിനോക്കുന്നു. "ങേ...! നെൽച്ചെടികൾ !" അയാൾ ഒരു വിഡ്ഢിച്ചിരിയോടെ എല്ലാരേയും മാറിമാറി നോക്കുന്നു. ●

■ കവിത

## പ്ലാവിലക്കഞ്ഞി

**കമർ അഷ്ക്കർ**

**8891551508, 8056637599**

കടുപ്പം കാട്ടിയോൾ
വേനൽക്കനലുകളിൽ
വെന്ത വയറിന്ന്
വീതം വെച്ചപ്പോൾ
വക്കുടഞ്ഞോൾ
ചിരിയുമായ് മറഞ്ഞിരിക്കുന്ന
ചെമ്പോട്ടക്കലത്തിന്റെ
കാണാസുഷിരംപോൾ
നിറഞ്ഞുനിന്നോൾ
കോതാതെ വകയാതെ
മുടിയിഴകളുമായ്
വഴിക്കണ്ണ് വിളക്കാക്കി
കാത്തിരുന്നോൾ
അരവയർ ഇടവേളകൾ
ഒരുകയ്യിൽ കഞ്ഞികൊ-
ണ്ടാഘോഷമാക്കിയോൾ
ദാരിദ്ര്യം മാന്തിയ
തേനൂറും സ്മൃതികളിൽ
നിറഞ്ഞിരിപ്പുണ്ട്
അമ്മയുടെ കരുതൽപോലെ.

■ കത്തുകൾ

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

പ്രിയപ്പെട്ട മുരളി,

ഏക തത്ത്വ ഒട്ടുമിക്ക രചനകളും വായിച്ചു. കത്തുന്നതിന്റെ അടുത്തുചെന്ന് പൊട്ടിത്തെറിക്കാതെ പതിവുപോലെ ഊർജ്ജസ്വലം. ഓരോ നന്മയുള്ളവനും ദിനം പ്രതി ഇല്ലാതാവുന്നു. നിങ്ങളാരാധിക്കുന്ന വ്യക്തികളിൽ എത്ര പേർക്കുണ്ട് നിഷ്കളങ്കമായ നോട്ടവും നിർമ്മലമായ ഹൃദയവും. സദസ്സിൽ ആളുകൾ കുറഞ്ഞു. വേദിയിലാണിപ്പോൾ ആളുകൾ കൂടുന്നത്. വായിക്കാനറിഞ്ഞിട്ടും വായിക്കാത്തവർ. വായിച്ചിട്ടും ഇതൊന്നും മനസ്സിലാവാത്തവർ!

പതിരില്ലാത്ത പരമാർത്ഥങ്ങൾ. നെഗറ്റീവ് ചിന്തകളാണ് നമ്മെ ഭരിയ്ക്കുന്നത്. ഇവിടെ തുപ്പരുത് എന്നെഴുതിവെച്ചാൽ അവിടെ തുപ്പും. ഇവിടെ മൂത്രമൊഴിക്കരുത് എന്ന ലേബൽ കണ്ടാൽ അവിടെ ഒഴിച്ചല്ലേ പറ്റൂ. കുടിയ്ക്കരുത്, കൈക്കൂലി കൊടുക്കരുത് എന്നൊക്കെ ഉദ്ബോധിപ്പിച്ചാൽ അതിന് വിപരീതമായേ നാം ചെയ്യൂ... കലികാലമായത് കൊണ്ടാണോ ഇങ്ങനെയൊക്കെ ?

കട്ടുമുടിച്ച് ഖജനാവ് കാലിയാക്കുന്നവനും അഴിമതിയും കൈക്കൂലിയും ജീവിതവ്രതമാക്കിയ പെരും കള്ളന്മാർ ഉള്ള നമ്മുടെ നാട്ടിൽ അവരുടെ ഒരു രോമത്തിനുപോലും ഹാനിതട്ടാതെ വി. ഐ. പി. കളായി സ്വൈരവിഹാരം ചെയ്യുമ്പോൾ വിശപ്പടക്കാൻ കുറച്ച് അരിയോ പലവ്യഞ്ജനമോ മോഷ്ടിച്ചതിന് (!) സദാചാരപോലീസ് ചമഞ്ഞ് 'കള്ളൻ, കള്ളൻ' എന്ന് ആർത്ത് വിളിച്ച് നല്കി കൊല്ലപ്പെട്ട പാവം ആദിവാസി മധുവിന്റെ പക്ഷം ചേരാനേ എന്നിലുള്ള മനുഷ്യത്വത്തിന് കഴിയൂ...

പാണ്ഡവർക്ക് സർവ്വനാശം വരാതിരിക്കാൻ ആചാര്യനെ കൊന്നാലും തരക്കേടില്ല എന്ന ഉപദേശം പോലും ഭഗവാൻ കൃഷ്ണൻ നൽകിയില്ലേ ? കള്ളം പറയാത്ത ധർമ്മപുത്രരെക്കൊണ്ട് കള്ളം പറയിച്ചില്ലേ ? 'അശ്വത്ഥമാ ഹത ! കുഞ്ജര' കുഞ്ജര എന്ന് ആരും കേൾക്കാതെയാണത്രെ യുധിഷ്ഠിരർ പറഞ്ഞത്...!

ആത്മരക്ഷയ്ക്ക്, സ്ത്രീരക്ഷയ്ക്ക്, പശുരക്ഷയ്ക്ക്, ബ്രാഹ്മണരക്ഷയ്ക്ക് (ബ്രാഹ്മണൻ - ബ്രഹ്മജ്ഞാനമുള്ളവനാണേ...) കള്ളം പറയാമെന്നാണ് പുരാണഭാഷ്യം. അപ്പോൾ പശിയടക്കാനുള്ള ഈ മോഷണം ഒരിക്കലും മോഷണമാവില്ല. ആദിവാസികളെ ഇങ്ങനെ ആക്കിത്തീർത്ത നമ്മുടെ സമൂഹത്തിലെ മാന്യന്മാരല്ലെ ഇത്തരം ശിക്ഷയ്ക്കർഹർ !

തുളസി ടീച്ചറുടെ കവിത വായിക്കുമ്പോൾ ധീരയായ എഴുത്തുകാരി മാധവിക്കുട്ടിയെ ഓർമ്മ വരും. ആയുസ്സും ആരോഗ്യവും നീട്ടിക്കിട്ടാൻ ചിരി ഒരൗഷധമാണെങ്കിൽ സുരേഷ് തെക്കീട്ടിലിന്റെ മിനി കഥകൾ വായിക്കുക. ശ്രീ. ടി. കെ. ഉണ്ണികൃഷ്ണന്റെ 'ബോണ്ട' വായിച്ചതോടെ ബോണ്ട തീറ്റ ഞാൻ നിർത്തി. സൈനുദീൻ സാറിന്റെ 'പുതുച്ചൊല്ലുകൾ' ആസ്വാദ്യകരം. അരവിന്ദൻ സാറിന്റെ ചെറുകഥാസാഹിത്യവും മലയാളകഥകളും പഠനാർഹം. ഏക തത്ത്വയിലെ മറ്റു എല്ലാ വിഭവങ്ങളും സ്വാദിഷ്ഠം !

സസ്നേഹം
മുക്കം ഭാസി
9846138693

ആദരണീയ മിത്രമേ,

സുഖമല്ലേ ? ഏപ്രിൽ ലക്കം ഏക തത്ത്വ ലഭിച്ചു. നന്ദി. നല്ല കഥകൾ നിറയെ ഉണ്ടായിരുന്നു. ചില ലേഖനങ്ങൾ നീണ്ടുപോയി. ദൈർഘ്യം കുറഞ്ഞവ ചേർത്തിരുന്നെങ്കിൽ മറ്റു രചനകളും ഉൾപ്പെടുത്താമായിരുന്നു എന്നൊരു തോന്നൽ. എല്ലാവിധ ആശംസകളും നേരുന്നു.
സ്നേഹത്തോടെ,

ജിജോ രാജകുമാരി
8086350652, 9495260652

1. ഏക തത്ത്വ പുസ്തകം 8 ലക്കം 4 മാർച്ചിലെ ചില ലേഖനങ്ങൾ ചിന്തിക്കാനും ചില വ്യത്യസ്ത അഭിപ്രായങ്ങൾ രേഖപ്പെടുത്താനും പ്രേരിപ്പിക്കുന്നു.

'തങ്കമേ എന്റെ തങ്കമേ' പേജ് 36ൽ, 'എടത്താനെ വലത്താനെ' എന്നു തോട്ടി കാട്ടി ഭയപ്പെടുത്തുന്നത് പോലെ കുട്ടികളുടെ വന്യമായ ക്രിയാത്മകതയെ മുരടിപ്പിക്കരുത് എന്നുകൊടുത്തത് തികച്ചും ശരിയാണ്. കുട്ടികളെ അടിച്ചു മിരട്ടി വിറപ്പിച്ചു, 'എന്റെ വഴിയാണ് ശരിയായ വഴി എന്നു ചൊല്ലുന്നത്/ശഠിക്കുന്നത് ഒഴിവാക്കണം.

ആനയെ തോട്ടികാട്ടി/ ഉപയോഗിച്ചു ഭയപ്പെടുത്താതെ ഒരുപക്ഷെ വഴിയില്ല. 'അടിയാ മാടു പഠിയാ'; അതുപോലെ 'spare the rod and spoil the child' (ശിക്ഷ ഒഴിവാക്കി കുട്ടിയെ കേടുവരുത്തരുത്), എന്ന ചൊല്ലുകൾ അർത്ഥമറ്റവയല്ല. ഏതു കുട്ടിയും സർവ്വജ്ഞനായി ജനിക്കുന്നില്ല. കുട്ടികൾ വളരണം, അറിവ് സമ്പാദിക്കണം, ചിന്തിക്കണം, തുടർന്ന് ഭൗതിക ആത്മീയ മാർഗ്ഗങ്ങളിൽ മുന്നേറണം. ഇതിന് കുട്ടികളുടെ സ്വാഭാവിക ക്രിയാത്മകത, മുതിർന്നവരുടെ പ്രചോദനം / മാർഗ്ഗദർശനം എന്നിവ ഏകദേശം സന്തുലിതം (Balance) ആയാൽ മാത്രം പോര ! അച്ഛനമ്മമാരുടേയും ഗുരുക്കളുടേയും ഗുണകര രചനകളുടേയും പങ്കിന് മുൻതൂക്കം അനിവാര്യമാണ്. ഇവിടെ (Science) ശാസ്ത്രത്തിലോട്ട് ചെറു വ്യതിചലനം/ദിശമാറ്റം ആവശ്യമാണ് !

സുമാർ 8,000 മൈൽ വ്യാസം (Diameter) ഉള്ള നമ്മുടെ ഭൂമിയുടെ ഉപരിതലത്തിൽ എല്ലാ ജീവികളും വസ്തുക്കളും ഉണ്ട്. ഭൂമി 24 മണിക്കൂറിൽ ഒരുവട്ടം കറങ്ങുന്നു. അതായത് സുമാർ 24,000 മൈൽ ചുറ്റളവുള്ള ഉപരിതലത്തിലെ എല്ലാം തന്നെ, ഭൂമദ്ധ്യത്തിൽ നിന്ന് 4000 മൈൽ വ്യാസാർദ്ധം (Radius) ദൂരത്ത്, 1000 മൈൽ പ്രതി മണിക്കൂർ വേഗത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത് നാം അറിയുന്നില്ല ! ഒരു കയറിൽ കല്ലു കെട്ടി ചുഴറ്റുമ്പോൾ കല്ല് വട്ടത്തിൽ കറങ്ങുന്നുണ്ട്. കയർ പൊട്ടിയാലോ, നമ്മൾ കയർ വിട്ടാലോ കല്ല് പുറത്തേക്ക് തെറിച്ചുപോകുന്നു. (കായിക മത്സരത്തിലെ Hammer Throw ഒരു ഉദാഹരണമാണ്.) ഭൂമിയുടെ ഉപരിതലത്തിലുള്ള എല്ലാം തന്നെ ഇതുപോലെ, പുറത്തേക്ക് Centrifugal Force അനുഭവിക്കുന്നു. എന്നാൽ അതിന്റെ ഒപ്പം തന്നെ, എതിർ ദിശയിൽ ഭൂമിയുടെ ധ്രുവാകർഷണം (Centripetal force/Gravitational force) – നമ്മൾ ഘനം/തൂക്കം എന്നു മനസ്സിലാക്കുന്നത് – കാരണം, ജനനം തൊട്ടു മരണം വരെ ഈ സന്തുലിതാവസ്ഥ, നമ്മെ അപകടം ഇല്ലാതെ കഷ്ടിച്ച് ജീവിച്ചുകഴിയാൻ സഹായിക്കുന്നു. എന്നാൽ ഈ ഭൗതിക മേഖലയിലും തന്നെ, നമ്മൾ 'പ്രഗതി' തേടുമ്പോൾ സ്വാഭാവിക പ്രവണതയെ ഉചിത വഴിക്ക് നിയന്ത്രിച്ചു ശക്തപ്പെടുത്തണ്ട ആവശ്യം വരുന്നു എന്നത് സ്പഷ്ടം അല്ലെ ?

മൗലിക മാനവ മൂല്യങ്ങളുടെ ആധാരത്തിലുള്ള ആത്മീയ/ ആന്തരിക /മാനസിക പ്രഗതിക്ക് അച്ഛനമ്മമാർ/ഗുരുക്കൾ/ഗുണകര രചനകൾ എന്നിവയുടെ പങ്ക് എളുപ്പത്തിൽ കണക്കിട്ട്, വിലയിട്ട് തീരുമാനിക്കാൻ സാധിക്കുകയില്ല. ഇവിടെ വ്യാപാര മേഖലയിലെ ന്യായം, Laissez Faire (ഇടപെടൽ കൂടാതെ പൂർണ്ണ സ്വാതന്ത്ര്യം) ഓ, Caveat Emptor (വാങ്ങുന്നവൻ സൂക്ഷിച്ചുകൊള്ളട്ടെ!), തീരെ വർജ്ജ്യം അല്ലെ ??

ഇക്കാലത്ത് ആർക്കും സമയമില്ല. എല്ലാവരും busy ആണ്. 24 മണിക്കൂർ സമയം ആരും ചുരുക്കിയിട്ടില്ല. പലതരത്തിൽ പ്രലോഭനങ്ങൾ സൃഷ്ടിച്ചുപരക്കം പായുന്നതും നാം തന്നെയല്ലെ ? സ്വാർത്ഥപരത വർദ്ധിച്ചുകൊണ്ടല്ലെ വരുന്നത് ? ത്യാഗമനസ്ഥിതി തീരെ നീക്കിവെച്ചിരിക്കുകയല്ലെ ഇന്നത്തെ 'Each one to momself and devil take the hindmost' (തന്നെ മുന്നോട്ട് ! പിന്നിട്ടവനെ ചെകുത്താൻ പിടിച്ചോട്ടെ !) എന്ന മനസ്ഥിനി കാരണം, ഫ്രാൻസിസ് പുണ്യവാളന്റെ പ്രാർത്ഥനയിലെ '...It is in giving that we receive... ആര് മാനിക്കുന്നു ?

ഇന്ന് അച്ഛനമ്മമാർ ധർമ്മസങ്കടത്തിലാണെന്ന് ഒട്ടും സംശയമില്ല. അച്ഛൻ/അമ്മ അധികം നിർബന്ധിച്ചാൽ അമ്മ/അച്ഛന്റെ ഓരത്തേക്ക് ചാഞ്ഞാലോ ??... എന്തുവന്നാലും തന്നെ സ്വാർത്ഥപരത വെടിഞ്ഞു, ത്യാഗമനസ്സോടെ ഇത്തരം (സ്വല്പം!)മൗഢ്യം/രസക്കേട് നേടാൻ ഉള്ള അപകടസാധ്യതയെ ഒരു വെല്ലുവിളിയായി സ്വീകരിച്ചു, സഹിച്ചു, കടമയെ നിറവേറ്റാതെ ഭാവിയെ അന്ധകാരത്തിൽ നിന്ന് മോചിപ്പിക്കാൻ സാധ്യമല്ല. ഇത് ലോകത്തെ നന്നാക്കാൻ ശ്രമമല്ല. നമ്മുടെ ആശ്രിതരെ നല്ലവഴിക്ക് നയിക്കാൻ ശ്രമിച്ചു. നമ്മുടെ ചുറ്റുവട്ടത്തിൽ തന്നെ ഒരു ചെറുസ്വർഗ്ഗത്തെ – സ്വന്തം കാഴ്ചപ്പാടിന്റെ മാറ്റത്താൽ – സൃഷ്ടിക്കാൻ പ്രയത്നം അല്ലെ ? ലോകത്തെ തന്നിഷ്ടപ്രകാരം വളച്ചെടുക്കാൻ ശ്രമം. ഈ ആണവയുഗത്തിലെ ഭ്രമമല്ലെ ? സർവ്വഹിതത്തിനായി സ്വയം മാറ്റി പുനർഘടിപ്പിക്കാനുള്ള ഗാന്ധിജിയുടെ നിർദ്ദേശം മറക്കാമോ ?

ലേഖകന്റെ ശ്രമം ഒരുപക്ഷെ ആധുനിക പാശ്ചാത്യ മനശ്ശാസ്ത്രജ്ഞൻ എഴുതിയ പുസ്തകത്തെ ആസ്പദമാക്കി പുറപ്പെടുവിച്ച അഭിപ്രായമായിരിക്കാം. ഞാൻ ആ പുസ്തകം വായിച്ചിട്ടില്ല. സ്നേഹം നിറഞ്ഞ, സ്വാർത്ഥരഹിതമായ, തമിഴ് സിനിമാ പാട്ടിലെ 'അടിയ്ക്കര കൈ താൻ അണയ്ക്കും...' എന്നതുപോലെ, പണ്ടുകാലം തൊട്ടുള്ള പോറ്റൽ, നല്ലതെ ചെയ്യുള്ളു എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

2. 'ചാരിത്ര്യം വിശ്വാമിത്രനില്ലെ മാഷെ ?' പേജ് 37, പ്രമോദ് മഞ്ചേരിയുടെ കഥ വായിച്ചപ്പോൾ തോന്നിയതാണ്.

വിദ്യാലയങ്ങളിൽ ഭാഷാജ്ഞാനം വർദ്ധിപ്പിക്കാനും ചിന്തിക്കാൻ പ്രേരണയുമായി Debates (വാദങ്ങൾ/തർക്കങ്ങൾ) നടത്തുന്നത് സാധാരണമായിരുന്നു. ഒരേ വിഷയത്തിന്റെ ഇരുപുറവും പരിശോധിച്ചുള്ള തർക്കം, ഗുരുനാഥന്റെ കർശനമായ മേൽനോട്ടത്തിൽ, (അതുപോ

ലെത്തന്നെ കോടതികളുടെ ഇത്തരം മേൽനോട്ടത്തിൽ വക്കീൽമാരുടെ വാദ-പ്രതിവാദം) നടക്കുന്നുണ്ട്. കർശനമായ നിയന്ത്രണമില്ലെങ്കിൽ അനാവശ്യ മുഷിച്ചിലും, സമയനഷ്ടവും/വ്യതിചലനവും ഉണ്ടാവുന്നു.

പുരാണത്തിലെ കെട്ടുകഥകൾ അവയുടെ മൂല, ഗുണകര ഉദ്ദേശത്തെ സ്പഷ്ടമാക്കാൻ രചിച്ചവയാണ്. ഇവയിൽ വാസ്തവികത കുറവായിരിക്കും. ഇവയിലെ കാല്പനിക സൃഷ്ടികളെക്കുറിച്ച് തർക്കവും വിവാദവും ഒഴിവാക്കുകയാണ് ഭേദം! വിഷ്ണു നാലുകൈകളിൽ ശംഖം, ചക്രം, ഗദ, പങ്കജം എന്നിവ പിടിച്ചു 'ഗരുഡൻ' Airlines ൽ (ദേവലോകത്തിലെ വാഹനം, ഇൻഡോനീഷ്യൻ വിമാനം അല്ല !) സഞ്ചരിക്കുമ്പോൾ, 'തലയോ പൃഷ്ഠമോ ഏത് കൈകൊണ്ട് ചൊറിയും, മാഷേ', എന്നും മറ്റുമുള്ള അനാവശ്യ/അനുചിത ചോദ്യങ്ങൾ വർജ്ജ്യം അല്ലേ ??

തർക്കവിഷയത്തിൽ കർശനമായ നിയന്ത്രണമില്ലെങ്കിൽ വിഷയത്തിൽ നിന്ന് എളുപ്പം വ്യതിചലിച്ചു ക്ഷോഭം ഉണ്ടാവും !

സരസ്വതിവിലാസം (വാചാലത!) വർദ്ധിച്ച ഇന്ന്, ചുമതലാബോധം അത്രയും തന്നെ കുറഞ്ഞുവരുന്നു ഇന്ന്, ഗാഢമായി ചിന്തിക്കാൻ ശ്രമിക്കാത്ത ഇന്ന്, നിരുത്തരവാദപരമായ (irresponsible) പ്രസ്താവനകളും (ഹാസ്യം!) മറ്റും അധികമായി വരുന്നുണ്ട്. ഇവ ദോഷമല്ലാതെ ഗുണം ചെയ്യുമോ ? അനാവശ്യ, സത്യം വിട്ട, പാണ്ഡിത്യ പ്രദർശനവും കവിതാ കൗശലവും, (Self Aggrandizement) ഒരുതരം സ്വന്തം പുകഴ്ത്തൽ ശ്രമം അല്ലെ ? ചിന്തിക്കുക. ഇന്ന് അധികം പ്രചാരം ലഭിച്ച വിഷയങ്ങളാണ് സ്ത്രീ സമത്വം, തുല്യാവകാശം, സ്ത്രീ സ്വാതന്ത്ര്യം, സ്ത്രീ പീഡനം, പുരുഷമേധാവിത്വം, ഏക തത്ത്വ പുസ്തകം 7 ലക്കം 5 ഏപ്രിലിലെ ഐശ്വര്യ എസ്. മേനോന്റെ 'തന്റേടവും തന്റെ ഇടവും' എന്നതിലെ '...സ്ത്രീകൾ അടുക്കളക്കാരികൾ - തത്തമകൾ.' എന്നതും, ഏക തത്ത്വയുടെ പ്രശസ്ത കവയിത്രിയുടെ പാണ്ഡിത്യം നിറഞ്ഞതും പ്രകോപനസാധ്യത (Provocative) യുള്ളതും ആയ കവിതകളും അഭിപ്രായങ്ങളും ! ഇത്തരം വിഷയങ്ങളിൽ ഉത്തേജകമായ ഈ 'കാണിക്ക' (Offering) ഒരുപക്ഷെ ഒഴിവാക്കുന്നത് ഗുണകരമാണ് എന്ന് ഞാൻ താഴ്മയോടെ അഭ്യർത്ഥിക്കുന്നു.

പ്രകൃതിയിലെ എല്ലാ ജലാശയങ്ങളുടേയും അടിത്തട്ടിൽ ചെളി /മണ്ണ് ഉണ്ട്. നമ്മുടെ കൃത്രിമ ജലാശയങ്ങളിലും തന്നെ Silt വന്നു കൂടുന്നു. ഒന്നുകിൽ നാം ഈ ചെളിയെ പാടെ നീക്കാൻ ശ്രമിക്കണം. ഇത് അത്ര എളുപ്പമല്ല അല്ലെങ്കിൽ വെള്ളത്തെ കലങ്ങാനനുവദിക്കാതെ തെളിഞ്ഞ വെള്ളത്തെ, സർവ്വജന ക്ഷേമത്തെ മുൻനിർത്തി, ശ്രദ്ധയോടെ, ചുമതലാബോധത്തോടെ പങ്കിടണം. സ്വാർത്ഥപരത എവറസ്റ്റ് ശിഖരത്തിൽ എത്തിയ ഇന്ന്, മാധ്യമങ്ങൾ സ്വന്തം TRP (ജനപ്രീതി ഉയർത്തി ധനമുണ്ടാക്കാനുള്ള 'അടവ്' !) ഉയർത്താനും, സമുദായ നന്മയ്ക്കായുള്ള ജാഗരൂകത 'ദർശിപ്പിക്കാനും', അധമ/അശ്ലീല സംഭവങ്ങളെ 'നിർമ്മിച്ചു', മസാലയും പൊടിപ്പും തൊങ്ങലും ചേർത്തു വിളമ്പിവരുന്നു. ജലാശയത്തിലെ ചെളിയെ കലക്കി ദർശിപ്പിച്ചത് കൊണ്ടുമാത്രം ക്ഷേമമുണ്ടാവുമോ ? സമുദായത്തിലെ ച്യുതികളെ തീർച്ചയായും തന്നെ മറച്ചുവെക്കരുത്. എന്നാൽ അവകാശവാദം മാത്രം മുഴക്കി, കടമ മറന്ന്, കുബേരാരാധന നടത്തുന്നത് ഘൃണായോഗ്യമല്ലേ? വർജ്ജ്യം അല്ലേ ? Dr. Schumacher ടെ വരികൾ 'സീമിത ഭൂസ്വത്തുക്കൾ ഉള്ള ഇവിടെ, Self Limiting Principle (സ്വയം ശമനം) ഇല്ലാത്ത' ആധുനിക ഭൗതികത, തീരെ അനുചിതമല്ലെ ? ചിന്തിക്കുക ! ഉണരുക !!

വേറൊരു മുഖ്യവിഷയം. മനുഷ്യശ്രദ്ധയുടെ കാലയളവ് കുറഞ്ഞുകൊണ്ടുവരുന്ന ഇന്ന്, ഒരു ഉദാഹരണം. ഏക തത്ത്വ പുസ്തകം 7 ലക്കം 8 പേജ് 41ൽ 'മുരിങ്ങയേകിയ ജീവജലം' എന്ന ഉത്തമ ലേഖനത്തിനുശേഷം കഷ്ടിച്ചു മൂന്നുവർഷം കഴിഞ്ഞിട്ടും ഫിറോസ്പൂർ മേവിലെ അതിശയകര മാറ്റത്തെപ്പറ്റി ഒരു വർത്തമാനവും ഇല്ല ! ഇതിന് വിളക്കം ലേഖകനിൽ നിന്ന് ഉദ്ദേശിക്കാമോ ?? നന്ദി.

3. ഗാന്ധിജിയെ പാടെ മറന്ന മുതിർന്നവർക്കും, യുവ തലമുറക്കും, അറിവിനായി എഡിറ്റർ ബിന്ദു എഴുതി വരുന്ന ചെറു ലേഖനങ്ങൾക്ക് ഹൃദ്യമായ കടപ്പാടും ആഭാരവും പ്രകടിപ്പിക്കുന്നു. തുടർന്ന് ' Gandhi മുതൽ I വരെ - പ്രഗതി പിന്നോക്കം' എന്നതിനെ കൂടുതൽ ഊന്നൽ കൊടുക്കാൻ ബിന്ദുവിനോട് അപേക്ഷിക്കുന്നു. (ഏക തത്ത്വ പുസ്തകം 3 ലക്കം 3 ഫെബ്രുവരി 2013 ആവർത്തിക്കുക)

എം. എം മേനോൻ, 0491-2572939

---

Dear Mr. Muralidharan,

ഞാൻ ഏക തത്ത്വ വായിക്കാറുണ്ട്. വിഷയങ്ങളിൽ നല്ല വൈവിധ്യവും നിലവാരവും കാണുന്നു. എല്ലാ ഭാവുകങ്ങളും നേരുന്നു. സ്നേഹാദരങ്ങളോടെ,

മുകുന്ദൻ കുറുവട്ടൂർ, 9048160748

**മറുപടി**

കഥകളും കവിതകളും ഹ്രസ്വമാകുവാൻ ശ്രദ്ധിക്കുക. രചനകൾ വൃത്തിയായി വായിക്കാൻ പറ്റും വിധം എഴുതി അയ്ക്കുക. നല്ല രചനകൾ മാത്രമയ്ക്കുക. തപാലിൽ എല്ലാ മാസവും പതിനഞ്ചാം തിയതിയ്ക്കകം മാസിക കിട്ടാത്ത പക്ഷം വരിക്കാർ മടി കൂടാതെ 9446443321 എന്ന നമ്പറിലേക്ക് വിളിച്ചറിയിക്കുകയോ SMS ചെയ്യുകയോ ചെയ്യുക. വരിസംഖ്യ യഥാസമയം പുതുക്കുക. കൂട്ടുകാരെ കൂടി വരിക്കാരാക്കി ഈ സംരംഭത്തെ ശക്തിപ്പെടുത്തുവാൻ ശ്രമിക്കുമല്ലോ. അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ ഏവർക്കും നന്ദി.

എഡിറ്റർ

**രചനകളും അഭിപ്രായങ്ങളും അയയ്ക്കേണ്ട വിലാസം :**

ഏക തത്ത്വ
എ-9, ന്യൂ സിവിൽ നഗർ,
സിവിൽ സ്റ്റേഷനു പുറകുവശം,
പാലക്കാട് - 678001.
or
ഏക തത്ത്വ
പോസ്റ്റ് ബോക്സ് നമ്പർ - 70
പാലക്കാട് - 678001

■ കഥ



കൃഷ്ണ എഴക്കാട്
9847469166

# നോക്കുകൂലി

**പ്രൊ**ഫ. മധുരാക്ഷൻ പിള്ള (പ്രായം 65) കുളി കഴിഞ്ഞ് അമൃതേത്തും കഴിഞ്ഞ് ഉമ്മറത്തെ ചാരുകസേരയിൽ വിശ്രമിച്ചു. കാര്യസ്ഥൻ വാസു ഡയറി എടുത്ത് ഓല വായന തുടങ്ങി.

രാവിലെ 10 മണി : വാർഡിലെ പുതിയ വായനശാല ഉദ്ഘാടനം.
12 മണി : സമൂഹവിവാഹച്ചടങ്ങിൽ മുഖ്യാതിഥി.
3 മണി : വാർദ്ധക്യകാല പെൻഷൻ വർദ്ധനക്ക് പ്രകടനം.
6 മണി : ദേശക്കൂത്ത് കൂറയിടൽ കമ്മിറ്റി യോഗം.
9 മണി : ചാനൽ ചർച്ച. വിഷയം - നോക്കൂകൂലി ന്യായമോ ?

റിട്ടയർ ചെയ്തശേഷം വായനയ്ക്ക് അശേഷം സമയം കിട്ടാത്ത പ്രൊഫസർ മധുരാക്ഷൻപിള്ള വായനയുടെ ആവശ്യത്തെക്കുറിച്ച് പുതിയ തലമുറയെ ഉദ്ബോധിപ്പിച്ചു. നവാഗത എഴുത്തുകാരൻ രാജേന്ദ്രന്റെ എത്രാമത്തെ പുസ്തകമാണെന്നറിയില്ല. എങ്കിലും പ്രകാശനം ഗംഭീരമാക്കി. പറയാൻ വാക്കുകളില്ലാത്തതിനാൽ നിറഞ്ഞ സദസ്സിനും നല്ല ഉച്ചഭാഷിണിക്കും കടുപ്പൻ ചായയ്ക്കും പഴഞ്ചൊല്ലുകൾക്കും പെയ്യാത്ത മഴയ്ക്കും വരണ്ട കാറ്റിനും പാടിപ്പുകഴ്ത്തൽ നടത്തി. കൈയ്യടി തേടി. ഓരോ പുകഴ്ത്തലിനും 500 രൂപ വെച്ച് 1 മണിക്കൂർ പ്രസംഗത്തിന് 5000 രൂപ വാസുവഴി ശീട്ടാക്കി ! (വട അല്പം കൂടി വലുപ്പമാകാമായിരുന്നു എന്ന് മാത്രം കുണ്ഠിതം)


മിശ്രവിവാഹിതനായ മകനെ പുറത്താക്കി എങ്കിലും സമൂഹ നന്മ ലാക്കാക്കി സമൂഹവിവാഹം നടത്താൻ മുഖ്യവേഷം ധരിച്ചു. (സദ്യകേമം പായസത്തിൽ മധുരം അല്പം കൂടി ആവാം) പോക്കുവരവ് കൂലി 2000 വാസുവഴി ബാഗിലാക്കി, കക്ഷത്തിടുക്കി. ഉച്ചമയക്കം പൂച്ചമയക്കം. വാർദ്ധക്യത്തിൽ പെൻഷൻ വർദ്ധന അനാവശ്യമെന്ന് പ്രകടനത്തിൽ ഊന്നിപ്പറഞ്ഞു. വയസ്സായവരല്ലെ ! തന്നത് 1000 എങ്കിലും വാങ്ങിപ്പോയി.

ദേശക്കൂത്ത് കമ്മിറ്റിയിൽ ധനകാര്യം തന്നെ കൈക്കലാക്കി തൃപ്തിയായി. പിന്നെ ചാനൽ ചർച്ചയ്ക്ക് ചന്തക്കാരനായി. അന്നത്തെ നോക്കൂകൂലി ബാഗിൽ നിന്നെടുത്ത് എണ്ണിത്തിട്ടപ്പെടുത്തിക്കൊണ്ട് തനിക്കുള്ള ഓഹരി മനസ്സിൽ കണക്ക് കൂട്ടി ശിങ്കിടി വാസു ഊറിച്ചിരിച്ചു. അപ്പോഴും ചാനൽ ചർച്ച കൊഴുക്കുന്നുണ്ടായിരുന്നു. വിഷയം - നോക്കു കൂലി ന്യായമോ ?

●

■ കഥ

സുരേഷ് തെക്കീട്ടിൽ
9446330957



# എന്റെ ചോദ്യം

**വ**നിച്ചു വാടിത്തളർന്ന് തങ്കമ്മയുടെ നെഞ്ചോടൊട്ടികിടക്കുന്ന മകളെ കണ്ടുകൊണ്ടുതന്നെയാണ് തങ്കപ്പേട്ടൻ വീട്ടിൽ നിന്നിറങ്ങിയത്. സൂക്ഷിച്ചുവെച്ചിരുന്ന മുഷിഞ്ഞ നോട്ടുകൾ തങ്കപ്പേട്ടന്റെ കൈകളിലേക്കു കൊടുക്കുമ്പോൾ തങ്കമ്മ ദയനീയമായി പറയുകയും ചെയ്തു.

"കുട്ടിക്ക് മരുന്ന് എത്തിച്ചിട്ട് നിങ്ങൾ എങ്ങോട്ട് വേണമെങ്കിലും പെയ്ക്കോ."

ഇരുട്ടു പരക്കാൻ തുടങ്ങിയിട്ടും കാണാതെ വന്നപ്പോഴാണ് മകളേയും താങ്ങി അടുത്ത വീട്ടിലെത്തി തങ്കമ്മ ഫോൺ ചെയ്തത്. ഫോൺ ദേഷ്യത്തോടെ കട്ട്. തങ്കപ്പേട്ടൻ സഹകുടിയൻമാരുടെ ചർച്ചയിൽ ആവേശത്തോടെ പങ്കെടുത്ത് തന്റെ ശക്തമായ അഭിപ്രായം ഇങ്ങനെ രേഖപ്പെടുത്തി .

"എന്റെ ചോദ്യം അമേരിക്കയോടാണ്."

# അതിർത്തികൾ

"എന്തൊക്കെയായാലും പ്രഭാഷണത്തിന് കഴിഞ്ഞ വർഷം വന്ന കക്ഷി തന്നെ മതി. അയാളൊരു മുതലുതന്നെ. ഒരുകൊല്ലം കഴിഞ്ഞിട്ടും ഇപ്പഴും ഓർമ്മയിൽ നിൽക്കുന്നുണ്ട് ആ പ്രഭാഷണം. എന്താ വാക്കുകൾ എന്താ ഗാംഭീര്യം."

"അത് ശരിയാ അങ്ങേര് സംഭവം തന്നെ. അതിർത്തികൾ ഇല്ലാതാകണം. അങ്ങനെ ഒരു സുന്ദരലോകം രൂപപ്പെടണം പ്രദേശങ്ങളുടെ അതുവഴി മനുഷ്യമനസ്സുകളുടെ അതിർത്തികൾ ഇല്ലാതാകണം. അങ്ങനെ വിശാലമായ കാഴ്ചപ്പാടുകൾ രൂപപ്പെടണം. ലോകത്തിന്റെ ഏതു കോണിലുമുള്ള മനുഷ്യരും ഒന്നാണെന്ന യാഥാർത്ഥ്യം ബോദ്ധ്യപ്പെട്ട് ആ ചിന്തയിലേക്ക് വളരണം. അതാണ് കാലം ആവശ്യപ്പെടുന്നത്. ഇപ്പഴും മനസ്സിലങ്ങനെ മുഴങ്ങുകയാണ് ആ വരികൾ. അദ്ദേഹംതന്നെ മതി. സംശയമേ വേണ്ട."

"എന്നാൽ പിന്നെ താമസിക്കണ്ട. കിട്ടണമെങ്കിൽ നേരത്ത പോയി ഏൽപ്പിക്കണം."

പിറ്റേന്ന് നേരിട്ട് കാണാൻ ചെയ്യാൻ പോയവർ വന്ന് നിരാശയോടെ അറിയിച്ചു.

"അത് നടക്കില്ല മൂപ്പര് വരില്ല."

"അതെന്താ പൈസയുടെ പ്രശ്നമാണോ എങ്കിൽ അത് വിഷയമാക്കണ്ട മൂപ്പര് തന്നെ വേണം."

"പണത്തിന്റെ പ്രശ്നമൊന്നുമല്ല. കാല് ഒടിഞ്ഞു ആകെ പരിക്കും പറ്റി കിടപ്പാ. അയൽവാസികള് പഞ്ഞിക്കിട്ടതാ. അതിർത്തിതർക്കം. തല്ലും പിടിയും കേസും കൂട്ടവും. അവരുടെയാരുടേയോ വേലിക്കുറ്റി പുഴക്കിയെന്നോ അതിർത്തി മാന്തിയെന്നോ...

●

# പ്രിയപ്പെട്ട കുഞ്ഞമ്മായിക്ക്...

രചന : ഡോ. റാണി ബിനോയ്
നിരൂപണം : അശോകൻ രാജീവം
9447533850



**എത്രയും പ്രിയപ്പെട്ട വായനക്കാർക്ക്,**

എത്രനാളുകളായി - അല്ല വർഷങ്ങളായി ഇത്തരത്തിൽ ഒരു സംബോധന ചെയ്ത് കത്തെഴുതീട്ട്... കാലത്തിന്റെ കുത്തൊഴുക്കിൽ നമ്മുടെ ഭാഷാസാഹിത്യത്തിന് കൈമോശം വന്നതിൽ ഒരുഭാഗം ഇത്തരം കത്തുകളാണ്. പണ്ട് നിത്യവും പോസ്റ്റുമാന്റെ സൈക്കിൾ മണിയൊച്ച കേൾക്കുവാനായി കാത്തിരിക്കാത്ത യൗവ്വനങ്ങളുണ്ടായിരുന്നില്ല. സുഖ ദുഃഖ സമ്മിശ്രങ്ങളായ വിശേഷങ്ങൾ കോർത്തിണക്കി വെച്ചുകൊണ്ടുള്ള ഇളംനീല ഇൻലന്റ് കത്തുകളും, അരികുകളിൽ ചുവപ്പും വെള്ളയും കോഡുകളിൽ അലങ്കരിച്ചിട്ടുള്ള ദുബായ് കത്തുകളും കൊണ്ട് അഞ്ചലുകാരൻ അരികെയെത്താനായി കണ്ണിലെണ്ണയും ഒഴിച്ച് കാത്തിരിക്കാനൊരു പ്രത്യേകസുഖം തന്നെയാണെന്ന് പറയേണ്ടതില്ലല്ലോ.


വായനയുടെ രസച്ചരട് ഒരിടത്തുപോലും പൊട്ടിപ്പോകാതെ ഡോക്ടർ റാണി ബിനോയ് പത്തറുപത് കത്തുകളിലൂടെ തന്റെ കുഞ്ഞമ്മായിക്ക് എഴുതിയ വിശേഷങ്ങളാണ് ഈ പുസ്തകം. വായനക്കാർ പലതരം അഭിരുചികൾ പ്രകടിപ്പിക്കുന്നവരാണ്. ഇതൊരു പക്ഷെ ഒരു തുടർക്കഥയോ നോവലോ ആണെന്ന് എഴുത്തുകാരിയും അവകാശപ്പെടുന്നില്ല. എന്നിരിക്കിലും സാഹിത്യത്തിൽ ഒരുപുതിയ മേഖല ഉണ്ടാക്കിയെടുക്കുവാൻ എഴുത്തുകാരി ഒരു ഭഗീരഥ പ്രയത്നം തന്നെ നടത്തിയിരിക്കുകയാണ് എന്ന കാര്യത്തിൽ തർക്കമില്ല.

ആദർശ ശുദ്ധിയിൽ നിന്നും വ്യതിചലിക്കാതെ നിലപാടുകൾ സ്വീകരിക്കേണ്ടി വരുമ്പോൾ പ്രായോഗികത കൂട്ടായി കൊള്ളണമെന്നില്ല. അത്തരം സന്ദർഭങ്ങളിൽ പലരുടേയും അപ്രീതിക്ക് പാത്രമാകേണ്ടി വന്നേക്കാം. അത്തരക്കാർ പല വിധത്തിൽ കുറ്റപ്പെടുത്താനും ദുരാരോപണങ്ങൾക്കും ശ്രമിച്ചേക്കാം. അവയ്ക്കുള്ള മറുപടിയായി ഈ കത്തെഴുത്തുകളെ കാണണം. സാഹിത്യത്തിന്റെ ഉത്തുംഗത്തിൽ ഇത്തരം നവപ്രതിഭകൾ വളർന്നുവരേണ്ടത് ഭാഷയുടെ ചൈതന്യം നിലനിർത്തി കൊണ്ടാവണം എന്ന കാര്യത്തിൽ ഉത്തമ ബോധമുള്ളയാളാണ് ഈ എഴുത്തുകാരി എന്ന് ഈ പുസ്തകത്തിന്റെ ഇതളുകളിലൂടെ മുന്നേറുമ്പോൾ നമുക്ക് മനസ്സിലാകുന്നുണ്ട്.

ഒരുനല്ല കഥ, ഒരുനല്ല കവിത, അല്ലെങ്കിൽ ഒരു നല്ല നോവൽ ഒക്കെ എഴുതാൻ പ്രത്യേകിച്ച് ഒരു നിയമസംഹിതയും യാതൊരു ഭാഷയിലും ഇല്ല. പ്രസ്താവനകൾക്കനുസരിച്ച് സാഹിത്യ രചന നടത്താൻ ഒരു എഴുത്തുകാരനും മിനക്കെടാറില്ല. കാലഘട്ടങ്ങൾ പരിശോധിക്കുമ്പോൾ കഥയിലായാലും കവിതയിലായാലും മറ്റേത് സാഹിത്യ കലാമേഖലകളിലായാലും പുതുമയ്ക്കാണ് എന്നും വിജയമുണ്ടായിട്ടുള്ളത് എന്ന് മനസ്സിലാക്കാം.

അത്തരത്തിലൊരു പുതുമ പരീക്ഷിക്കാൻ തുനിഞ്ഞിറങ്ങിയ പ്രിയ എഴുത്തുകാരിക്ക് ഒരു ബിഗ് സല്യൂട്ട് നൽകുന്നതിനോടൊപ്പം ഇനിയും പുതിയ പുതിയ രചനകൾ ഇവരിൽ നിന്നും മലയാള സാഹിത്യത്തിലേക്ക് ഉണ്ടാവട്ടെ എന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു. ഇത്രമാത്രം

സ്നേഹത്തോടെ
സഹൃദയനായ ഒരു വായനക്കാരൻ.



ശ്രീമതി. റാണി ബിനോയ് - 9249732652
വില - 190 രൂപ, പേജ് - 192
പ്രസാധകർ - അക്ഷരശ്രീ, കോട്ടയം

■ കഥ



## വാട്ട്സാപ്പ്

ഉല്ലല ബാബു
9645267545, 9349793355

**അ**മ്മയ്ക്ക് ദീനം കൂടുതലാണ് അച്ഛൻ അറിയിച്ചു. ഏക മകൾ അമ്മയെ കാണാൻ ദീഘ ദൂരം കാറോടിച്ച് വീട്ടിലെത്തി. കാറിൽ ഇരുന്നുകൊണ്ടു മകൾ ശ്രദ്ധിച്ചു, വീട്ടുമുറ്റത്ത് ആൾകൂട്ടം ഒന്നും ഇല്ലല്ലോ. പിന്നെ എന്തിനാ ഇത്ര തത്രപ്പെട്ട് അച്ഛൻ തന്നെ വിളിപ്പിച്ചത്. വൈകുന്നേരം വരെ അമ്മയുടെ അടുക്കൽ കഴിച്ചുകൂട്ടി. അതിന്റെ വീർപ്പുമുട്ടലുകൾ അവളുടെ മുഖത്ത് പ്രകടമായിരുന്നു. പോകാൻ നേരം മകൾ അച്ഛനെ ഓർമ്മപ്പെടുത്തി.- "അച്ഛാ എപ്പോഴും എനിക്ക് ഓടി വരാൻ പറ്റില്ല. ചേട്ടനും എനിക്കും ഓഫീസിൽ പോകണം. കുട്ടികളെ സ്കൂളിൽ വിടണം. വീട്ടുജോലി വേറെ. അമ്മയ്ക്കു എന്തെങ്കിലും വിശേഷം ഉണ്ടായാൽ എന്റെ ഫോണിലേക്ക് ഒരു മെസേജ് അയക്കുക. അല്ലെങ്കിൽ വാട്ട്സാപ്പിൽ അമ്മയുടെ ഫോട്ടോ ഇടുക." ഇത്രയും പറഞ്ഞിട്ട് ജീൻസിന്റെ പോക്കറ്റിൽ കൈതിരുകി മകൾ കാറിനടുത്തേക്ക് നടന്നു.

■ പുസ്തകപരിചയം

# നാട്ടിടവഴികളിലെ മരത്തണലുകൾ

എം. എൻ. ലതാദേവി
9400852274

**വാ**യന നമുക്ക് അറിവും ആനന്ദവും നൽകുന്നവയായിരിക്കണം എന്നാണ് പൊതുവേ പറയപ്പെടുന്നത്. അറിവെന്നാൽ വലിയ വലിയ കാര്യങ്ങളെക്കുറിച്ചുള്ള അറിവുകൾ മാത്രമല്ല നമ്മളെക്കുറിച്ചും നമുക്ക് ചുറ്റുമുള്ളവരെക്കുറിച്ചുമുള്ള ഒരു തിരിച്ചറിവ് കൂടിയായിരിക്കണം അത്. അത്തരത്തിലുള്ള ചില തിരിച്ചറിവുകളാണ് ശ്രീ. പ്രകാശിന്റെ കഥകൾ.

ശ്രീപ്രകാശ് ഒറ്റപ്പാലത്തിന്റെ നാലാമത് കഥാസമാഹാരമാണ് 'ഓൻ ഞമ്മന്റാളാ' പേരുപോലെത്തന്നെ ഈ കഥാസമാഹാരത്തിലെ ഒമ്പതു കഥകളിലേയും കഥാപാത്രങ്ങൾ നമ്മളോ നമ്മുടെ ആരെങ്കിലുമൊക്കെയോ ആണ്.

'മറക്കില്ലട്ടോ ങ്ങളെ ഞാൻ' 'എന്റെ ഗോപാലമ്മാവോ ഏട്യാങ്ങളിപ്പോ' 'ഓൻ ഞമ്മളന്റാളാ' എന്നിങ്ങനെ ഗൃഹാതുരത്വം അനുഭവിപ്പിക്കുന്ന തലക്കെട്ടുകളാണ് ഈ കഥകളുടേത്. തലക്കെട്ടുകളിൽ മാത്രമല്ല കഥകളിലൂടനീളം കേൾക്കാൻ സുഖമുള്ള ലളിതമായ ഗ്രാമ്യഭാഷ. 'മരങ്ങോടാ', 'കൊശവകിയ്യാ', 'കുണ്ടപ്പാ' എന്നിങ്ങനെ വിളിപ്പേരുകളിൽ തെളിയുന്ന തനിമ. സഹജമായ ഒരു നർമ്മബോധം ശ്രീപ്രകാശിന്റെ കഥകളിൽ അന്തസ്ഥായിയായി നിലനിൽക്കുന്നു.


എത്ര വലിയ കുരുത്തക്കേടുകൾ കാട്ടിയാലും നല്ലൊരദ്ധ്യാപികയ്ക്ക് തന്റെ കുട്ടികളെ കുരുതി കൊടുക്കാനാവില്ല എന്നത് ഇടിമുറികളുള്ള ചെയ്യാത്ത തെറ്റുകൾക്ക് മരണം വരെ ഏറ്റുവാങ്ങേണ്ടി വരുന്ന ഇക്കാലത്ത് ഏറെ പ്രസക്തമാണ്. സഹജമായ വാസനകളൊക്കെ ഉണ്ടെങ്കിലും കൊച്ചൊറോതയുടം തിരോധാനം എന്ന കഥയിലെ അദ്ധ്യാപികയായ ജാനറ്റ് എന്ന കഥാപാത്രം ഇത്തിരി നേരമെങ്കിലും നമ്മുടെ മനസ്സിൽ തങ്ങിനിൽക്കും.

സംശയമേതുമില്ലാതെ, മേൽവിലാസമോ തിരിച്ചറിയൽ രേഖകളോ ഒന്നുമില്ലാതെ മറ്റുള്ളവരുടെ ദുഃഖത്തിൽ, ദയനീയതയിൽ നിസ്സഹായതയിൽ അലിയുന്ന ശുദ്ധത. (എന്റെ ഗോപാലമ്മാവോ ഏട്യാ ങ്ങളിപ്പൊ) മലയാളിമാന്യന്റെ തനിനിറം കാട്ടിത്തരുന്ന ഒരു കഥയാണ് ഛരിക് പുക് ഛരിക് പുക് റെയിലേ... എന്തും വിലക്കുറവിൽ കിട്ടുമ്പോൾ ഗുണ നിലവാരം നോക്കാതെ കൈക്കലാക്കാനുള്ള നമ്മുടെ തത്രപ്പാട്. ഒന്നെടുത്താൽ ഒന്ന് ഫ്രീ എന്നുള്ള മാർക്കറ്റിങ്ങ് തന്ത്രം (ജിപ്സി)

രാഷ്ട്രീയത്തിലെ അപചയങ്ങൾ തുറന്നുകാട്ടുന്ന കഥയാണ് 'ഓൻ ഞമ്മന്റാളാ'. സ്വന്തം ആളാക്കി ഒരു രക്തസാക്ഷിയെ ഉണ്ടാക്കിയെടുക്കാനുള്ള പങ്കപ്പാട് ആൾ രക്ഷപ്പെട്ടു എന്നറിയുമ്പോഴുള്ള നിരാശയുമാണ് കഥയിൽ അവതരിപ്പിച്ചിട്ടുള്ളത്. നിരന്തരം വേട്ടയാടപ്പെടുന്ന സ്ത്രീകളുടെ രോദനങ്ങൾ ഊണിലും ഉറക്കത്തിലും അലോസരപ്പെടുത്തുന്നത് കാണാം ശ്രീപ്രകാശിന്റെ കഥകളിൽ (യാത്രയിലോ).

നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒത്തുചേരലുകളുടെ, ഉല്ലാസയാത്രകളുടെ, വിരുന്ന് സൽക്കാരങ്ങളുടെ അവധിക്കാലങ്ങൾ. കുറുമ്പുകളിലും കുസൃതികളിലും വളർന്ന സ്നേഹം മാത്രമുള്ള കുട്ടിക്കാല ഓർമ്മകൾ (അപ്പൂപ്പൻ താടി പോലെ)

ഒരുപാട് തിരക്കുകൾ നിറഞ്ഞ ഈ പുതിയ കാലത്ത് വളരെ വേഗത്തിൽ വായിച്ചുപോകാവുന്ന ചെറിയ ചെറിയ കഥകളാണ് ഈ സമാഹാരത്തിലുള്ളത്. അവനവന്റെ കാഴ്ചകൾക്കും കാഴ്ചപ്പാടുകൾക്കും അനുസരിച്ചായിരിക്കും ഓരോ എഴുത്തുകാരനും എഴുതുന്നത്. ഓരോ വായനക്കാരനും വായിക്കുന്നതും. അതുകൊണ്ടുതന്നെ ആസ്വാദനത്തിന്റെ തലങ്ങളും വ്യത്യസ്തങ്ങളായിരിക്കും. എന്നിരുന്നാലും കുടുംബബന്ധങ്ങളിലും സൗഹൃദങ്ങളിലും സർവ്വോപരി മനുഷ്യത്വത്തിലും ഉറച്ചുനിൽക്കുന്ന ശ്രീപ്രകാശിന്റെ കഥകൾ നമുക്ക് നല്ലൊരു വായനാനുഭവം തരും എന്ന കാര്യത്തിൽ സംശയമില്ല. ●



ശ്രീ. ശ്രീപ്രകാശ് ഒറ്റപ്പാലം - 9249732652
വില - 50 രൂപ,പേജ് - 40
പ്രസാധകർ - കൈരളി ബുക്സ്, കണ്ണൂർ

■ കവിത

## പുതുവർഷം

രാധാ കണ്ണൻ,
9061399852

വിരിയട്ടെ, വിരിയട്ടെ
നല്ലൊരു നാളെയും
മലരട്ടെ
തെളിയട്ടെയെൻ വാടിയിൽ
പൂക്കട്ടെ കുലകളായ്
ഉന്മത്തരാകുവാൻ
സ്നേഹമാം
വള്ളിയിലൂഞ്ഞാലാടാൻ


വെട്ടേണ്ട കൊല്ലേണ്ട ആരേയും
നിൻമനം ചാഞ്ചാടി
നിൽക്കേണ്ട ക്രൂരമായി
കാശിന്നുവേണ്ടിയോ
ചെയ്യുന്നു ക്രൂരത
വേണ്ട വേണ്ടായീ
കൊടും വഞ്ചന.

കോർക്കുവിൻ കൈകളെ
നല്ല മാറ്റത്തിനായ്
ചേർക്കുവിൻ സോദരർ
നിങ്ങൾ തൻ ശക്തിയെ
മാറ്റുവിൻ വേണ്ടാത്ത
ദുഃശ്ശീലമൊക്കെയും
ഒത്തുചേരാം
നമ്മളൊത്തൊരുമിക്കുവാൻ.

വിരിയട്ടെ പുതിയൊരു
വർഷപ്പിറവിയും
തെളിയട്ടെ പൂക്കളിൽ
നല്ല ചിത്തങ്ങളും
മലരട്ടെ പുതിയൊരു
തലമുറ തേടുവാൻ
ഒത്തൊരുമിച്ചു നാം
മുന്നേറിടാം.

■കഥ

# നിത്യകല്ല്യാണി



**ടി. കെ. ഉണ്ണികൃഷ്ണൻ**
**0491–2578098, 9447972209**

**ക**ല്യാണി മുറ്റത്തേയ്ക്കിറങ്ങി. രാവിലെ കുളിരുള്ള കാറ്റ്. തോട്ടത്തിൽ മാവിലും പ്ലാവിലും ഇരുന്ന് കിളികൾ ചിലക്കുന്നു. തൊഴുത്തിൽ കെട്ടിയ പശു അവളെ കണ്ടപ്പോൾ ഒച്ചയുണ്ടാക്കി. എന്നിട്ട് ഒപ്പം നിൽക്കുന്ന കുട്ടിയെ നക്കിക്കൊടുക്കുന്നു. മുറ്റത്തിന്റെ രണ്ടുവശത്തും വരിവരിയായി വച്ചുപിടിപ്പിച്ച ചെടികൾ പല നിറത്തിലുമുള്ള പൂക്കളുമായി മാനം നോക്കി നിൽക്കുന്നു. സൗന്ദര്യവും സുഗന്ധവും നൽകിയ ഈശ്വരനോട് നന്ദി പറയുകയാവും. മുല്ലപ്പൂക്കളുടെ മണം കാറ്റിൽ അലിഞ്ഞിട്ടുണ്ട്. ചെമ്പരത്തിപ്പൂക്കളുടെ നിറം ആരേയും ആകർഷിക്കും.


കല്യാണി ഗെയിറ്റ് തുറന്ന് പുറത്തേയ്ക്കുവന്നു. അഴുക്കുചാലിൻ വക്കത്ത് ചെടികൾ നിറയെ പൂവിട്ടുനിൽക്കുന്നു. വെളുത്തതും ചുവന്നതുമായ പൂക്കൾ. കല്യാണി അതിന്റെ അടുത്തേയ്ക്ക് നടന്നപ്പോൾ ചെടികൾ എന്തോ പറയുന്നപോലെ തോന്നി. വിഷമം നിറഞ്ഞ ഹൃദയം നോവിക്കുന്ന ശബ്ദം കല്യാണിയുടെ കാതിൽ വന്നടിച്ചു.

"കല്യാണി, ഞങ്ങൾ നിത്യകല്യാണിയാണ്. പൂക്കൾ നിറയെയുണ്ട്. കാണാൻ ഭംഗിയുണ്ട്. പക്ഷെ ആടും മാടും കടിക്കാത്ത ചെടിയാണ് ഞങ്ങൾ. ഞങ്ങളുടെ പൂക്കൾ പൂജയ്ക്ക് വയ്ക്കില്ല. സ്ത്രീകൾ തലയിൽ ചൂടില്ല. ആഘോഷങ്ങളിൽ അലങ്കരിക്കില്ല. ആരും മണത്തുനോക്കില്ല. മറ്റു ചെടികളുടെ പൂക്കൾ പൂജയ്ക്ക് വയ്ക്കുമ്പോൾ, സ്ത്രീകൾ തലയിൽ ചൂടുമ്പോൾ, സ്നേഹത്തോടെ ആൾക്കാർ തലോടുമ്പോൾ, കൗതുകത്തോടെ നോക്കുമ്പോൾ, അതിന് വളവും വെള്ളവും കൊടുക്കുമ്പോൾ ഞങ്ങളുടെ മനസ്സ് ഉരുകുന്നു. ഹൃദയം നോവുന്നു."

കല്യാണിയുടെ കണ്ണുകൾ നിറഞ്ഞു. പരിസരബോധമില്ലാതെ കരഞ്ഞുപോയി. അവളുടെ അനുഭവങ്ങളാണോ ഈ ചെടികൾ പറയുന്നത്. സുന്ദരിയാണവൾ. ചുരുണ്ടു നീണ്ട മുടി. ഭംഗിയുള്ള കണ്ണുകൾ. കവിളിൽ നുണക്കുഴി. നല്ല ശരീരഘടന. എല്ലാം ഉണ്ടായിട്ടും ആരും അടുക്കുന്നില്ല. ഒരു ഉമ്മ പോലും ആരും നല്കുന്നില്ല. ആരും ഒപ്പം ഇരുത്തുന്നില്ല. ഭക്ഷണം കഴിക്കാൻ പാത്രം വേറെ, കുളിക്കാൻ കുളിമുറി വേറെ. സ്വന്തം എന്നു പറയുന്നവർപോലും അവളെ അടുക്കാൻ ഭയക്കുന്നു. അവൾ എന്തുതെറ്റുചെയ്തു? ഒരു ആശുപത്രിയിലെ ശ്രദ്ധക്കുറവ് കാരണം എയ്ഡ്സ് എന്ന രോഗം അവളെ ഇന്ന് നിത്യകല്യാണിയാക്കിയിരിക്കുന്നു. അവളുടെ കണ്ണുനീർ പൂക്കളിൽ വീണു. അത് ഉതിർന്നു നിലംപതിച്ചു. അവൾ പ്രാർത്ഥിച്ചു. ഈശ്വരാ ഈ പൂക്കളെപ്പോലെ എത്രയും വേഗം ഈ ലോകത്തുനിന്ന് വിളിക്കൂ.

■കഥ

# പരാതി



**ചന്തിരൂർ താഹ**
**9567723235, 9846388422**

**വി**വാദങ്ങളുണ്ടാകണം. പത്രത്താളുകളിലും, ടിവിക്കുള്ളിലും നിറഞ്ഞുനിൽക്കണം. അതവന്റെ ആഗ്രഹമായിരുന്നു. അതിനെന്ത് വഴി ആലോചിച്ചാലോചിച്ചങ്ങനെ നടന്നു. ചിന്തകളങ്ങനെ പിന്നേയും കാടുകയറി. അപ്പോഴതാ ഇലഞ്ഞിപ്പൂവിന്റെ മണവുമായി അവൾ. എന്നെ അവൾക്കൊട്ടും ഇഷ്ടമല്ലാ എനിക്കതറിയാം. എന്റെ നടവഴികളൊക്കെ ചിലപ്പോഴവൾ കൊട്ടിയടച്ച് പലപ്പോഴുമവൾ മാറിനടക്കും. പിന്നെ കോക്രി കാട്ടി, നാക്കുനീട്ടിക്കാണിച്ച് ഷീ... പോടാ വായി നോക്കി എന്നൊക്കെ പറഞ്ഞവൾ ദൂരെ മാറിപ്പോകും.

ഇതുനല്ല അവസരം. അവൻ ചുറ്റിനും നോക്കി. വഴിയിലെങ്ങും ആരുമില്ല. കാറ്റുപോലും മാറിപ്പന്നോ എന്നൊരു തോന്നൽ. കരിയിലകൾ നിശബ്ദമായി. പിന്നെ ഒന്നും ആലോചിച്ചില്ല. അവളെയങ്ങ് കയറിപ്പിടിച്ചു. തെരുവിലൂടെ വലിച്ചിഴച്ചു. പിന്നെ പൊന്തക്കാടിന്റെ മറവിലേക്ക് കൊണ്ടുചെന്ന് ഞാൻ...!

നാണം വന്ന കാറ്റും, കരിയിലയും പറന്നുപൊങ്ങി എവിടേക്കോ സ്ഥലംവിട്ടു. അടുത്തദിവസം, വീട്ടിലിരുന്ന് ഞാൻ കാതോർത്തു. അടുത്ത ദിവസം, വീട്ടിലിരുന്ന് ഞാൻ കാതോർത്തു. ഒരു ഇടിമുഴക്കം... പിന്നെ ആകാശത്തിലേക്കുയരുന്ന അനേകം കൈകൾ. കാറ്റിൽ കരഞ്ഞാടുന്ന ചുവന്ന കൊടികൾ. ഇല്ല, ഒന്നും ഉണ്ടായില്ല... ആഴ്ചകൾ അങ്ങനെ വീണ്ടും... അതിശയം... അവളതാരോടും പരാതിപ്പെട്ടില്ല.



പ്രമോദ് മഞ്ചേരി
09495607393

# ഒരു തളിർക്കുളിർ

പത്താം നിലയിലെ ഫ്ളാറ്റിന്റെ ബാൽക്കണിയിൽ നിന്നും രാജി താഴേക്ക് നോക്കി. നഗരത്തിന്റെ പുതിയ അഭിമാനം, മെട്രോ ട്രെയിൻ, കൈയെത്താവുന്ന ദൂരത്തിലെന്നോണം വമ്പൻ തൂണുകൾ താങ്ങി നിർത്തുന്ന മേൽപ്പാലത്തിന്നു മുകളിലൂടെ ഒരു വലിയ തേരട്ടയെന്നപോലെ ഒഴുകി നീങ്ങുകയാണ്. പണ്ടു കുട്ടിക്കാലത്ത് കുമളിയിലെ തോട്ടത്തിൽ ചേട്ടന്റെ ഒപ്പം നടക്കുമ്പോഴായിരുന്നു കരിയുടെ നിറത്തിൽ നീളത്തിൽ വിരൽ വണ്ണത്തിലുള്ള തേരട്ടയെ കണ്ടു ഭയന്നോടാറുണ്ടായിരുന്നത്. ഓറഞ്ചു നിറത്തിൽ കൊമ്പുകളും പാർശ്വത്തിൽ ചുകന്ന പുള്ളികളും ഉള്ള ഒരുതരം പഴുതാരകളെ ആയിരുന്നു ചേട്ടനു പേടി, അവറ്റയ്ക്ക് വിഷമുണ്ടായിരുന്നത്രേ ! അതിലും വലിയ വിഷസർപ്പത്തിന്റെ കടിയേറ്റായിരുന്നല്ലോ അന്ത്യം ?!

മനുഷ്യർ, സ്വഭാവം പ്രവചിക്കാനാവാത്തവർ ആയതുകൊണ്ട് ഞാൻ കാട്ടിലേക്ക് പോവുകയാണെന്ന് ഫോണിൽ വിളിച്ചുപറഞ്ഞു. സത്യത്തിൽ സർക്കാരിന്ന് വേണ്ടിയുള്ള ഏതോ ഒരു പ്രൊജക്റ്റ്... അതായിരുന്നു വനശാസ്ത്രജ്ഞന്റെ ലക്ഷ്യം. ബനാരസ്സിലെ ബിസ്മില്ലാ ഖാന്റെ ഷഹനായിവാദനം പഠന വിഷയമാക്കി റിസർച്ചിലായിരുന്നു താനെന്നാണോർമ്മ. ദില്ലിയിലെ സമ്മേളനങ്ങൾക്കിടയിൽ എപ്പൊഴോ ആ വാർത്ത കേട്ട് നാട്ടിലേക്ക് തിരിക്കുകയാണുണ്ടായത്. കാട്ടിലെ ശാസ്ത്രജ്ഞന്റെ കടന്നുകയറ്റം ഇഷ്ടപ്പെടാതെ ഒരു രാജവെമ്പാല ചേട്ടനെ കടിച്ചത്രേ, മരണത്തിലേക്ക് വഴുതി വീഴുമ്പോഴും അയാൾ പറയുന്നുണ്ടായിരുന്നത്രെ, "ഷീ വാസ് നോട്ട് അറ്റ് ഫാൾട്ട്, അവളൊരമ്മ ആയിരുന്നു. ഐ എന്റേർഡ് ഇന്റു ഹേർ നെസ്റ്റ്."

ചേട്ടനെന്നും വിഷമുള്ളവർ പണിത കൂടുകളിലേക്ക് കയറുന്ന സ്വഭാവം ഉണ്ടായിരുന്നുവോ ? കുമളിയിലെ തോട്ടങ്ങൾ എല്ലാം തൊഴിലാളി സമരങ്ങളും കയ്യേറ്റവുമായി നശിച്ചതെങ്ങിനെ ? ആ നേതാക്കന്മാരൊക്കെ ഇന്ന് മന്ത്രിമാരായും വൻകിട മുതലാളിമാരായും വിലസുന്നതെങ്ങിനെ ? സമ്പത്തിനുപരി വെറും ബന്ധങ്ങൾക്കുമാത്രം വിലകൊടുത്തിരുന്ന ചേട്ടൻ ! ചേട്ടൻ പോയതോടെ താനും ജീവിതം മറന്നു, ഇനിയൊരു സ്നേഹത്തിനിടം കൊടുക്കാൻ സ്ഥാനമില്ലാത്തതിനാലാകാം വിവാഹമുണ്ടായില്ല, ആരേയും സ്നേഹിക്കാൻ തോന്നിയില്ല താനും. സാധാരണ സാഹിത്യ ഭാഷയിൽ നഷ്ട കണക്കുകൾ അയവിറക്കാനൊരു ജന്മം ! ഓർത്തപ്പോൾ ചിരി വന്നു, ചേട്ടൻ പറയാറുണ്ടായിരുന്നു, "ജീവിതം മുഴുവൻ കണക്കുകൂട്ടി സീറോ ബാലൻസുമായി ചത്തുപോകുമ്പോൾ ഒരു മനുഷ്യന്ന് എത്ര ദുഃഖം ഉണ്ടാകും ? കേട്ടിട്ടില്ലേ മരണാസന്നനായ ഒരാൾ ആദ്യം ചിരിക്കും പിന്നെ കരയും. ആദ്യത്തേത് താൻ കാട്ടിയ നോൺസെൻസോർത്ത്, പിന്നെ നഷ്ടപ്പെട്ട ജീവിതമോർത്ത്... നീ കാട്ടിൽ വന്നു നോക്കണം മോളെ, ഒരു പൂവിരിയുന്ന സൗന്ദര്യം കാണണം, ചാറ്റൽ മഴക്കു കയറി നില്ക്കുന്ന ലതാപടലങ്ങൾക്കിടയിലൂടെ, വീശുന്ന തണുത്ത കാറ്റിന്റെ കുളിരറിയണം. ജീവിതാവസാനം വരെ ഒരു പുൽക്കുടിലൊരുക്കി അല്പം ചെടികൾ വളർത്തി പ്രകൃതിയോടിണങ്ങി അങ്ങനെ... അങ്ങനെ..."

ആ സ്വപ്ന ചിത്രീകരണം കവിളിലൂടെ കണ്ണീരായി പരിസരബോധം ഉണർത്തി. ബാൽക്കണിയുടെ ഒരറ്റത്തായി വളർത്തിയ ചെടികൾ വീക്ഷിച്ചു, അന്നമ്മയാണ് മണ്ണ് കൊണ്ടുവന്നുതന്നത്. തന്നെ വീട്ടുജോലികളിൽ സഹായിക്കാനവർ വന്നത്. പിന്നെ കൃഷിപ്പണിയിലും.

ഒരു ദിവസം അവർ ആരാഞ്ഞു "രാജകുടുംബത്തിലെ ആളാണെന്നു കേട്ട്... തോട്ടങ്ങളൊക്കെ ഇല്ലാർന്നോ?"

"അന്നാമ്മേ, അതൊക്കെ യഥാർത്ഥ അവകാശികൾക്കും കയ്യേറ്റക്കാർക്കും എഴുതിക്കൊടുത്തു!"

"അതാരാ..." അന്നാമ്മ വാപൊളിക്കുന്നു. ആ ഭാവം കണ്ടു ചിരി വന്നെങ്കിലും പറഞ്ഞു, "പക്ഷികളും മൃഗങ്ങളും പിന്നെ ദുരാഗ്രഹികളായ കുറേ മനുഷ്യരും !"

അന്നുനട്ട മുന്തിരി വള്ളികൾ വളർന്നു ബാൽക്കണിയെ ഒരു പുൽക്കുടിൽ ആക്കി മാറ്റിയിരിക്കുന്നു. ഓരോ വള്ളികളും പരിചരിക്കുന്നതിനിടയിൽ സായന്തനത്തിന്റെ ചൂടാറ്റാനായി ഒരു വേനൽ മഴ... പത്താം നിലയിലേക്ക് ചെരിഞ്ഞുവീഴുന്ന മഴത്തുള്ളികളെ നയിക്കുന്ന ഒരു ചെറുകാറ്റ് മുഖത്തേക്ക് പാറി വീണ ഒരു മുന്തിരി തളിരിന്റെ കുളിരിലെവിടെയോ സ്നേഹം മാത്രം കൈമുതലായ ഒരു കൂടപ്പിറപ്പിന്റെ സാന്ത്വന സ്പർശത്തിന്റെ സുഖം... ദേഹമാസകലം പടരുന്ന ഒരു തളിർക്കുളിർ... ഒരു സ്വപ്ന വിവരണം പോലെ. ●

നിങ്ങളുടെ പുസ്തകങ്ങൾ

**ഏറ്റവും കുറഞ്ഞ ചിലവിൽ**

**ഉന്നത നിലവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ**

**ഏക തത്വ പബ്ലിക്കേഷൻ**
പാലക്കാട് –1

മൊബൈൽ : 9446443321, 9387118131

തവണകളായും പണമടയ്ക്കാം.




## അക്കാദമിക മികവുകൾ അക്കമിട്ട് നിരത്തി

# പാലക്കാട് ഗവ. മോയൻ എൽ. പി. സ്കൂൾ

# മികവുത്സവം

**റിപ്പോർട്ട് : സജി മാഷ്**

**8547879595**

**പാ**ലക്കാട് ഗവ. മോയൽ എൽ. പി. സ്കൂളിലെ കുട്ടികൾ വിവിധ ക്ലാസുകളിൽ നേടേണ്ട ശേഷികൾ നേടിയിട്ടുണ്ട് എന്ന് പൊതുസമൂഹത്തിന് ബോധ്യപ്പെടുത്തുന്നതായിരുന്നു മികവുത്സവം. 2018 ഏപ്രിൽ 11ന് കൽപ്പാത്തി ചാത്തപ്പുരത്ത് പാലക്കാട് നഗരസഭ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ദിവ്യ ഉദ്ഘാടനം ചെയ്തു. അയ്യപുരം വെസ്റ്റ് കൗൺസിലർ വി. സി. സൗമിനി, കൽപ്പാത്തി കൗൺസിലർ ശരവണൻ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ജയപ്രകാശ്, ബി. ആർ. സി. പരിശീലകൻ ബാലഗോപാലൻ, പ്രധാനാദ്ധ്യാപിക കെ. മണിയമ്മ, പി. ടി. എ. പ്രസിഡണ്ട് സി. അജിത്കുമാർ, ബീനാഭായ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

ഒട്ടേറെ മികവുകൾ സ്കൂളിന് പറയാനുണ്ടെങ്കിലും ഓരോ ക്ലാസും അവരുടെ ഏറ്റവും നല്ല മികവാണ് അവതരിപ്പിച്ചത്.

ഒന്നാം ക്ലാസിലെ അധ്യാപകർക്ക് അഭിമാനപൂർവ്വം പറയാനുള്ളത് ഞങ്ങളുടെ എല്ലാ വിദ്യാർത്ഥികളും മലയാളം, ഇംഗ്ലീഷ് ഭാഷകൾ തെറ്റ് കൂടാതെ നന്നായി വായിക്കും എന്നതാണ്. രണ്ടാം ക്ലാസ് അധ്യാപകരാകട്ടെ ഞങ്ങളുടെ കുട്ടികൾക്ക് പാഠപുസ്തകവായനക്ക് പുറമെ ലൈബ്രറിയിലെ കഥ, കവിത എന്തായാലും അത് വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കും എന്ന ഉറപ്പുണ്ട്. മൂന്നാം ക്ലാസിലെ അധ്യാപകർക്ക് തന്റെ കുട്ടികളുടെ ഗണിത മികവിനൊപ്പം പാഠഭാഗങ്ങളെ ദൃശ്യാവിഷ്ക്കരിക്കാൻ കഴിയുമെന്ന് തെളിയിക്കും. നാലാം ക്ലാസുകാരുടെ ഇംഗ്ലീഷ് പ്രാഗൽഭ്യം തെളിയിക്കുന്നതിനൊപ്പം ഒരു വ്യവഹാര രൂപത്തെ മറ്റൊരു വ്യവഹാരരൂപമാക്കി മാറ്റിക്കൊണ്ട് ആസ്വാദനത്തിന്റേയും ആശയഗ്രഹണത്തിന്റേയും തലം മെച്ചപ്പെടുത്തി പഠനം അനുഭവമാക്കുന്ന പ്രവർത്തനങ്ങൾക്കാണ് അധ്യാപകർ ഊന്നൽ നൽകുന്നത്. വർഷങ്ങളായി അറബി കലോൽസവത്തിൽ ജില്ലയിൽ ഒന്നാം സ്ഥാനം നേടുന്ന കുട്ടികൾക്ക് അറബിയിലെ ഏത് വ്യവഹാരരൂപവും വഴങ്ങുമെന്ന് അറബി അധ്യാപകരും തെളിയിക്കുന്നു. പാട്ടും നൃത്തവും സ്പോർട്സും പ്രവൃത്തിപരിചയ ഉത്പന്നങ്ങളും അകമ്പടിയായി ഇവർക്കൊപ്പം ചേർന്നപ്പോൾ മികവുത്സവം ശരിക്കും അക്കാദമിക മികവുത്സവം തന്നെയായി.

ഓരോ ക്ലാസുകാരും തങ്ങൾ അവകാശപ്പെടുന്ന മികവുകളുടെ പ്രകടനമാണ് മോയൻ എൽ. പി. യുടെ മികവുത്സവത്തിൽ നടന്നത്. ഹെഡ്മിസ്ട്രസ്സ് ശ്രീമതി. മണിയമ്മ ടീച്ചറുടെ നേതൃത്വത്തിൽ അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ജനപ്രതിനിധികളും ചേർന്ന് പൊതുജനപങ്കാളിത്തത്തോടെ നടത്തിയ മികവുത്സവം വൻ വിജയമായിരുന്നു.

പഠനച്ചിലവും പാഴ്ച്ചിലവുമില്ലാതെ പൊതുവിദ്യാലയങ്ങളിലൂടെ മികച്ച വിദ്യാഭ്യാസം ലഭ്യമാകുമ്പോൾ പുറംമോടിയിൽ മാത്രം ആകൃഷ്ടരായി എന്തോ വെട്ടിപ്പിടിക്കാനെന്ന പോലെ സ്വകാര്യവിദ്യാലയങ്ങൾ തേടിപ്പോകുന്ന രക്ഷിതാക്കൾ ഒരിക്കൽ സർക്കാർ വിദ്യാലയങ്ങളിൽ അഡ്മിഷൻ ലഭിക്കാത്തതുകൊണ്ടുമാത്രം പോകേണ്ടുന്ന അവസ്ഥ വിദൂരമല്ല. സാങ്കേതിക മികവും അക്കാദമിക മികവും തിരിച്ചറിഞ്ഞ രക്ഷിതാക്കളുടെ മനസ്സിൽ അന്ന് മുഴങ്ങിക്കേട്ട പാട്ടിന്റെ വരികൾ ഉണ്ടാകും തീർച്ച.

*വാക്കുകൾ വിത്തായി*
*വിളയിക്കുവാൻ വേണം*
*വിദ്യാലയം പൊതുവിദ്യാലയം.*



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001




**പാലക്കാട്**: 2018 ഏപ്രിൽ 7ന് 4 മണിക്ക് പാലക്കാട് ജില്ലാ ലൈബ്രറി, മറിയുമ്മ ഹാളിൽ ശ്രീമതി. തുളസി കേരളശ്ശേരിയുടെ കഥകൾ 'ആടും അങ്ങാടിവാണിഭവും' എന്ന പുസ്തകത്തിന്റെ പ്രകാശനം പ്രിയ കഥാകൃത്ത് ശ്രീ. മുണ്ടൂർ സേതുമാധവൻ നിർവ്വഹിച്ചു. പ്രമുഖ സാഹിത്യകാരൻ ശ്രീ. പായിപ്ര രാധാകൃഷ്ണൻ പുസ്തകം ഏറ്റുവാങ്ങി. ശ്രീ. ടി. ആർ. അജയൻ അദ്ധ്യക്ഷത വഹിച്ചു.



**കാളികാവ്**: ഏപ്രിൽ 1ന്, 3 മണിക്ക് ആമപ്പൊയിൽ ജി. എൽ. പി. സ്കൂളിൽ വെച്ച് ശ്രീ. രജീഷ് കാളികാവിന്റെ 'വേനലിന്റെ വഴി' എന്ന കവിതാസമാഹാരത്തിന്റെ പ്രകാശനം ശ്രീ. പി. സുരേന്ദ്രൻ ശ്രീ. വി. പി. ഷൗക്കത്തലിയ്ക്ക് നല്കിക്കൊണ്ട് നിർവ്വഹിച്ചു.





പാലക്കാട് ഗവ. മോയൻ എൽ. പി. സ്കൂളിലെ കുട്ടികൾ വിവിധ ക്ലാസുകളിൽ നേടേണ്ട ശേഷികൾ നേടിയിട്ടുണ്ട് എന്ന് പൊതുസമൂഹത്തിന് ബോധ്യപ്പെടുത്തുന്നതായിരുന്നു മികവുത്സവം. 2018 ഏപ്രിൽ 11ന് കൽപ്പാത്തി ചാത്തപ്പുരത്ത് പാലക്കാട് നഗരസഭ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ദിവ്യ ഉദ്ഘാടനം ചെയ്തു. അയ്യപുരം വെസ്റ്റ് കൗൺസിലർ വി. സി. സൗമിനി, കൽപ്പാത്തി കൗൺസിലർ ശരവണൻ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ജയപ്രകാശ്, ബി. ആർ. സി. പരിശീലകൻ ബാലഗോപാലൻ, പ്രധാനാദ്ധ്യാപിക കെ. മണിയമ്മ, പി. ടി. എ. പ്രസിഡണ്ട് സി. അജിത്കുമാർ, ബീനാഭായ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

Published on 15/04/2018, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 8 Issue 6, May 2018, Rs.15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM


## Kitchens/bedrooms/interiors


Sensible design solutions
Fully customized Kitchens & Wardrobes
Hand-picked raw materials
German hardware & accessories
More than 150 shades & textures to choose from
Solutions for every budget
A total interior solutions



KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime




















Lovics | Sleepwell MATTRESSES PILLOWS CUSHIONS | Peps | RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com